Reg: No. M. 2689
T. 32.

License No: 427
Dated 14-8-1943.

# മലയാളരാജ്യം

പുസ്തകം ൨൦
പേജ് ൧൨

കൊല്ലം ൧൯൪൮ മാർച്ച് ൨൨-ാംനു
൧൧൨൩ മീനം ൧൧-ാംനു തിങ്കളാഴ്ച

ലക്കം ൨൫
ഒറ്റപ്രതി അണ ൨

# നമ്മുടെ പ്രധാനമന്ത്രി

തിരുവിതാംകൂറിലെ ഭരണസാരഥ്യം ദിവാൻ എന്ന പേരിൽ ആരംഭിച്ചതു ഒരു മലയാളിയുടെ കാലത്താണ്, ഒരു മലയാളിയുടെ നാമത്തോടു സംഘടിച്ചാണ്. ആ പാരമ്പര്യം ഒരു മലയാളിയുടെ കാലത്തുതന്നെ നിലച്ചതു് വിസ്മാപകമായിരിക്കുന്നു.

നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഈ പരിവർത്തനഘട്ടത്തിൽ മന്ത്രാലോചനമഹാമണ്ഡലത്തിലേക്കു നിയുക്തനായിരിക്കുന്ന ആദ്യത്തെ പ്രധാനമന്ത്രി ഒരു മലയാളിയായതു് ചരിത്രം ആവർത്തിക്കപ്പെടുന്നുള്ളതിന്റെ സംസ്ഫുടോദാഹരണമായിരിക്കുന്നു. ഈ ആവർത്തനചരിത്രത്തിൽ പ്രത്യേകമായ അഭിമാനപ്രേരണയല്ലാ ഈ സംസ്മരണയ്ക്കു ഇടവരുത്തിയതെന്നുള്ള കാര്യം വ്യക്തമാക്കേണ്ടതുണ്ടു്. എന്തെന്നാൽ പൊതുജനരംഗത്തു വർഗ്ഗീയതയുടെ നിഴലാട്ടം നിശ്ശേഷം വിട്ടുകഴിഞ്ഞിട്ടില്ലാത്ത ഒരു പരിതഃസ്ഥിതി നമുക്കുണ്ടെന്നുള്ള പ്രതിബോധംതന്നെ ഏതു സത്യസ്ഥിതിയേയും ആ പ്രത്യേക കണ്ണട ഉപയോഗിച്ചുതന്നെ ചിലർ നോക്കിപ്പോകാറുണ്ടു്.

ശ്രീ: പട്ടത്തിനെസംബന്ധിച്ചാണെങ്കിൽ അദ്ദേഹത്തിനു ഇപ്പോൾ ലഭിച്ചിരിക്കുന്ന ഈ മന്ത്രിസ്ഥാനം കഴിഞ്ഞൊരുകാലത്തിനു മുൻപുതന്നെ തിരുവിതാംകൂർ ജനത സർവ്വാത്മനാ സമ്മതിദാനം ചെയ്തുകഴിഞ്ഞിട്ടുള്ളതാണ്. ജനഹിതത്തെ അനുവദിക്കുന്നതിൽ എപ്പോഴും ജാഗ്രകത പ്രദർശിപ്പിക്കാറുള്ള മഹാരാജാവുതിരുമനസ്സുകൊണ്ടു മന്ത്രിഖഡ്ഗത്തിന്റെ കൈമാററത്തിൽ ആ തത്വംകൂടി പ്രശസ്തമായി ആവർത്തിച്ചു.

തിരുവിതാംകൂറിലെ രാഷ്ട്രീയനഭോന്തരീക്ഷത്തിൽ അനുക്ഷണം ഉയർന്നുകൊണ്ടിരിക്കുകയായിരുന്നു ശ്രീ. പട്ടം. അക്കാരണത്താൽ അദ്ദേഹത്തെപ്പോലെ ബഹുജനശ്രദ്ധയെ ആവർജ്ജിക്കാൻ മററൊരു നേതാവിനും കഴിഞ്ഞിരുന്നില്ല. മി: പട്ടത്തിനു നേടുവാൻകഴിഞ്ഞ ഈ വ്യക്തിവൈശിഷ്ട്യത്തെ പരിശോധിക്കേണ്ട സന്ദർഭം ഇതല്ലെങ്കിലും അതു ഒന്നു പരിചയപ്പെട്ടിരിക്കേണ്ടതു ഈ സന്ദർഭത്തിൽ ആവശ്യമാണ്.

ശ്രീ: പട്ടത്തിന്റെ കുടുംബം ഉൽകൃഷ്ടമായ പ്രതാപൈശ്വര്യങ്ങളാൽ പ്രകീർത്തിതമായതല്ല. തിരുവനന്തപുരത്തു മാന്യമായ ഒരു നായർകുടുംബത്തിൽ ൧൦൬൧-ൽ ഭൂജാതനായി. ൧൦൮൪-ൽ ബി. എ. പാസായി കൃഷിഡിപ്പാർട്ടുമെന്റിൽ ഉദ്യോഗം സ്വീകരിച്ചു. പക്ഷെ ഏതാനും മാസങ്ങൾക്കുള്ളിൽ ആ ഉദ്യോഗം രാജികൊടുക്കുകയാണുണ്ടായതു്. ദിവാൻ മി: രാഘവയ്യായുടെകാലത്തു ആ നിഷ്ഠുരഹൃദയൻ നടത്തിയ വിദ്യാർത്ഥിവേട്ടക്കാലത്തു ശ്രീ: പട്ടം ആദ്യമായി പൊതുജന രംഗത്തിറങ്ങി. അന്നത്തെ ഗവണ്മെന്റിനെതിരായി വിദ്യാർത്ഥികളുടെ ഭാഗം കേസുനടത്തുകയും തിരുവനന്തപുരം മുനിസിപ്പാലിററിയിലുണ്ടായിരുന്ന തന്റെ സ്ഥാനം രാജികൊടുക്കുകയും ചെയ്തു അന്നത്തെ അദ്ദേഹത്തിന്റെ ധീരമായ പ്രവൃത്തികളായിരുന്നു. ആ ത്യാഗവാസന വികസ്വരമാകുവാനുള്ള ആ ഹൃദയകുസുമത്തിന്റെ പ്രാഥമികാനുഭൂതിയായിരുന്നു. ശ്രീ പട്ടം അന്നുമുതൽ ഇന്നുവരെയും ജനപക്ഷത്തലയ്ക്കൽ ഉഗ്രവ്രതനായിത്തന്നെ നിലനിന്നുവരുന്നു.

൧൦൯൮-ൽ തിരുവനന്തപുരം നഗരത്തിൽനിന്നു ലജിസ്ലേററിവ് കൗൺസിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരുന്ന ശ്രീ: പട്ടത്തിന്റെ കൗൺസിൽ ജീവിതകാലഘട്ടത്തിൽ ഗവണ്മെന്റിനു ജനപക്ഷത്തുനിന്നു ശക്തിയായ എതിർപ്പിന്റെസ്വാദനുഭവപ്പെടുത്തി. ഒട്ടധികം സെലക്ട് കമ്മിററികളിലും വർക്കിംഗ്കമ്മിററികളിലും സജീവമായി പങ്കുവഹിച്ചിട്ടുള്ള ഇദ്ദേഹം തന്റെ പ്രായോഗികവിദഗ്ദ്ധതയെ ആ അവസരങ്ങളിലെല്ലാം പ്രകടമായി ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടു്. രണ്ടുപ്രാവശ്യം നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെടുകയും



൧൦-കൊല്ലത്തെ പഴക്കവും തഴക്കവും കൊണ്ടു് ജനപ്രഭുത്വഭരണവിദഗ്ദ്ധതയും അദ്ദേഹത്തിനു് നേടാൻ കഴിയുകയുംചെയ്തു.

൧൧൧൪-ൽ ഉത്തരവാദഭരണത്തിനു് തിരുവിതാംകൂറിൽ ആരംഭിച്ച സ്റേറ്റ് കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായി ശ്രീ: പട്ടം വരിക്കപ്പെട്ടതോടുകൂടി അദ്ദേഹത്തിനെ അമർച്ച വരുത്താനുള്ള നടപടികൾ എടുക്കുകയും അതിനെ സഹിക്കുകയും വേണ്ടതായിവന്നു. ദുർജ്ജയവിക്രമനായ സർ സീ. പി യുടെ ചതുരുപായവലയങ്ങളെയും ഭേദിച്ചു ആ മഹാരഥൻ ഒടുവിൽ ഗത്യന്തരമില്ലാതെ നാടുവിട്ടോടേണ്ടിവന്ന സംഭവബഹുലമായ കഥകളിൽ ശ്രീ: പട്ടത്തിനെ ധീരോദാത്തനായകനെന്നു [illegible] തപത്തോടുകൂടി കീർത്തിക്കപ്പെടേണ്ടതാണു്.

മഹാത്മജിയെ ത്രിവിധകരണങ്ങൾകൊണ്ടു ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഈ ദേശാഭിമാനി അഹിംസാവ്രതത്തിന്റെ ഒരു നൂതനപ്രവാചകൻതന്നെയാണു്. അക്രമരാഹിത്യത്തിലുള്ള വിശ്വാസം അടിയുറച്ചതാണെങ്കിലും സത്യത്തിന്റെമേലുള്ള കയ്യേററം പലപ്പോഴും ഇദ്ദേഹത്തെ പ്രക്ഷുബ്ധനാക്കിക്കളയുന്നു. അതൊരു നയക്കുറവാണെന്നു് സ്വപക്ഷീയർക്കുതന്നെയും അഭിപ്രായമുണ്ടു്. ശുദ്ധമനസ്കന്മാർക്കുള്ള ഉഗ്രകോപം ഒരു രാഷ്ട്രനേതാവിനു അനുവദനീയമല്ലെന്നുപറയുന്നവരുമുണ്ടാകാം.

ശ്രീ. പട്ടത്തിന്റെ ഹൃദയം തുറന്ന അഭിപ്രായം പലരേയും രസിപ്പിച്ചില്ലെന്നുവരാം. ആത്മാർത്ഥതയുടെ വെളിച്ചത്തിൽക്കൂടിയല്ലാതെ അതു പ്രകാശിക്കയില്ലെന്നുള്ളതാണു് അതിന്റെവിശേഷം. അചഞ്ചലമായ ആത്മസ്ഥൈര്യത്തോടുകൂടി ഉത്തരവാദഭരണത്തിനു നിലകൊണ്ടു അതിൽവച്ചുണ്ടായ അനവധി ക്ലേശങ്ങളിൽ പരാജിതനാകാതെ ആ പ്രക്ഷോഭണം ലക്ഷ്യപ്രാപ്തിയിലെത്തിച്ചു മന്ത്രിപദത്തിൽ പ്രവേശിച്ചുകി

## അയിത്രൂർ

ഞ്ഞിരിക്കുന്ന നമ്മുടെ പ്രധാനമന്ത്രിക്കും അദ്ദേഹത്തിന്റെ വാമദക്ഷിണനയനങ്ങളെന്നോണം സഹകരിക്കുന്ന — ഉപകരിച്ചുകൊണ്ടിരിക്കുന്ന — ബഹുമാനപ്പെട്ട ടി. എം., സി. കേശവൻ എന്ന സഹമന്ത്രിമാർക്കും സ്വാഗതം പറയേണ്ടുന്ന സന്ദർഭം ഇതാണല്ലൊ.

—o—

## ആശംസ

—o—

പാലാ നാരായണൻനായർ

വട്ടംകൂട്ടീരുളതിൽ കലിയുടെകടലും
കോളുകൊണ്ടൊന്നമർന്നു
വെള്ളംനീളെപ്പരന്നു കരയിലണയുവാൻ
വഞ്ചി രോമാഞ്ചമാർന്നു
മിട്ടംപൊട്ടിപ്പുലർന്നു പറവകളുമിളം,
നവ്യസ്വാതന്ത്ര്യരാഗം
പട്ടാനീട്ടപ്പാത്രത്തിൽ രസികസഹജരേ!
സൗമ്യമാം മാസകാലത്തിൽ!!

—o—

# ഗീതാധർമ്മം കർമ്മയോഗംതന്നെ

എൻ. ഗോവിന്ദപ്പണിക്കർ റിട്ട: അസിസ്റ്റന്റുപ്രൊഫസ്സർ

### ഉത്തരഭാഗം

൧. ഇതേവരെയുള്ള പൂർവ്വഭാഗത്തിൽ ശ്രീമൽ ഭഗവൽഗീത കർമ്മയോഗത്തെ പ്രതിപാദിക്കുന്നു എന്നും ആ കർമ്മയോഗം സന്ന്യാസമാർഗ്ഗത്തിന്റെ പൂർവ്വാംഗമല്ലെന്നും അതു് ജ്ഞാനപ്രാപ്തിക്കുശേഷവും അതിനുമുമ്പിലത്തെപ്പോലെ കർമ്മം ചെയ്തുകൊണ്ടിരിക്കുന്ന മാർഗ്ഗമാണെന്നും ജ്ഞാനപ്രാപ്തിക്കുശേഷം കർമ്മമുപേക്ഷിക്കുന്നതാണു് സന്ന്യാസം. അഥവാ ജ്ഞാന (സാംഖ്യ) മാർഗ്ഗമെന്ന ആ കർമ്മയോഗവും സാംഖ്യവും രണ്ടും സ്വതന്ത്രവും സമം മോക്ഷപ്രദവുമാണെന്നും എങ്കിലും കർമ്മയോഗം കർമ്മസന്ന്യാസത്തേക്കാൾ വൈശിഷ്ട്യമേറിയതാണെന്നു് ഗീതയുടെ നിശ്ചിതമായ അഭിപ്രായമാണെന്നും തെളിയിക്കപ്പെട്ടിട്ടുണ്ടു്. ഇനിയും പരിശോധിക്കേണ്ടതു് ഗീതയിലെ കർമ്മയോഗത്തിന്റെ പൂർണ്ണമായ സ്വരൂപമെന്താണെന്നാണു്. ഭഗവൽഗീതയിലെ വിഷയപ്രതിപാദനം ശാസ്ത്രീയമാണെങ്കിലും അതു് ശാസ്ത്രീയരീതിയിലല്ലാതെ പൗരാണികം അഥവാ സംവാദരീതിയിലായതുകൊണ്ടു ഇതിലേക്കു് ഗീതയിലെ അദ്ധ്യായങ്ങളിലെ വിഷയബന്ധത്തെ ഒരു വിഹഗവീക്ഷണംചെയ്തു വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. (അദ്ധ്യായം ൧) കൗരവ-പാണ്ഡവസൈന്യങ്ങൾ യുദ്ധസന്നദ്ധരായി കുരുക്ഷേത്രരണാങ്കണത്തിൽ നിൽക്കുമ്പോൾ അർജ്ജുനൻ എതിർപക്ഷത്തിൽ തന്റെ ഗുരുബന്ധുസജ്ജനങ്ങളെ കണ്ടിട്ടു് കൃപാവിഷ്ടനായി രാജ്യസുഖലാഭത്തിനുവേണ്ടിയുള്ള അവരുടെ വധവും അതിനാലുണ്ടാകുന്ന കുലനാശവുംമററും പാപഹേതുകമെന്നു വിചാരിച്ചു വിമനസ്കനായി യുദ്ധം ചെയ്കയില്ലെന്നു് തന്റെ സഖാവും തേരാളിയുമായ ശ്രീകൃഷ്ണഭഗവാനോടുപറഞ്ഞു് വില്ലുമമ്പും താഴത്തിട്ടു തേർത്തട്ടിലിരുന്നു. ഇങ്ങനെ ഗീതോപദേശത്തിനുള്ള സന്ദർഭം അർജ്ജുനവിഷാദയോഗമെന്ന ൧-ാം അദ്ധ്യായത്തിൽ ശ്രീ വേദവ്യാസൻ വർണ്ണിച്ചിട്ടുള്ളു. ഗീത മുഴുവനും ബ്രഹ്മവിദ്യയിലുൾപ്പെട്ട കർമ്മയോഗശാസ്ത്രമെന്ന ഏകവിഷയത്തെപ്പററി മാത്രമേ പ്രതിപാദിക്കുന്നുള്ളു. എങ്കിലും ഓരോ അദ്ധ്യായത്തിലും പ്രധാനമായി വർണ്ണിക്കപ്പെട്ട വിഷയം ആ കർമ്മയോഗശാസ്ത്രത്തിന്റെ ഓരോരംഗമായി ഗണിക്കപ്പെടുകയും ഓരോ അദ്ധ്യായവും മിക്കവാറും അതിലെ പ്രധാനവിഷയമനുസരിച്ചു് ഇന്ന യോഗമെന്നു് പേർപറയപ്പെടുകയും ചെയ്തിരിക്കുന്നു. ഈ യോഗങ്ങളെല്ലാം കൂട്ടിച്ചേർത്താൽ ബ്രഹ്മവിദ്യയിലെ കർമ്മയോഗശാസ്ത്രമാകയും ചെയ്യും.

൨. (അ. ൨.) ഈ വിഷമഘട്ടത്തിൽ അർജ്ജുനന്നുണ്ടായ കശ്മലം, ഹൃദയദൗർബ്ബല്യം, കർത്തവ്യമൂഢത ഇവയെ അപഹസിച്ചും ഇവയുടെ ദോഷഫലങ്ങളെ ചൂണ്ടിക്കാണിച്ചും ഇവയെ ത്യജിച്ചു് യുദ്ധംചെയ്യാനായിട്ടു എഴുന്നേൽക്കുവാൻ അനുശാസിച്ചുമുള്ള ശ്രീ. ഭഗവാന്റെ മറുപടിയോടുകൂടി ൨-ാമദ്ധ്യായം ആരംഭിക്കുന്നു. ഇതിനന്തരമായി ഗുരുക്കന്മാരെവധിച്ചിട്ടുണ്ടാകുന്ന 'രുധിരപ്രദിഗ്ദ്ധ'ങ്ങളായ ഭോഗങ്ങളനുഭവിക്കുന്നതിനെക്കാൾ നല്ലതു് സന്ന്യസിച്ചു ഭിക്ഷാചര്യം ചെയ്കയാണെന്നും കൗരവന്മാർ തങ്ങളെ ജയിക്കുന്നതോ അവരെ ഞങ്ങൾ ജയിക്കുന്നതോ ഏതാണു് അധികം നല്ലതെന്നറിഞ്ഞുകൂടെന്നു് കൃപണതാദോഷം നിമിത്തം ധർമ്മസമ്മൂഢചിത്തനായിരിക്കുന്ന തനിക്കു് ഏതാണു് ശ്രേയസ്കരമെന്നു് ഉപദേശിക്കണമെന്നും പറഞ്ഞു് അർജ്ജുനൻ ശ്രീ ഭഗവാനെ ശരണംപ്രാപിച്ചു. ഇങ്ങനെ ഒരു ധർമ്മോപദേശം നൽകുന്നതിനാവശ്യമായ അവസരവും അതു ഫലപ്രദമാകുന്നതിനുള്ള ശിഷ്യന്റെ ജിജ്ഞാസയും അപേക്ഷയും ഇവിടെ വിവരിക്കപ്പെട്ടു. ഇതാണു ഉപദേശത്തിനുള്ള കാരണം. അപ്പോൾ അർജ്ജുനൻ കർത്തവ്യ അഥവാ ധർമ്മാധർമ്മപ്രശ്നത്തിൽപെട്ടു സംപൂർണ്ണം നിരാശാവിഷാദങ്ങൾക്കധീനനായെന്നു കണ്ടിട്ടു്, ശ്രീഭഗവാൻ അവനു് ആദ്യമായിട്ടു് 'അശോച്യാനന്വശോചസ്ത്വം' എന്നു തുടങ്ങി ആത്മാനാത്മവിവേചനപൂർവ്വമായ സാംഖ്യമാർഗ്ഗമാകുന്ന ജ്ഞാനോപദേശമാരംഭിച്ചു. അർജ്ജുനന്റെ മനോഭാവം ജ്ഞാനിയെപ്പോലെ പ്രവർത്തിക്കണമെന്നായിരുന്നു; [illegible]ൻ കർമ്മത്യാഗത്തെ പ്രശംസിക്കുകയും ചെയ്തു. അതുകൊണ്ടു് ശ്രീഭഗവാൻജ്ഞാനികളായവരുടെ ഇടയിൽ പ്രചാരത്തിലിരുന്ന കർമ്മത്യാഗമെന്നും കർമ്മാനുഷ്ഠാനമെന്നുമുള്ള രണ്ടു മാർഗ്ഗങ്ങളുടെ അഥവാ നിഷ്ഠകളുടെ വർണ്ണനയോടുകൂടി തന്റെ ഉപദേശത്തെ ആരംഭിക്കുന്നു. അതിൽ കർമ്മത്യാഗത്തെ അടിസ്ഥാനമാക്കി അർജ്ജുനൻ പറഞ്ഞ ജ്ഞാനമാർഗ്ഗത്തെ സംബന്ധിച്ചു് സാംഖ്യബുദ്ധിയനുസരിച്ചുള്ള ജ്ഞാനം [illegible] എന്നവാക്യംവരെ ഉപദേശിക്കുന്നു. (൨-൧൧-൩൯) അതിനിടയ്ക്കുതന്നെയും ഈ ബുദ്ധിയെയും (ജ്ഞാനത്തെയും) സ്വധർമ്മത്തെയും അടിസ്ഥാനമാക്കിത്തന്നെ യുദ്ധം ചെയ്യേണ്ടതാണെന്നുപദേശിച്ചിട്ടുമുണ്ടു്. പിന്നീടു അദ്ധ്യായാവസാനംവരെ കർമ്മയോഗമനുസരിച്ചു യുദ്ധം ചെയ്കതന്നെ ശരിയായ കർത്തവ്യമെന്നു ശ്രീ ഭഗവാൻ പറയുന്നുണ്ടു്. ഇവിടെ 'സാംഖ്യ'മെന്നതു് ചിത്തശുദ്ധിക്കുവേണ്ടി വർണ്ണാശ്രമവിഹിതകർമ്മങ്ങളെ ആദ്യം നിഷ്കാമബുദ്ധ്യാ അനുഷ്ഠിച്ചു് ബ്രഹ്മാത്മൈക്യജ്ഞാനം (സാക്ഷാൽക്കാരം) സിദ്ധിച്ചതിന്റെ ശേഷം മോക്ഷപ്രാപ്തിക്കുവേണ്ടി സർവകർമ്മങ്ങളേയുമുപേക്ഷിച്ചു് സന്ന്യാസനിഷ്ഠ സ്വീകരിക്കുകയെന്നതും, 'യോഗം' (കർമ്മയോഗം) എന്നതു് അങ്ങിനെ സിദ്ധിച്ച ബ്രഹ്മാത്മൈക്യജ്ഞാനത്തിനു (സാക്ഷാൽക്കാരത്തിനു) ശേഷവും കർമ്മങ്ങളെ ത്യജിക്കാതെ ആജീവനാന്തം നിഷ്കാമവും അനാസക്തവുമായി അവയെ ചെയ്തുകൊണ്ടിരിക്കുകയെന്ന നിഷ്ഠയുമാണെന്നുമാത്രം പറഞ്ഞുകൊള്ളട്ടെ. സാംഖ്യമാർഗ്ഗത്തിലെ അദ്ധ്യാത്മജ്ഞാനമനുസരിച്ചു് ആത്മാവു് അവിനാശിയും മരണരഹിതനുമാകയാൽ ഭീഷ്മാദികളെ കൊല്ലുന്നു എന്ന ധാരണ ആരംഭത്തിൽതന്നെ തെററാണു്, എന്തെന്നാൽ ആത്മാവു കൊല്ലുകയും കൊല്ലപ്പെടുകയുമില്ല, ഒരുവൻ ജീർണ്ണവസ്ത്രംകളഞ്ഞു പുതിയവസ്ത്രം ധരിക്കുന്നതുപോലെ ആത്മാവു ജീർണ്ണദേഹത്തെ ഉപേക്ഷിച്ചു പുതിയ ഒരു ദേഹത്തെ സ്വീകരിക്കുന്നു എന്നുമാത്രമേ മനുഷ്യന്റെ ജനനമരണങ്ങൾക്കു അർത്ഥമൊള്ളു. ആ കാരണത്താൽ ആത്മാവു മരിച്ചുപോകുന്നു എന്നുവിചാരിച്ചു അതിനെപ്പററി വ്യസനിക്കുന്നതിനവകാശമില്ല. സർവ്വവ്യാപിയും അവിനാശിയും നിത്യനും അപ്രമേയനുമായ ആത്മാവു സ്വീകരിക്കുന്ന ദേഹങ്ങൾമാത്രം അവസാനമുള്ളവയാണു്. ഇങ്ങനെനോക്കുമ്പോൾ യുദ്ധംചെയ്യുന്നതിനു വിരോധമില്ല. (൨-൩൧) കൂടാതെ ശാസ്ത്രമനുസരിച്ചു പ്രാപ്തമായ ധർമ്മയുദ്ധത്തിൽനിന്നും പിൻതിരിയാതെ യുദ്ധംചെയ്കയെന്നതാണു് ക്ഷത്രിയധർമ്മം എന്നുതന്നെയുമല്ല, സ്വധർമ്മമായ യുദ്ധത്തിൽ മരിക്കുന്നതായാൽ അതുതന്നെയാണു ക്ഷത്രിയധർമ്മവും ശ്രേയസ്സും. പ്രാപ്തയുദ്ധംചെയ്യാതെ പിൻതിരിയുന്നതായാൽ ശത്രുക്കളുടെ ദൂഷണത്തിനും ദുഷ്കീർത്തിക്കും പാപത്തിനും പാത്രമാകും. ആ യുദ്ധകർമ്മത്തെ കേവലം സ്വധർമ്മം എന്നുമാത്രമുള്ള ബുദ്ധിയോടുകൂടി ചെയ്യുന്നതായാൽ യാതൊരു പാപവും ബാധിക്കയില്ല. ഇതാണു സാംഖ്യമാർഗ്ഗമനുസരിച്ചുള്ള ഉപദേശം. എന്നാൽ സാംഖ്യമാർഗ്ഗമനുസരിച്ചു ജ്ഞാനപ്രാപ്തിക്കുശേഷം കർമ്മം ത്യജിക്കയല്ലയോ കൂടുതൽ നല്ലതെന്നു സംശയം ജനിക്കുന്നു. അതായതു ഏതവസ്ഥയിലും യുദ്ധംചെയ്കതന്നെ വേണമെന്നുള്ള സുനിശ്ചിതമായ തീരുമാനം സാംഖ്യമാർഗ്ഗപ്രകാരമുള്ള തർക്കയുക്തിവാദങ്ങളാൽ സിദ്ധിക്കുന്നില്ല, അതിനാൽ ഈ സംശയനിവൃത്തിക്കുവേണ്ടി ശ്രീ ഭഗവാൻ ഉടനെ 'യോഗബുദ്ധിയെ' (കർമ്മയോഗത്തെ) ഉപദേശിക്കാനാരംഭിക്കയും അതിനെ വിസ്തരിച്ചു ഒടുവിലത്തെ അദ്ധ്യായംവരെ ഉദാഹരണസഹിതം കർമ്മംചെയ്യണമെന്നും അപ്രകാരമുള്ള കർമ്മം പാപഹേതുകമാകാതെ മുക്തിപ്രദമാണെന്നും അരുളിച്ചെയ്യുകയുംചെയ്യുന്നു. ഇവിടെ അർജ്ജുനന്റെ പ്രശ്നം യുദ്ധംപോലെയുള്ള ഘോരകർമ്മം ധർമ്മ്യവും ശ്രേയസ്കരവുമാകുമോ ഇല്ലയോ എന്നാണു. അതിനു കർമ്മയോഗത്തിന്റെ സാരതത്വം ഒരു കർമ്മം ശുഭമോ അശുഭമോ എന്നു നിർണ്ണയിക്കുന്നതിനു ആ കർമ്മത്തിന്റെ ബാഹ്യപരിണാമഫലങ്ങളെ നോക്കുന്നതിനേക്കാൾ ആ കർമ്മംചെയ്യുന്ന ആളിന്റെ വാസനാത്മകബുദ്ധി, അഥവാ വാസന (ഇച്ഛ) ശുദ്ധമോ അശുദ്ധമോ നിർമ്മലമോ മലിനമോ എന്നു ആദ്യമായി നിർണ്ണയിച്ചറിയേണ്ടിയിരിക്കുന്നു എന്നതാണു. (൨-൪൯) എന്നാൽ വാസനാത്മകബുദ്ധി നിർമ്മലമോ അല്ലയോ എന്ന ചോദ്യം അവസാനത്തിൽ വ്യവസായാത്മകബുദ്ധിയാൽ അതായതുകാര്യം വിവേചനംചെയ്യുന്ന ശുദ്ധബുദ്ധിയാൽ തീർച്ചപ്പെടുത്തേണ്ടതാകകൊണ്ടു ഈ വ്യവസായാത്മകബുദ്ധി നിർമ്മലവും സമവുമാകാതെ വാസനാത്മകബുദ്ധി നിർമ്മലവും സമവുമായിത്തീരുന്നതല്ല. അതിനാൽ വാസനാത്മകബുദ്ധിയെ നിർമ്മലമാക്കുന്നതിനു് ആദ്യമായിട്ടു് വ്യവസായാത്മകബുദ്ധി ഏകാഗ്രവും അതായതു ഏകോദ്ദേശനിഷ്ഠവും ഏക ലക്ഷ്യപരവും സ്ഥിരവുമാക്കി വിററിച്ചുകൊള്ളേണ്ടതാണു്. (൨-൪൧) സാധാരണ ജനങ്ങൾ ഭോഗസുഖാനുഭവപ്രാപ്തിക്കുള്ള സ്വാർത്ഥവാസനയെ അടിസ്ഥാനമാക്കി യജ്ഞയാഗാദികർമ്മങ്ങൾ ഫലേച്ഛയോടുകൂടി ചെയ്യുന്നു. ആ കർമ്മഫലം അനുഭവത്തിനുവേണ്ടി അവർ പുനർജ്ജന്മത്തെ പ്രാപിക്കുന്നു. അവരുടെ ബുദ്ധി പലപ്പോഴും പല സ്വാർത്ഥകാര്യസാദ്ധ്യത്തെ ഉദ്ദേശിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ അതു ഒരിക്കലും ഏകാഗ്രമാകുന്നില്ല, അതായതു പരമപദമായ മോക്ഷമെന്ന ഒരേ ലക്ഷ്യത്തിൽ തന്നെ സ്ഥിരമായി ഉറച്ചു നില്ക്കുന്നില്ല. (൨-൪൪) അതിനാൽ ശ്രീ ഭഗവാൻ ഇനിയിപ്പോൾ കർമ്മയോഗത്തിന്റെ രഹസ്യാർത്ഥത്തെ ഇപ്രകാരം ഉപദേശിക്കുന്നു. (൨-൪൭-൫൦) (ഈവിധ കാര്യങ്ങളെ ത്യജിച്ചു നിഷ്കാമബുദ്ധ്യാകർമ്മം ചെയ്ക) കർമ്മംചെയ്യേണ്ടന്നു ഒരിക്കലും വിചാരിക്കരുതു; കർമ്മംചെയ്യാൻ മാത്രമേ നിനക്കധികാരമുള്ളു; ഫലത്തിലില്ല; ഫലം ലഭിക്കുന്നതോ ലഭിക്കാതിരിക്കുന്നതോ ഒരിക്കലും നിന്റെ അധീനത്തിലല്ല; ഫലദാതാവു പരമേശ്വരനാണെന്നുറച്ചു വിശ്വാസത്തോടും ഫലം ലഭിച്ചാലും ഇല്ലെങ്കിലുമെന്നപോലെ തന്നെയെന്നു സമത്വബുദ്ധിയോടുംകൂടി കർമ്മംചെയ്യുന്നവരെ ആ കർമ്മത്തിന്റെ പുണ്യപാപഫലങ്ങൾ ബാധിക്കയില്ല; അതിനാൽ ഈ സമത്വബുദ്ധിയെ സമ്പാദിക്കുക; ബുദ്ധിയുടെ ഈ സമത്വം യോഗമെന്നു പറയപ്പെടുന്നു; അതായതു കർമ്മത്തിന്റെ പുണ്യപാപബന്ധങ്ങൾ തട്ടാത്തവിധം കർമ്മംചെയ്യുന്ന കൗശലമാണു് യോഗം; ഈ യോഗം പരിശീലിച്ചാൽ കർമ്മംചെയ്തുകൊണ്ടിരുന്നാലും മോക്ഷം ലഭിക്കും; മോക്ഷപ്രാപ്തിക്കുവേണ്ടി കർമ്മം ഉപേക്ഷിക്കേണ്ടതില്ല എന്നാണു. ഇപ്രകാരം ബുദ്ധിസമത്വം പ്രാപിച്ചവൻ സ്ഥിതപ്രജ്ഞൻ, എന്നു പറയപ്പെടുന്നു. പിന്നീടു അർജ്ജുനൻ ആവശ്യപ്പെട്ടതനുസരിച്ചു സ്ഥിതപ്രജ്ഞന്റെ ആചരണത്തെ വർണ്ണിക്കയും അവന്റെ ബുദ്ധിയുടെ അവസ്ഥ 'ബ്രാഹ്മീസ്ഥിതി' അതായതു ബ്രഹ്മത്തിൽ ലയിച്ച അവസ്ഥയെന്നു പറകയുംചെയ്യുന്നു. ചുരുക്കത്തിൽ യുദ്ധംചെയ്യാനായിട്ടും അർജ്ജുനനു ഗീതയിൽ നൽകപ്പെട്ട ഉപദേശം, ലോകത്തിൽ ജ്ഞാനികൾ സ്വീകാര്യമായിരുന്ന രണ്ടു നിഷ്ഠകളുടെ, അതായതു കർമ്മത്യാഗം. (സാംഖ്യം) കർമ്മാനുഷ്ഠാനം (യോഗം) എന്ന രണ്ടുഭാഗങ്ങളുടെ, വർണ്ണനയോടുകൂടി തുടങ്ങുകയും യുദ്ധത്തെ ആദ്യം സാംഖ്യശാസ്ത്രത്തെ അടിസ്ഥാനമാക്കി സാധൂകരിക്കുകയും എന്നാൽ ആ യുക്തിവാദം അപൂർണ്ണമെന്നുകണ്ടു കർമ്മയോഗശാസ്ത്രമാരംഭിക്കുകയും ചെയ്തിരിക്കുന്നു. ഈ കർമ്മയോഗത്തിന്റെ അല്പം ആചരണംപോലും മഹാഫലപ്രദമാണെന്നു പറഞ്ഞതിന്റെശേഷം കർമ്മയോഗമാർഗ്ഗത്തിൽ ബാഹ്യകർമ്മത്തെക്കാൾ കർമ്മത്തെ പ്രേരിപ്പിക്കുന്ന ബുദ്ധി ശ്രേഷ്ഠമെന്നു ഗണിക്കപ്പെടുന്നതുകൊണ്ടു്, സ്ഥിതപ്രജ്ഞന്റെ ബുദ്ധിയെപ്പോലെ ബുദ്ധിസമമാക്കിവെച്ചുകൊണ്ടു കർമ്മംചെയ്യുന്നതായാൽ യാതൊരു പാപവും ബാധിക്കയില്ലെന്നു പറയുന്നതുവരെ ൨-മദ്ധ്യായത്തിൽ യുക്തിവാദംകൊണ്ടു വന്നിട്ടുണ്ടു്. ഗീതയുടെ സമസ്തനിരൂപണത്തിന്റെയും മൂലം ഈ അദ്ധ്യായത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടാണു് ഇതിലെ വിഷയം കുറച്ചു വിശദമായി നിരൂപണം[illegible]പ്പെട്ടു.

൩. (അ. ൩.) കർമ്മത്തെക്കാൾ ബുദ്ധി ശ്രേഷ്ഠമെങ്കിൽ സ്ഥിതപ്രജ്ഞന്റേതുപോലെ ബുദ്ധി സമമാക്കിവച്ചാൽ മതിയാകുമല്ലോ, പിന്നെ ഈ ഘോരകർമ്മമായ യുദ്ധം ചെയ്യാനുപദേശിക്കുന്നതെന്തിനാണെന്നുള്ള അർജ്ജുനന്റെ ചോദ്യത്തോടുകൂടി ൩-ാമദ്ധ്യായം ആരംഭിക്കുന്നു. ഇതിന്റെ സാരമെന്തെന്നാൽ ബുദ്ധിസമമാക്കിയശേഷം എന്തുകൊണ്ടു ലോകവ്യവഹാരത്തെയുപേക്ഷിച്ചുകൂടാ എന്നുള്ള പ്രശ്നത്തിനു ഇതുവരെ സമാധാനം പറഞ്ഞിട്ടില്ല. ഇതിനു ശ്രീ ഭഗവാന്റെ മറുപടി ഇപ്രകാരമാണു്. സാംഖ്യന്മാർക്കു ജ്ഞാനയോഗവും കർമ്മയോഗികൾക്കു കർമ്മയോഗവുമെന്നിങ്ങനെ രണ്ടു നിഷ്ഠകളുണ്ടെന്നു മുമ്പേ പറഞ്ഞു! എന്നാൽ കർമ്മാനുഷ്ഠാനംകൂടാതെ നൈഷ്കർമ്മ്യത്തെയോ കർമ്മത്യാഗംകൊണ്ടു മാത്രംതന്നെ സിദ്ധിയെയോ പ്രാപിക്കുന്നതല്ല; എന്നുതന്നെയുമല്ല, ഒരുവനും കർമ്മത്തെ ഉപേക്ഷിക്കുവാൻ കഴിയുന്നതല്ല; സർവ്വ ജീവികളും പ്രകൃതിയുടെ സഹജസ്വഭാവത്തിനു് അധീനരായി കർമ്മംചെയ്യാൻ പ്രേരിതരാകുന്നു. കർമ്മം ഒഴിക്കുവാൻ കഴിയുന്നതല്ലെന്നു വരുന്നതിനാൽ ഇന്ദ്രിയങ്ങളെ മനസ്സുകൊണ്ടു നിയന്ത്രിച്ചും ബുദ്ധിയെ സമവും സ്ഥിരവുമാക്കിവച്ചും കേവലം കർമ്മേന്ദ്രിയങ്ങളെക്കൊണ്ടു കർമ്മങ്ങളെല്ലാം ചെയ്കയെന്നതാണു് ശ്രേഷ്ഠമാർഗ്ഗം. അതിനാൽ കർമ്മംചെയ്തുകൊണ്ടിരിക്കുക; എന്തെന്നാൽ അങ്ങിനെ ചെയ്യാതിരുന്നാൽ ശരീരയാത്രപോലും സാദ്ധ്യമല്ല. കർമ്മം പരമേശ്വരസൃഷ്ടമാണു്, മനുഷ്യന്റേതല്ല, ബ്രഹ്മദേവൻ ജഗത്തിനേയും പ്രജകളേയും സൃഷ്ടിച്ചപ്പോൾ യജ്ഞത്തെയും സൃഷ്ടിച്ചു് അതുകൊണ്ടു സമൃദ്ധിയെ പ്രാപിച്ചുകൊള്ളുവാൻ പറഞ്ഞു. ആ യജ്ഞങ്ങൾ കർമ്മംകൂടാതെ ചെയ്വാൻ അസാദ്ധ്യമായതുകൊണ്ടു് യജ്ഞമെന്നതു കർമ്മമല്ലാതെ മറൊന്നുമല്ല, അതുകൊണ്ടു മനുഷ്യനും കർമ്മവും ഒരേസമയത്തു സൃഷ്ടിക്കപ്പെട്ടു. എന്നാൽ കർമ്മത്തിന്റെ ഏക ഉദ്ദേശം യജ്ഞമാകകൊണ്ടും യജ്ഞം മനുഷ്യന്റെ കർത്തവ്യമാകകൊണ്ടും ഈ കർമ്മത്തിന്റെ ഫലം മനുഷ്യനു ബന്ധത്തെയുണ്ടാക്കുന്നില്ല; എന്നാൽ ജ്ഞാനിയായിത്തീർന്നവനു തന്റെ സ്വാർത്ഥലാഭത്തിനുവേണ്ടി ചെയ്യേണ്ടതല്ല കർത്തവ്യകർമ്മമോ അതേസമയം അവനു മററുള്ളവരുമായി വല്ല ബന്ധമോ ഒന്നുമില്ലെങ്കിലും ഇതുകൊണ്ടു കർമ്മംചെയ്യേണ്ടതെന്നുവരുന്നില്ല. പ്രത്യുത ലോകസംഗ്രഹാർത്ഥമായും മററുള്ളവർക്കു ആദർശമായും പ്രമാണമായും അനാസക്തനായി നിഷ്കാമകർമ്മംചെയ്യേണ്ടതു അവന്റെ കർത്തവ്യമാണു്. ഈ സംഗതികളെ സ്മരിച്ചുകൊണ്ടാണു് ജനകാദികൾ കർമ്മംചെയ്തതു്; ഞാനും അതുകൊണ്ടുതന്നെ കർമ്മം ചെയ്യുന്നു; ആത്മാനാത്മവിവേചനജ്ഞാനമില്ലാത്തവൻ പ്രകൃതിയുടെ ഗുണകർമ്മങ്ങളിൽ ആസക്തനായിട്ടു താൻ കർമ്മം ചെയ്യുന്നു എന്നു വിചാരിക്കുന്നു. എല്ലാതെ പ്രകൃതിയാണു് ചെയ്യുന്നതെന്നു ധരിക്കുന്നില്ല. എന്നാൽ ജ്ഞാനി എത്രതന്നെ ജ്ഞാനിയായിരുന്നാലും അവനും പ്രകൃതിയുടെ വ്യാപാരത്തെ ഒഴിക്കുവാൻകഴിയുന്നതല്ലാത്തതുകൊണ്ടു അനാസക്തനായിപ്രാപ്തമാകുന്ന കർത്തവ്യകർമ്മത്തെ ചെയ്കയും അതേസമയം ആ പ്രവൃത്തി പ്രകൃതിയുടേതാണെന്നറിയുകയുംചെയ്യുന്നു. അങ്ങനെ പ്രാപ്തമാകുന്ന സ്വധർമ്മാനുഷ്ഠാനത്തിൽ മരണംവന്നാൽ ജീവന്മുക്തന്മാരുടെ തൃ

(ശേഷം പന്ത്രണ്ടാംപേജിൽ)

# ബാപ്പു

ശ്രീ. രത്നമയിദേവി

"നമ്മുടെ ബാപ്പു ഈ ലോകത്തിലില്ല; അദ്ദേഹം പൊയ്ക്കഴിഞ്ഞു. നാം അനാഥരായി."

എന്ത്? ഇതു വാസ്തവമാണോ? യഥാർത്ഥത്തിൽ ബാപ്പു പൊയ്ക്കഴിഞ്ഞുവോ? അനാഥബാലന്മാരുടെ ദീനരോദനങ്ങളും, പതിതരായ മനുഷ്യരുടെ കരുണാക്രന്ദനങ്ങളും, ഗതിവിഹീനരായ വനിതകളുടെ നിശ്വാസങ്ങളും, ചിന്താക്രാന്തരായ കിംകർത്തവ്യതാമൂഢരുടെ ദീർഘനിശ്വാസങ്ങളും ഉൾപ്പെടെ എല്ലാം ഇനിമേൽ വിഫലങ്ങളാണോ? ഹൃദയങ്ങൾക്കാശ്വാസമരുളിയിരുന്ന ആ മന്ദഹാസമധുരിമ ഇനിമേൽ ലോകത്തിൽ പുനരാവിർഭവിക്കയില്ലെന്നോ? ...യിലാണ്ടു നിരാലംബരായവരെ ആശ്വാസം നൽകി സ്ഥിരചിത്തരാക്കി കർമ്മരംഗത്തിൽ അഗ്രേസരന്മാരാക്കുന്ന ആ അമൃതോപദേശം ഇനിമേൽ നാം കേൾക്കയില്ലെന്നോ? അന്യായമാർഗ്ഗത്തിൽ സഞ്ചരിച്ചു സ്വാർത്ഥം നേടി ചരിതാർത്ഥരാകുന്ന അധികാരപ്രമത്തരുടെ ഉള്ളം കിടുക്കി അടിപണിയിക്കുന്ന ആ ശാന്തഗംഭീരധ്വനി ഇനിമേൽ നമ്മുടെമേൽ കരുണാവർഷം ചൊരിയുകയില്ലെന്നോ? യഥാർത്ഥത്തിൽ നാം അനാഥരായോ?

ഇല്ല. അതൊരിക്കലും സംഭാവ്യമല്ല. ബാപ്പുവിന്റെ ജീവിതശ്വാസം സത്യമാണ്. അവിടുത്തെ ധർമ്മം അഹിംസയത്രെ! ആ പുണ്യശ്ലോകന്റെ ജീവചരിത്രം, പ്രേമം, സേവനം ഇവയുടെ തുടർന്നുള്ള ഉദാഹരണസംഗ്രഹവും. അങ്ങനെയുള്ള ബാപ്പു തന്റെ സന്താനങ്ങളെ എന്നെന്നേക്കും അനാഥരാക്കി ഉപേക്ഷിക്കുക ഒരിക്കലും സംഭാവ്യമല്ല. എന്തെന്നാൽ അതു്, സത്യത്തിന്റെ പൂർണ്ണവിപരീതമായിരിക്കും, അഹിംസയുടെ നാശമായിരിക്കും ആ സംഭവം; പ്രേമത്തിന്റേയും സേവനത്തിന്റേയും അന്തമായിരിക്കും അതു്.

എന്നാൽ ബാപ്പു ഇന്നെവിടെ? ഈ ചോദ്യത്തിന്നുത്തരം നമ്മുടെ ഒരോരുത്തരുടേയും അന്തഃകരണത്തിൽനിന്നാണ് ലഭിക്കേണ്ടതു്. ബാപ്പു പറയാറുണ്ടായിരുന്നു "മരണമൊക്കെയും നന്മയായിട്ടുള്ളതുതന്നെയാണ്" എന്നു്. ബാപ്പു ശരീരമുപേക്ഷിച്ചു; പക്ഷേ, ജീർണ്ണമായ തന്റെ നശ്വരശരീരമുപേക്ഷിച്ചു്, നമ്മുടെ ഒരോരുത്തരുടേയും സമസ്തശക്തിയോടും അന്തരാത്മാവിൽ ശാശ്വതസ്ഥാനം സ്വീകരിക്കയാണ് ബാപ്പു ചെയ്തതു്!

എന്നാൽ ഈ മരണത്തിൽ അനപേക്ഷിതമായി അപ്രതീക്ഷിതമായി ബാപ്പു മറഞ്ഞുകളഞ്ഞു. അഥവാ ബാപ്പുവിനെ മറയുവാൻ ഇടയായി. ഇതിനെ നാം എന്തു ന്യായമാണുള്ളതു്. അനപേക്ഷിതമോ? ബാപ്പുവിന്റെ ശരീരത്യാഗം അനപേക്ഷിതമായിരുന്നുവോ? അല്ല. "മരണമവനും ശിരസ്സിലാക്കി ധരണീതലപ്രവർത്തി മനുഷ്യന്മാർ" മഹാപുരുഷന്മാരും ഈ തത്വത്തിന്നധീനർ തന്നെയാണ്. ശരീരം സ്വീകരിച്ചതോടെതന്നെ പ്രാരബ്ധവും അതിന്റെ ഫലമായ കർമ്മങ്ങളും അനുഭവിക്കുവാനും ആ ശരീരത്തിൽ ജീവിക്കുവാനും മരിക്കുവാനും ഉറച്ചിട്ടുള്ളവരാണ് ദിവ്യാത്മാക്കൾ.

ഭാരതവർഷത്തിലെ ഒരു കർമ്മയോഗി, അഥവാ ആദർശകർമ്മയോഗി ആയിരുന്ന ... വർഷങ്ങൾക്കുമുമ്പു മധുരയിൽ ജനിച്ചു, ... ലോകക്ഷേമത്തിനു പ്രകാശിച്ചു പോരുകയും ... ദൈവികതേജസ്സോടെ ഒളിവായി ശരീരമുപേക്ഷിച്ചു.

"കർമ്മണ്യേവാധികാരസ്തേ,
മാ ഫലേഷു കദാചന
മാ കർമ്മഫലഹേതുർഭൂ
ർമ്മാ തേ സംഗോസ്ത്വകർമ്മണി"

എന്ന തന്റെ ഗീതീയ ഉപദേശത്തെ ലക്ഷ്യമാക്കി ... ഭാരതത്തിലെ ... നിമിഷവും ... ലോകത്തിനു സമാധാനം നൽകി, തന്റെ അവതാരകൃത്യം പൂർണ്ണമാക്കി ... ശരീരം ത്യജിക്കുകയും ചെയ്തു.

ഒരു മൂന്നു സഹസ്രാബ്ദങ്ങൾക്കുശേഷം ഒരു ... പുണ്യസ്ഥലത്തിൽ അതിരമണീയമായ ഒരു താരം ഉദിച്ചുയർന്നു. ഭൂലോകത്തിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കുവാൻ പരിശ്രമിച്ച പ്രകാശഗോപുരത്തിന്റെ നിർദ്ദേശകമായിരുന്നു ആ ദേശം. നാസ്തികലപരതയുടെയും പ്രതിഹിംസയുടെയും കഠോരഭൂഷണങ്ങളാൽ ശ്രേണീകൃതങ്ങളാക്കപ്പെട്ട മനോമണ്ഡലങ്ങളിൽ, 'തന്നെപ്പോലെതന്നെ അന്യനേയും സ്നേഹിക്കുക', 'ശത്രുവിനോടും ദ്വേഷം കരുതരുതു്', 'വൈരത്തിന്നു പ്രതികാരം വൈരമല്ല, പ്രേമമാണ്.' 'ഈശ്വരൻ പ്രേമസ്വരൂപനും ക്ഷമാമൂർത്തിയുമത്രെ' ഇത്യാദി രത്നങ്ങളും സുധാവർഷം ചൊരിഞ്ഞു. അനവധി ദീനജനങ്ങൾ സാന്ത്വനയാൽ ശാന്തി അനുഭവിച്ചു. കല്പകാലങ്ങൾക്കുള്ളിൽതന്നെ ചരിത്രം വീണ്ടും ആവർത്തിച്ചു. ആത്മദർശി വിരവ്യമനുഷ്യന്റെ ക്രൂരവല്ലരയ്ക്കുമാളമായി ദകാരങ്ങിതമായി ഉജ്ജ്വലിച്ചുവന്നു. പുണ്യശ്ലോകനായ യേശുദേവന്റെ നശ്വരശരീരം കാൽവരിയിലെ കല്പപാദപമായി കുരിശിൽ തറഞ്ഞുനിന്നു.

ഇരുപതുനൂറ്റാണ്ടുകാലത്തിനുശേഷം ധർമ്മത്തിന്നാശവും അധർമ്മത്തിന്നു പ്രതിഷ്ഠയും വർദ്ധിച്ചുതുടങ്ങിയപ്പോൾ വീണ്ടും ഒരു യുഗപുരുഷന്റെ ആവശ്യകതയുണ്ടായി. നിഷ്കാമകർമ്മരൂപമായ ഉപകരണവും, അഹിംസാരൂപിയായ ആയുധവും, സത്യരൂപിയായ കവചവും ധരിച്ചു് ഒരു മഹാപുരുഷൻ വീണ്ടും രംഗപ്രവേശംചെയ്തു. ഉപദേശങ്ങളും, നിർദ്ദേശങ്ങളും, ആചരണങ്ങളും, ജീവിതോദാഹരണങ്ങളും മുതലായ അപ്രതിഷേധ്യസാധനങ്ങളും ഉപയോഗിച്ചു് അദ്ദേഹം നമ്മെ മാർഗ്ഗവിഭ്രഷ്ടരാകാതെ സൂക്ഷ്മതയോടെ ഉദ്ദിഷ്ടലക്ഷ്യത്തിലേക്കു നയിച്ചു. ചരിത്രം വീണ്ടും ആവർത്തിക്കുവാൻ സമയമായി.

ഈ സംഭവം അനപേക്ഷിതമല്ലാത്തതുപോലെതന്നെ, അപ്രതീക്ഷിതവുമായിരുന്നില്ല. അഥവാ ബാപ്പുവിന്നു മാത്രമെങ്കിലും അപ്രതീക്ഷിതമായിരുന്നില്ല. പ്രാർത്ഥനാമൈതാനത്തിൽ സംഭവിച്ച ബോംബ് വിസ്ഫോടനം വരാൻപോകുന്ന അത്യാപത്തിന്റെ ഒരു പൂർവ്വസൂചനയായിരുന്നു. അതിനെക്കുറിച്ചു കേട്ടവർ ഓരോരുത്തരും മിഴിച്ചുനിന്നു. പ്രളയകാലം സമീപിച്ചുവോ എന്നു ലോകം ഭയപ്പെട്ടു. വിവേകവും ഔചിത്യവും നശിച്ചു് മനുഷ്യൻ മനുഷ്യത്വം വിട്ടു ഹിംസാരൂപത്തിലേക്കു് തിരിച്ചുപോകുമോ എന്നു് പ്രപഞ്ചം അമ്പരന്നുനോക്കിനിന്നു. മഹാപുരുഷന്മാർ വിറളിപൂണ്ടു. പ്രപഞ്ചം ചഞ്ചലതരംഗിതമായി. പക്ഷേ ബാപ്പു നിശ്ചലനായിരുന്നു.

ബോംബ് പൊട്ടിത്തെറിച്ചു. ചുവരിടിഞ്ഞുവീണു. ജനത സംഭ്രാന്തരായി ഓടുവാൻതുടങ്ങി. പക്ഷേ മഹാത്മജിയുടെ പ്രാർത്ഥനാനേരമുള്ള പ്രവചനം തുടർന്നുകൊണ്ടുതന്നെ ഇരുന്നു. ആ സുധാവർഷം ക്ഷണനേരത്തേക്കുപോലും ഇടമുറിഞ്ഞില്ല. പ്രാർത്ഥന പതിവുപോലെ ശാന്തമായി അവസാനിച്ചു. ബോംബെറിയുവാൻ വന്ന ദുഃസാഹസി ബന്ധനസ്ഥനാക്കപ്പെട്ടു. ആ വഴിപിഴച്ചവനെക്കുറിച്ചു ബാപ്പുവിനു പറയാനുണ്ടായിരുന്നതു ഇത്രമാത്രമാണ്. 'താൻ ചെയ്യുന്നതെന്താണെന്നു അവനുതന്നെ അറിഞ്ഞുകൂടാ. ആ സാധുവിനെ വിട്ടയച്ചേക്കൂ.' ഏതാനും ദിവസങ്ങൾക്കു മുമ്പു കഥ ... കപ്പെട്ടു ... വീണ്ടും ഒരു ദൃശ്യം മറഞ്ഞുകൊണ്ടു.

പ്രാർത്ഥനയിൽ പങ്കുകൊള്ളുവാൻ വരുന്ന ആളുകളുടെ ശരീരപരിശോധന നടത്തുവാൻ ആരക്ഷകന്മാർ ... അനുവാദത്തിനു വേണ്ടി അപേക്ഷിച്ചപ്പോൾ ആ അപേക്ഷ അദ്ദേഹം നിരസിക്കുകയാണുണ്ടായതു്. 'ഈശ്വരനാണ് എന്റെ രക്ഷകൻ. ഈ നശ്വരശരീരം രക്ഷിക്കപ്പെടും. ആ ആവശ്യം നിറവേറിയതിനുശേഷം ഇതു് വീണുപോകുന്നെങ്കിൽ അതിലെന്താണു ദുഃഖത്തിന്നവകാശം? ഈ ശരീരം കാക്കുവാൻ ഒരു രക്ഷകൻ ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.'

ഇതായിരുന്നു അദ്ദേഹം നൽകിയ ശാന്തവും പക്ഷേ സുദൃഢവുമായ ഉത്തരം.

ആ മരണസന്ധ്യക്കു രണ്ടു ദിവസം മുമ്പു ബാപ്പു പറയുകയാണ്—'പീരങ്കിയുണ്ടകളുടെ വർഷമേറ്റു വീഴുന്നതിനെക്കാളും പ്രിയതരമായ മൃത്യു എനിക്കുണ്ടാവാനില്ല.' ഒരു പക്ഷേ വിശ്രമത്തിനുള്ള സമയം അടുത്തു കഴിഞ്ഞുവെന്നു ആ സ്ഥിതപ്രജ്ഞന്റെ അന്തരാത്മാവു കണ്ടിരിക്കാം. ഒരു വീരയോദ്ധാവു, അഹിംസയാകുന്ന അമോഘശസ്ത്രം ആയുധമാക്കി സ്വീകരിച്ച യുദ്ധവീരൻ എങ്ങനെയാണു ജീവിക്കുന്നതെന്നും എങ്ങനെയാണു മരിക്കുന്നതെന്നും ആ മഹാനുഭാവൻ ലോകത്തിന്നു കാട്ടിക്കൊടുത്തു.

ഒരിക്കൽ, ഒരു ചെറുബാലകൻ എന്തോ സംഗതിവശാൽ ബാപ്പുവിനോടു പറഞ്ഞു 'ബാപ്പുജീ, ഞാൻ ഇംഗ്ലീഷുകാരന്റെ തല ഒരു നിമിഷത്തിനുള്ളിൽ അറുത്തെറിയുന്നുണ്ട്.' ബാപ്പു ചിരിച്ചുകൊണ്ടു ചോദിച്ചു. 'എന്തിനാണ് പാവപ്പെട്ട ഇംഗ്ലീഷുകാരന്റെ തല അറുത്തെറിയുന്നതു്?' ബാലൻ ഉത്സാഹത്തോടെ ഉത്തരം നൽകി 'ഇംഗ്ലീഷുകാരൻ ഹിന്ദുസ്ഥാനത്തിന്റെ ശത്രുവായതുകൊണ്ടു്.' ബാപ്പു അതേ മന്ദഹാസത്തോടെതന്നെ ബാലനെ ആശ്വസിപ്പിച്ചു 'കുഞ്ഞേ! തല അറുത്തെറിയാതെതന്നെ ശത്രുവിനെ നശിപ്പിക്കുവാനുള്ള വിദ്യ ഞാൻ നിനക്കു പറഞ്ഞുതരാം. വാളെടുക്കാതെതന്നെ യുദ്ധംചെയ്യാൻ ഞാൻ നിന്നെ പഠിപ്പിക്കാം.' അഞ്ചുവയസ്സുമാത്രം പ്രായമായിരുന്ന ആ ബാലന്റെ അഹിംസാവ്രതത്തിന്റെ ദീക്ഷാരംഭമായിരുന്നു ആ സംവാദം.

വിചാരിക്കുന്നതുതന്നെ പറയുകയും പറയുന്നതുതന്നെ പ്രവർത്തിക്കുകയും ചെയ്തിരുന്ന ബാപ്പു തന്റെ ജീവിതം മുഴുവനുംതന്നെ വാളെടുക്കാതെ യുദ്ധംചെയ്യുന്നതിലും ആ വിധത്തിൽ യുദ്ധംചെയ്യുവാൻ പരിശീലിപ്പിക്കുന്നതിലും ചിലവഴിച്ചു. ശസ്ത്രാസ്ത്രങ്ങളുംകൂടാതെതന്നെ തന്റെ സർവ്വശത്രുക്കളെയും കീഴടക്കി. അജയ്യനായ ആ രണവീരൻ പരാജയമെന്തെന്നു ഒരിക്കൽപോലും അറിഞ്ഞിരുന്നില്ല. പ്രത്യക്ഷത്തിൽ പരാജയമായിത്തോന്നിയ സംഗതികൾപോലും ഒടുവിൽ അലൗകികമായ വിജയദീപ്തിയായി പരിണമിക്കുക അദ്ദേഹത്തിന്റെ ജീവിതത്തിൽ സാധാരണസംഭവം മാത്രമായിരുന്നു. കപാലങ്ങൾ ചിതറിക്കാതെ, നിണനദി ഒഴുകിക്കാതെ, രാജസിംഹാസനങ്ങൾ തകർക്കാതെ ഭാരതം സ്വാതന്ത്ര്യമായി. പരമഗംഭീരനും ശാന്തിദേവതയും അനന്തസാഹസിയുമായ ആ യുദ്ധവീരൻ അഗ്നിബാണങ്ങൾ മന്ദഹാസത്തോടെ സ്വാഗതംചെയ്തു മുക്തനായി. ഭീരുത്വമല്ല, വീരത്വമാണ്, അശക്തതയല്ല, അനന്തശക്തിയാണ്; ശരീരനിർബലതയുടെ പര്യായമല്ല, ആത്മബലത്തിന്റെ പ്രതിഫലനമാണ് അഹിംസ എന്നു ബാപ്പു തന്റെ ജീവിതംകൊണ്ടും മരണംകൊണ്ടും തെളിയിച്ചു.

മാനവരൂപത്തിൽ പ്രത്യക്ഷപ്പെട്ട ദിവ്യതേജസ്സ്, ലൗകികമായി പ്രത്യക്ഷപ്പെട്ട അലൗകികത, ഭൗതികരൂപത്തിൽ പ്രതിബിംബിച്ച ഭഗവാൻ ഈ നിലകളിൽ ലോകത്തിനു — ... സൃഷ്ടിയുടെ ... ജീവിച്ച യുഗപുരുഷനത്രെ മഹാത്മാഗാന്ധി: ഏറ്റവും വത്സലനായ പിതാവു്, വിവേകം തികഞ്ഞ ഉപദേഷ്ടാവു്, വിശ്വസനീയനായ ഉത്തമ ബന്ധുവു്, ... പരാകാഷ്ഠയിലെത്തിയ ..., നയകോവിദനായ രാജ്യതന്ത്രജ്ഞൻ, സങ്കല്പങ്ങളുന്നതലോകം ... സുദൃഢനായ യജമാനൻ, മർദ്ദിതരായ ദീനജനതയുടെ തപ്തശ്രുമോചനം ..., ഏറ്റവും പ്രേമമയിയായ ജനനി ഇങ്ങനെ വിവിധരൂപങ്ങളുടെ ഒരു വിചിത്ര ഏകീകരണമത്രെ മഹാത്മാവായ ... ശരീരം ലോകർ കണ്ടറിഞ്ഞതു. നീണ്ടുമെലിഞ്ഞു നിർബലമായി കാണപ്പെട്ട എഴുപതാണ്ടു പഴക്കമുള്ള ... അല്പശരീരത്തിൽ അജിതപരാക്രമപൂർണ്ണവും അജയ്യവും ഒരു വിധത്തിലും പരാജയത്തിന്നടിമപ്പെടാത്തതുമായ ഒരു വീരജ്യോതിസ്സ് കുടികൊണ്ടിരുന്നു. ആ ജ്യോതിസ്സത്രെ മഹാത്മാഗാന്ധി!!!

ഭാരതീയരുടെ പരമപ്രിയനായ രാഷ്ട്രപിതാവ്, പുണ്യചരിതനായ, പ്രേമപൂർണ്ണനായ നമ്മുടെ ബാപ്പു!

ബാപ്പു നമുക്കുതന്ന ആദേശമെന്ത്? ആർഷഭാരതത്തിന്റെ പേരും പെരുമയും പുലർത്തിപ്പുഷ്കലിച്ച് അതിനെ ഭൂലോകത്തിന്റെ തിലകമാക്കിത്തീർക്കുന്ന ശാന്തിസന്ദേശത്തിന്റെ മുഖവുരയായി അവിടുന്നരുളിയ വചനങ്ങൾ കർണ്ണങ്ങൾക്കു പുതിയല്ല. "നന്മ വിതച്ചവൻ തിന്മ കൊയ്യുവാനിടവരികയില്ലെ"ന്നാണ് അദ്ദേഹം പ്രഥമപാഠമായി കല്പിച്ചതു്.

"നഹി കല്യാണകൃത് കശ്ചിത്
ദുർഗ്ഗതിം താത! ഗച്ഛതി" എന്നു സ്മരിക്കുവാൻ ആദ്യമായി അദ്ദേഹം ആവശ്യപ്പെട്ടു.

"ആത്മൈവ ഹ്യാത്മനോ ബന്ധു
രാത്മൈവ രിപുരാത്മനഃ" എന്നു നമ്മെ മനസ്സിലാക്കുവാൻ അവിടുന്നു ആജീവനാന്തം പ്രയത്നിച്ചു.

"ആത്മവത് സർവ്വഭൂതാനി" എന്ന തത്വം അനുഭവത്തിൽ വരുത്തുവാൻ ശ്രമിക്കുകയാണ് മനുഷ്യധർമ്മമെന്നു് സജീവിതംകൊണ്ടും ഉപദേശങ്ങൾകൊണ്ടും നമ്മെ പഠിപ്പിച്ചു. "ശത്രുക്കളെയും സ്നേഹിക്കുകയാണ് വേണ്ടതെന്നു" ബാപ്പു വീണ്ടും വീണ്ടും പറയാറുണ്ടായിരുന്നു. എന്തെന്നാൽ മനുഷ്യന് തന്നെക്കാൾ വലിയ ശത്രു വേറെയില്ലെന്നു അദ്ദേഹം അനുഭവിച്ചറിഞ്ഞിരുന്നു.

"സ്നേഹമാമഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം" എന്ന തത്വം അദ്ദേഹം നമുക്കു കാട്ടിത്തന്നു. ഈ തത്വം ഗ്രഹിക്കാത്തവർ ജീവിക്കുകയല്ല, കേവലം ശ്വസിക്കുകമാത്രമാണ് ചെയ്യുന്നതു്. ജീവിതത്തിന്റെ ഈ മൂലതത്വം ഗ്രഹിക്കുവാൻ അഥവാ അംഗീകരിക്കുവാൻ മടിക്കുന്നവർ യഥാർത്ഥത്തിൽ ആത്മഘാതികളാണെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. ഈ തത്വംഗ്രഹിച്ചിട്ടും ആ അറിവിനെ പ്രവൃത്തിരൂപത്തിൽകൊണ്ടുവരാത്തവർ അദ്ദേഹത്തിന്റെ മതപ്രകാരം മനഃപൂർവ്വം നാശത്തെ സ്വയംവരിക്കുകയാണ് ചെയ്യുന്നതു്.

ആ "സ്നേഹം"! അതും സാധാരണ ലോകം ഗ്രഹിക്കുന്ന രീതിയിലല്ല ബാപ്പു ഗ്രഹിക്കുന്നതു്. മനുഷ്യർ സ്വാർത്ഥഹേതുവായി പരസ്പരം ഉത്ഭവിക്കുന്ന ആകർഷണത്തിന്റെ പര്യായമല്ല ബാപ്പുവിന്റെ "പ്രേമം"! സർവ്വചരാചരകാരണഭൂതനായ ഭഗവാന് തന്റെ സൃഷ്ടികളോടും അവർക്ക് ആ ജഗന്നിയന്താവിനോടും സ്വതസിദ്ധമായി സ്വാഭാവികമായി തോന്നുന്ന ആ ഭാവവിശേഷമാണ് പ്രേമം! കാര്യകാരണങ്ങളും, സംഭവസംബന്ധങ്ങളും ആദിസമസ്തവും അവയുടെ സൂക്ഷ്മരൂപത്തിൽ കണ്ടറിവാൻ ശക്തനാക്കുന്ന, പൂർവ്വഗ്രഹമോ പക്ഷപാതമോ നിമിത്തം മാലിന്യപ്പെടാത്ത, ഈർഷ്യാദ്വേഷങ്ങളാൽ വികൃതമാകാത്ത, അപരാധങ്ങളും പ്രത്യക്ഷമായറിഞ്ഞിട്ടും സ്വയമേവ ക്ഷമാദാനത്തിനു സന്നദ്ധമാകുന്ന, ദാതാവിനും അംഗീകർത്താവിനും തുല്യമായ ആനന്ദം നൽകുന്ന, ഇരുകൂട്ടർക്കും ഒരുപോലെ ശ്രേയസ്കരമായ, സമസ്തവശത്തിനും വികാസവും അഭിവൃദ്ധിയും ഉല്പാദിപ്പിക്കുന്ന സർവ്വാപത്തിയും സർവ്വശ്രേഷ്ഠവും അത്യുന്നതികാധിഷ്ഠാനവുമായ ആ പവിത്രഭാവന, സർവ്വവ്യാപകവും അന്തരീക്ഷത്തിനൊപ്പം വിശാലവും സാഗരത്തിനൊപ്പം അഗാധവുമായ ആ മധുരഭാവന, അതാണ് ബാപ്പുവിന്റെ സത്യത്തിന്നാധാരമായ പ്രേമം! അനശ്വരവും ആനന്ദമയവുമായ നിത്യജീവിതത്തിലേക്കുള്ള രാജപാതയായ പ്രേമം!

ആ പ്രേമമാർഗ്ഗത്തിൽക്കൂടി സത്യാന്വേഷിയായി സഞ്ചരിച്ചു് ചിദാനന്ദസ്വരൂപത്തിനോടൈക്യം പ്രാപിച്ച ബാപ്പുവിന്റെ സന്താനങ്ങളായ നാം അനാഥരല്ല, പൂർണ്ണരൂപത്തിൽ സനാഥരാണ്! സത്യം, പ്രേമം അഹിംസ, എന്ന ത്രിമൂർത്തികളാണ് ബാപ്പുവിന്റെ ആജ്ഞ അനുസരിച്ചു നമ്മെ രക്ഷിക്കുവാൻ നിന്നിരിക്കുന്നതു്. ഈ വിശ്വാസ്യരായ രക്ഷകരെ യഥാവിധി പൂജിച്ചു പ്രസന്നരാക്കി ബാപ്പുവിനെ സന്തോഷിപ്പിക്കുകയത്രെ നമ്മുടെ കർത്തവ്യം.

കർത്തവ്യപഥത്തിൽ ഉറച്ചുനില്ക്കുവാൻ ബാപ്പു നമ്മെ അനുഗ്രഹിക്കട്ടെ!

—o—

മലയാളരാജ്യം

ചെറുകഥ

# ഷാപ്പിലെ കല്യാണി

മാടശ്ശേരിൽ മാധവവാരിയർ

I

വ്യത്ര ശ്രമിച്ചിട്ടും എനിക്ക് ഉറക്കം വന്നില്ല. പരിചയമല്ലാത്ത സ്ഥലം. കിടക്കവാൻഉള്ള അസൌകര്യങ്ങളും. പോരെങ്കിൽ വട്ടുപിരിഞ്ഞുപോന്ന കുടുംബാംഗങ്ങളെ കുറിച്ചുള്ള സ്മരണ. ഇതിനെല്ലാം ഉപരിയായി പകലെ മേലുദ്യോഗസ്ഥൻ തന്ന താക്കീതു്. 'ആഫീസിൽത്തന്നെ രാത്രി കഴിച്ചുകൂട്ടുന്നതു് നന്നല്ല. അതു് പലതുകൊണ്ടും കുഴപ്പമാണ്. താമസത്തിന് വേറെ എവിടെങ്കിലും സൌകര്യപ്പെടുത്തുകയാണ് ഭേദം.' ഞാൻ തുടർന്നുചോദിച്ചില്ല. രഹസ്യമായി ഷഷ്ടിപൂർത്തി ആഘോഷിച്ചിട്ടും സർക്കാർ കണക്കിൽ അമ്പത്തിരണ്ടുവയസ്സുമാത്രം പ്രായമുള്ള ആ വൃദ്ധൻ വല്ല യക്ഷികഥയും ഛർദ്ദിക്കുമെന്നുവച്ചാണ് ഞാൻ ഇതു് ചെയ്യാതെ വന്നതു്. എങ്കിലും മൂപ്പിലെ സൂചന എന്റെ ഹൃദയത്തിന്റെ ഉള്ളിലും ഒളിച്ചുകിടന്ന അസ്ഥാവിശ്വാസമാകുന്ന ചേറിൽ ഒരുവിത്തു് കുഴിച്ചിട്ടു.

കായൽ വക്കവരെ നീണ്ടുകിടക്കുന്ന ഒരു വലിയ തെങ്ങിൻതോപ്പിന്റെ നടുക്ക് നല്ല ഒരു ചെറിയകെട്ടിടം. കണ്ണാടിജനലുകളുടെ ചില്ലുകൾ മിക്കവാറും പൊടിഞ്ഞുപോയതും അങ്ങിങ്ങായി കുറേശ്ശെ ചോർച്ചയും ഉണ്ടെന്നല്ലാതെ വലിയ അറ്റകുറ്റമൊന്നും ആ കെട്ടിടത്തിനു വന്നിട്ടില്ല. രണ്ടുവശവും നെല്ലുവിളയുന്ന പാടം. അടുത്തെങ്ങും ആൾപാർപ്പും ഇല്ല. ഒരു പ്രത്യേക ആവശ്യത്തിനായി തൽക്കാലത്തേക്ക് ഒരു ആഫീസ് അവിടെ സ്ഥാപിച്ചു. അതിലെ ഒരു കൊച്ചുശമ്പളക്കാരനായിട്ട് ഞാൻ അന്ന് വന്നതേയുള്ളു.

സമയം രാത്രി പത്തുമണികഴിഞ്ഞു. ഇടവപ്പാതി കഴിഞ്ഞിരുന്നതുകൊണ്ട് ഒന്നാന്തരം മഴ. പൊട്ടിയ കണ്ണാടിയിൽക്കൂടി തൂവാനം അടിച്ചുകയറി. തണുത്ത കാറ്റു തടവുകൂടാതെ അകത്തേക്കു പ്രവേശിച്ചു. മങ്ങിക്കത്തിയിരുന്ന മണ്ണെണ്ണവിളക്ക തനിയെ കെട്ടു. ചോർന്നൊലിഞ്ഞുതുടങ്ങിയ പഴയ പുസ്തകങ്ങളിൽനിന്ന് ഒരു അസഹ്യമായ ഗന്ധം പുറപ്പെട്ടുതുടങ്ങി. മൂടിപ്പുതച്ചുകിടന്നിട്ടും ഉറക്കം വന്നില്ല. ഒരു അസ്വസ്ഥത എന്നെ ബാധിച്ചു. കണ്ണുപൂട്ടി നിശ്ചേതനനായി ഞാൻ കിടന്നു. വളരെ പണിപ്പെട്ട് ഞാൻ ഒന്നു മയങ്ങി.

ഞാൻ പെട്ടെന്നുണർന്നു. ആ മുറിയിൽ വേറെ ആരോ വന്നുകയറിയിട്ടുണ്ടെന്ന് എനിക്ക് ഒരു ഉൾഭയം ഉണ്ടായി. കണ്ണുതുറന്നു ചുറ്റും നോക്കി. കാറ്റും മഴയും മാറി. കിഴക്കു ഉദിച്ചുയരുന്ന ചന്ദ്രന്റെ കിരണങ്ങൾ കുളിച്ചുശുദ്ധമായിവരുന്ന യുവതി അണിയുന്ന അംഗരാഗത്തിനൊപ്പം പ്രകൃതിയെ മോടിപിടിപ്പിക്കാൻ ശ്രമിക്കുന്നു. പൊടിപിടിച്ച കണ്ണാടിയിൽക്കൂടി ചന്ദ്രികനിറം പകർന്ന് കുറേശ്ശെ അകത്തുകടന്നു നേരിയ ഒരു വെളിച്ചം മുറിയിലും പരത്തി. ഞാൻ കിടന്നകിടപ്പിൽത്തന്നെ കൺമിഴിച്ചു ചുറ്റുംനോക്കി. ആദ്യം ഒന്നും തെളിഞ്ഞുകണ്ടില്ലെങ്കിലും കണ്ണിന് ഈ മങ്ങിയ വെളിച്ചം പരിചയപ്പെട്ടപ്പോൾ ചുറ്റുപാടും കിടന്ന മേശകൾ, കസേരകൾ ഇവ കാണാറായി. എനിക്കെതിരായി മേശയുടെസമീപം ഒരു സത്വം നിൽക്കുന്നതായി തോന്നി. ഞാൻ എഴുന്നേറ്റു. ആ സത്വം അവിടെത്തന്നെ നിൽക്കുന്നു. ഞാൻ സൂക്ഷിച്ചുനോക്കി. സർവാംഗം മൂടിപ്പുതച്ച ഒരു സ്ത്രീ. മുഖംമാത്രം കാണാം. പ്രായം ഒരു ഇരുപതഞ്ചിൽ അധികം വരില്ല. അല്പം ഭയവും അമ്പരപ്പും ഉണ്ടായെങ്കിലും പുറത്തുവെളിയിൽ കാണിക്കാതെ 'നങ്ങൾ ആരാ ഈ അസമയത്തു എന്തിനുവന്നു?' എന്നു ചോദിച്ചു.

'അടിയൻ ഷാപ്പിലെ വെളുമ്പന്റെ കിടാത്തി-കല്യാണി. അടിയന്റെ തമ്പ്രാനെ തെരക്കിയാവന്നെ.'

കയിൽവാണി എന്നു അന്നുവരെ കേട്ടിരുന്നേ ഉള്ളു. അപ്പോൾ അനുഭവം വന്നു, അത്തരം ശബ്ദം ഉള്ളവർ ഈ ലോകത്തുണ്ടാകുമെന്ന്.

വേഷം കാച്ചു പാഴയതുതന്നെ. നിറപ്പകിട്ടുള്ള ചേല ചുറ്റിയിട്ടില്ലെങ്കിലും അവളുടെ രൂപം നന്നുതന്നെ. ഷാപ്പിലെ വെളുമ്പന്റെ കിടാത്തി എന്നു പറഞ്ഞാൽ ആ നാട്ടുകാർ എല്ലാവരും മനസ്സിലാക്കുമായിരിക്കും. അവളുടെ തമ്പുരാൻ ആരോ ഏതോ? ഏതോ രഹസ്യസങ്കേതത്തിൽ അനാവശ്യമായി ചെലിഞ്ഞുകയറുകയാണായി തീന്നല്ലോ എന്നൊരു ശങ്കയും മനസ്സിലുദിച്ചു.

ഞാൻ—'ഇവിടെ നിങ്ങളുടെ തമ്പ്രാൻ വരാമെന്നു ഏറ്റിരുന്നോ? അതു ഞാൻ അറിഞ്ഞില്ല. വേണമെങ്കിൽ ഞാൻ ഇവിടുന്നുമാറിത്തരാം. പക്ഷേ മറ്റൊരു പരിചയം ഇല്ലാത്തതുകൊണ്ടു് ഇന്നു ഞാൻ അങ്ങേ മുറിയിൽ കിടന്നോളാം-നാളെ മുതൽ രാത്രി ഇവിടെത്തങ്ങി നിങ്ങളുടെ രംഗാരംവണാരംഗത്തെ(?)മുഷിപ്പിക്കയുമില്ല.

ലജ്ജകൊണ്ടെന്നവണ്ണം അവൾ ഒന്നു കുനിഞ്ഞു. തലയിൽ ഇട്ടിരുന്ന വസ്ത്രം മാറി. പഴയതിരിക്ക അവൾ മുടി മുന്നോട്ടു കെട്ടിവച്ചിരിക്കയാണ്. നിറച്ചു പുതുമുല്ലപ്പൂവ് ചൂടിയിട്ടുമുണ്ട്. മുഖം ഒന്നാന്തരം. എന്തായാലും അവളുടെ 'തമ്പ്രാൻ' ഭാഗ്യവാൻതന്നെ.

അവൾ: തമ്പ്രാൻ ഇന്നേങ്ങും മാറേണ്ട. അടിയൻ പോണം.

എനിക്കു ധൈര്യം വന്നു—'വിശേഷം ഈ അസമയത്തു എന്തിനു തനിച്ചു ഇവിടെ വന്നു എന്നിട്ടു ഇനിയും എങ്ങോട്ടുപോണു.'

അവൾ—അടിയൻ ബോധിപ്പിച്ചില്ലെ ഷാപ്പിലെ കല്യാണിയാണ് അടിയനെന്ന് അടിയന്റെ തമ്പ്രാനെ തേടി വന്നു-കാണാഞ്ഞതുകൊണ്ടു തിരിക്കെപോണു.

ഞാൻ എഴുന്നേറ്റു. 'ഷാപ്പ്' ഇവിടടുത്തെങ്ങാനുമാണോ?'

അവൾ ചിരിച്ചു. ഈ തെങ്ങുത്തു ഒരു തുള്ളി 'വാറ്റിയതു്' ചെന്നാൽ നല്ലതു അടിയനു തരുന്നതിനു സമ്മതോമോ. എന്നാൽ എന്തുചെയ്യാം. കാലക്കേടുകൊണ്ടു അടിയന്റെ ഷാപ്പ് നിന്നുപോയി.

ഞാൻ—നിന്റെകൂട്ടൊരുത്തി പകർന്നുകൊടുക്കാൻ ഉണ്ടായിരുന്നെങ്കിൽ എത്ര അധഃപതനകാലത്തും 'തവണ'മുടക്കം വരില്ല.

അവൾ ചിരിച്ചു. 'എന്തുചെയ്യാം. തമ്പ്രാൻ നാടുകടത്തി ഇല്ലാതെന്തോ ബോധിപ്പിക്കാനാം-വെളുമ്പന്റെ ഷാപ്പു നിന്നുപോയി. ഈ ഏഴയ്ക്കു ഗതികേട്ടു. അവൾ വിങ്ങിവിങ്ങി കരഞ്ഞുതുടങ്ങി. എന്താ വേണ്ടതെന്നു എനിക്കു നിശ്ചയവും ഇല്ലാതായി. ആ സമയം അപരിചിതമായ സ്ഥലം ഒരു വിഷമത്തിലപ്പെട്ട സമിപത്തും.

ചെ-കരയാതിരിക്കു 'ഷാപ്പെങ്ങനെ നിന്നുപോയി.'

അവൾ തല ഉയർത്തി എന്നെ നോക്കി. 'തമ്പ്രാൻ കേട്ടോണ്ടെ അടിയൻ പറയാം'

II

ഇവിടെത്തന്നായിരുന്നു വെളുമ്പന്റെ ഷാപ്പു നിന്നിരുന്നതു്. അടിയനു പത്തു വയസ്സായപ്പോൾ അടിയന്റെ തള്ള 'ഉവലി' ചത്തു. പിന്നെ ഷാപ്പിലെ കൊട്ടെപ്പൊക്കെ അടിയനായി. വെളുമ്പൻ ചക്രപ്പെട്ടി നോക്കും. അടിയൻ വീക്കും. രാത്രിലു ആരും അറിയാതെ വാറ്റും വെളുമ്പന്റെ 'വാറ്റെന്നു' കേൾവിയാ. മടത്തിലെ തമ്പ്രാട്ടിമാരും പോറ്റിനു വെളുമ്പന്റെ 'വാറ്റു്' വാങ്ങിക്കും. അതിന്റെ ചെലവു് ഒരു കലാൽകാരും (എക്സൈസ്) തടഞ്ഞില്ല.

അപ്പുറത്തുകാണുന്നില്ലേ ആ പാടമാണ് പന്തീരായിരം. ആദ്യം വരമ്പുവെച്ചെടുത്ത കായലാണതു്. അന്നുവരെ വള്ളക്കാരും വലക്കാരുമെ വന്നിരുന്നുള്ളു. പാടത്തു പണിതൊടങ്ങിയപ്പോ. ലിവസോം ആരുപേർ വന്നു പാറാളുംങ്ങി. വരവു ഇരട്ടിച്ചു. ജോലിനോക്കാൻ അടിയന്റെ തമ്പ്രാനും പുത്തനായി പണിയിച്ച ആ മാടത്തിൽ വന്നിരിക്കും. നല്ലപെരുപ്പക്കാരൻതമ്പ്രാൻ പാട്ടിൽ പാടേണ. പോലെ 'ദൈവ മാടൻമതുള്ള വച്ചപോലെ'

തമ്പ്രാനും 'വാറു്' (വാറ്റ് ചാരായം) ഇഷ്ടമാരുന്നു. ഒരുദിവസം രാത്രി വെളുമ്പനും അടിയനുംകൂടെ രണ്ടു കുപ്പിം കൊണ്ടു അരയുണ്ടേമായി തമ്പ്രാനെ പോയികണ്ടു. നല്ല ഭാഗ്യമുള്ള തമ്പ്രാൻ. അടിയന്റെ ഭാഗ്യം.'

അവൾ കുറച്ചുനേരം മൗനം അവലംബിച്ചു.

ഞാൻ—(ചിരിച്ചുകൊണ്ട്) കാര്യം മനസ്സിലായി. പിന്നീട്.

അവൾ—'എന്തോ പറയാനം. കല്യാണി തമ്പ്രാന്റെ സ്വന്തമായി. ആദ്യം വെളുമ്പനും വഴക്കില്ലായിരുന്നു' ആ സുവർണ്ണകാലത്തെ സ്മരിച്ചുന്നവണ്ണം അവൾ പിന്നെയും മൗനം അവലംബിച്ചു.

'എന്നാൽ ഒരു പെല്ലേപ്പ പറ്റി. വെളുമ്പന്റെ ശേഷക്കാരൻ ചങ്കു് ചെത്തു പടിച്ചോണ്ടു അടിയങ്ങടെകൂടെ പാർത്തിരുന്നു. വെളുമ്പനു പ്രായം കൂടുംതോറും അവനു വലിപ്പം വന്നുതുടങ്ങി. ഷാപ്പു് അവന്റെ ആണെന്നു ഭാവിച്ചു. അതിനടിയൻ തക്കിച്ചില്ല. അടിയനും അവന്റെ താനെന്നു പറഞ്ഞുപരത്തി. അടിയൻ അതിനു വഴങ്ങിയില്ല. 'ചിങ്കത്തിന്റെ' (സിംഹത്തിന്റെ) ഇര കാടൻ തിണ്ടുമാ? നേർച്ചക്കോഴിയെ ചുട്ടുതിന്നാമോ? എന്നായി അടിയൻ.

'പോടീ. തെണ്ടി. ഈ മണമണപ്പൻ തമ്പ്രാക്കന്മാരെ ജന്മേതി വിശ്വസിച്ചുകൂടാ. നിന്റെ നല്ലകാലം പോകുമ്പോ തമ്പ്രാൻ തിരിഞ്ഞുനോക്കത്തില്ല. ചങ്കു വാങ്ങി എന്നും കാണാം' എന്നു വെളുമ്പൻ പറഞ്ഞു.

'അടിയനു ആൺതൊം (തു) ണ വേണ്ടാന്നു സത്യം ചെയ്തു പറഞ്ഞു.'

ചങ്കുനു കലികേറി. തന്നി (തന്റെകിൽ) ഇന്നു നീ എന്റെ പായിൽ അല്ലെങ്കിൽ നീയും തമ്പ്രാനും കായലിൽ.' അടിയൻ കിടുകിടാ വിറച്ചു. ചങ്കു ചീത്തയാ. അടിയനെപ്പറ്റി പേടിയില്ല. തമ്പ്രാനെപ്പറ്റി അടിയൻനിമിത്താ നല്ലൊരു തമ്പ്രാൻ.

പാതിരാ പതുങ്ങി അടിയൻ മാടത്തിൽ എത്തി. സൂക്ഷിച്ചിരിക്കണമെന്നു പറഞ്ഞടിയൻ കരഞ്ഞു. തമ്പുരാൻ ചിരിച്ചു. 'കല്യാണി പേടിക്കണ്ട. എല്ലാം ഞാനേറ്റു. നീ ഇനി അങ്ങോട്ടുപോകേണ്ട.' തിരുവായി എതിരുവാതുണ്ടോ? അടിയനും അവിടെനിന്നു.

നടിച്ചിൽകഴിഞ്ഞിരുന്ന കാലമായിരുന്നു. തമ്പ്രാൻ ഉണ്ണാൻ ഇരിക്കയായാണ്. അടിയൻ പൊരിച്ചുകൊടുത്ത മീനും, കൂട്ടി രുചിംപറഞ്ഞു തമ്പ്രാനുണ്ണുമ്പോൾ കതവു തുറന്നു വെളുമ്പനും ചങ്കുംകൂടെ അകത്തു വന്നു.........

എന്തിനു പറയുന്നു. തമ്പ്രാനും അടിയനുംകൂടെ ചങ്കുനെ ശരിപ്പെടുത്തി. വെളുമ്പനെ തൊഴിച്ചു താഴെ ഇട്ടു. പിന്നെ അയാൾ എണീറ്റില്ല.

തമ്പ്രാൻ ചിരിച്ചുകൊണ്ട് അടിയനെ പൊത്തിപ്പിടിച്ചു 'ഇവരിവിടെ കിടന്നാൽ കൊഴപ്പമാ.'

അടിയനും തമ്പ്രാനുംകൂടെ താങ്ങി രണ്ടുപേരെയും ഷാപ്പിന്റെ മുൻവശത്തു കൊണ്ടിട്ടു. മടങ്ങിവന്നപ്പോൾ തമ്പ്രാൻ ഒരു താക്കോൽ അടിയനു തന്നു. 'കല്യാണി നീയും കടന്നോ. ഞാൻ വേറൊരു വഴിക്കു പോണു. ഒരുമിച്ചുപായാൽ കുഴപ്പമാ. കാര്യംകഴിഞ്ഞു ഞാൻ മടങ്ങി വരാം. നീയും ഒളിച്ചിരുന്നോ. ചെലവിനു വക ഈ പെട്ടിലുണ്ട്.' അടിയൻ ബോധംകെട്ടുവീണു.....................

പിന്നെ തമ്പ്രാനെ അടിയൻ കണ്ടിട്ടില്ല. എന്നും അടിയൻ രാത്രി ഇവിടെ വരും.

III

അവളുടെ കഥ കേട്ടിരുന്നതുകൊണ്ട് സമയംപോയതറിഞ്ഞില്ല. 'അടിയൻ പോട്ടെ. അടിയന്റെ തമ്പ്രാൻ മടങ്ങിവരുമോ?'

ഞാൻ മറുപടി ഒന്നും പറഞ്ഞില്ല. എഴുന്നേറ്റുനിന്നു അവളെ ഞാൻ ഒന്നു സൂക്ഷിച്ചുനോക്കി. 'അകൃത്രമധുരിമവദേ്യയം' എന്ന വരികൾ എനിക്കോർമ്മവന്നു. 'അംഗനെ ഞാൻ അങ്ങു വരുവതെങ്ങനെ' എന്നു ചൊല്ലി ആടിയാലെന്തെന്നു ആലോചിച്ചു—ഇംഗിതജ്ഞയായ അവൾ അതു അറിഞ്ഞെന്നോണം തോന്നുന്നു—'തമ്പ്രാനെ തമ്പ്രാട്ടിയും കൊച്ചുതമ്പ്രാനുമില്ലിയോ.' എന്നു എന്നോടു ചോദിച്ചു.

ഉണ്ട് അതിനെന്താ-അവർ ഇവിടില്ലല്ലോ' ഞാൻ ചിരിച്ചുകൊണ്ട് അവളെ സമീപിച്ചു-

ചങ്കുനെ ശരിപ്പെടുത്തിയ കൈയ്യുകെൽപുപോയിട്ടില്ല' അവൾ വളർന്നു എനിക്കുതോന്നി-ഭദ്രകാളി ആകുന്ന വഴി എന്റെ മുന്നിൽ കണ്ടു-ഞാൻ പകച്ചു പുറകോട്ടുമാറി-

ഒരു പൊട്ടിച്ചിരി ഞാൻ ശ്രവിച്ചു......

* * *

ഞാൻ ചുറ്റും നോക്കി-നല്ല വെളിച്ചം മുറിയിൽകടന്നു [illegible]രിക്കുന്നു. പുത്ത[illegible]യിട്ടുവന്ന ക്ലാക്കിന്റെ കുശലം അന്വേ[illegible]ക്കാനായി ആ ആഫീസ് ശിപായി തലേന്നാൾഏറ്റകൊണ്ടുപോയതനുസരിച്ച് വന്നു കതകിനുമുട്ടി-ഞാൻ പകച്ചുംകൊണ്ടാണ് വാതൽതുറന്നതു്. എന്റെ ഉറക്കച്ചടവുള്ള മുഖംകണ്ടിട്ടു അയാൾ ചിരിച്ചുംകൊണ്ട്,

(എന്താ ഷാപ്പിലെ കല്യാണിയെ കണ്ടോ.)

ഞാൻ-'ഓ' അവൾ എവിടാ താമസിക്കുന്നതു്.

അയാൾ ചിരിച്ചുംകൊണ്ട് കിഴക്കു പരന്നുകിടക്കുന്ന കായൽ ചൂണ്ടികാണിച്ചു. അവളും അവളുടെ തമ്പ്രാനും ആണ്ടുകൾ രണ്ടും അതാ അതിനകത്താണ് താമസിക്കുന്നതു്. അമ്പതുകൊല്ലംമുമ്പ് വള്ളക്കാർ മീൻകൊത്തിയ നാലു ശവങ്ങൾ വലിച്ചുകയറ്റി മൂടി. അവളെ പല വള്ളക്കാരും കാണാറുണ്ട്-

ഞാൻ പിന്നീട് ഒരുദിവസവും രാത്രിയിൽ ആഫീസിൽതങ്ങിയില്ല.

—o—

## വിശേഷങ്ങൾ

—o—

തെക്കേ അമേരിക്കയിലെ കോട്ടോപാക്സി (19613 അടി ഉയരം) യാണ് ഇപ്പോഴുള്ളതിൽ ഏറാവും വലിയ അഗ്നിപർവതം.

* * *

ആദ്യമായി വിമാനത്തിൽ അററ്ലാൻറിക്ക തരണംചെയ്തതു സർ ജാൺ വില്യം അൽകാക്സും സർ എ. ഡബ്ല്യു ബ്രൌണും ആണ്. 1919 ജൂൺ 14-ാം തിയതിയാണ അവർ പറന്നതു്.

* * *

ലോകത്തിലേയ്ക്കു ദൈർഘ്യംകൂടിയ ആമസോൺനദിക്കു 4000 മൈൽ നീളം വരും. അനേകം ഉപനദികൾ ഇതിൽ വന്നുചേരുന്നു. അവയിൽ 20 എണ്ണത്തിനു 1000 മൈലിനുമേലും ഒന്നിനു 2000-നുമേലും ദൈർഘ്യമുണ്ട്.

* * *

രാത്രിയും പകലും തുടർച്ചയായി ഒരു സെക്കൻഡിൽ ഒന്നുവീതം എണ്ണിയാൽ 1000000 എണ്ണുന്നതിനു പതിനൊന്നര ദിവസം വേണ്ടിവരുന്നതാണ്.

* * *

"മെറ്റൽ ഓർഗൻ" എന്ന ഉപകരണം ആദ്യമായി നിർമിച്ചതു ജർമനിയിൽ ട്രാസ്സിൻജൻ എന്ന സ്ഥലത്താണ്.

* * *

ഈയാണ്ടിൽ ബ്രിട്ടനിൽ 14,23,000 ഏക്കർ സ്ഥലത്തു ഉരുളക്കിഴങ്ങുകൃഷി ചെയ്തിട്ടുണ്ട്. ഇതു ചരിത്രത്തിൽ ഏറാവും കൂടുതലാണിതു്.

* * *

സോപ്പു ഉപയോഗിച്ചു കഴുകിയാൽ കറുത്ത തലമുടി വെളുത്ത നിറമാകാനും വേഗത്തിൽ മാർഗമാകുന്നു.

* * *

ലണ്ടൻ ആംബുലൻസുസംഘത്തിന്റെ സഹായം 1947-ൽ 64537 തവണ അഭ്യർത്ഥിക്കപ്പെടുകയുണ്ടായി.

* * *

ആകെ ൨,000000-പ്രതികളാണ് ബ്രിട്ടനിൽ ഒരുവസം പ്രസിദ്ധപ്പെടുത്തുന്നപത്രങ്ങൾ അച്ചടിക്കുന്നതു്.

* * *

ബ്രിട്ടനിലെ നൂൽമില്ലുകൾ ആഴ്ചയിൽ 4300000 വാര നൂൽ നൂൽക്കുന്നു.

—o—

ഗ്രന്ഥവിഹാരം

# ആത്മരോദനം

—o—

ഗ്രന്ഥകർത്താ
പുത്തൂർ, നാരായണൻനായർ

ഇന്നത്തെ ചെറുകഥാകൃത്തുക്കളുടെ ഇടയിൽ അഭയാർത്ഥിയായി പ്രത്യക്ഷപ്പെട്ട ശ്രീ: പുത്തൂർ നാരായണൻനായരിൽനിന്നു പുറപ്പെട്ടതാണു ഈ ആത്മരോദനം. "വിദ്യയ്ക്കുവേണ്ടി വിഷമതകളനുഭവിയ്ക്കുന്ന കഥാകൃത്തിന്റെ ആത്മരോദനത്തിനു കൂട്ടുനില്ക്കുന്ന ത്യാഗസമ്പന്നൻ ശ്രീ, എൻ. കൃഷ്ണപി[illegible] എം. ഏ. തയ്യാറായതിൽ ഗ്രന്ഥകർത്താവിനു മാത്രമല്ല നമുക്കോരോരുത്തർക്കും കൃതജ്ഞത തോന്നിപ്പോകാവുന്നതാണ്". ശ്രീ. കൃഷ്ണപിള്ളയുടെ ഗ്രന്ഥകർത്താവു നൽകുന്ന ത്യാഗസമ്പന്ന ബഹുമതി അവതാരികയിലെ പ്രശംസാസംഭാവനയിൽനിന്നല്ലാതുള്ള വെളിപ്പെടുത്തലുകളുടെ പരമാർത്ഥമാണ്.

ആത്മരോദനമുൾപ്പെടെ ഈ ഗ്രന്ഥത്തിൽ അഞ്ചു ചെറുകഥകൾ സ്ഥലംപിടിച്ചിട്ടുണ്ട്. ലോകം ശോകഹതം ച സമസ്തം, എന്ന വീക്ഷണകോണത്തിൽക്കൂടി ജഗച്ചേഷ്ടിതങ്ങളെ അവലോകനം ചെയ്യുപോകുന്ന കഥാകൃത്തിൽ സൗന്ദര്യബോധവും ആനന്ദാത്മകതയും അന്യമാകുന്നു ഇടങ്ങിയിരിക്കുന്നുവെന്നു പറയാതെ തരമില്ല. ശ്രീ: നായരുടെ ആദ്യപുസ്തകമായ അഭയാർത്ഥിയിൽ അല്പസ്ഥമായി അനുഗ്രഹിച്ചുനിന്നിരുന്ന പ്രസ്തുത സൌകമാർയ്യപ്രതിഭയും അല്പമേ ഇതിൽ കണ്ടുകഴിഞ്ഞിരിക്കുന്നുവെന്നുവേണം പറയുവാൻ. ബാഹ്യമായ സൗന്ദര്യബോധത്തിനു ഉടവുതട്ടിയിട്ടുണ്ടെങ്കിലും ആന്തരികകൃത്യത്തിനു കൂടുതൽ സമയത്തെയലർപ്പെട്ടിട്ടുണ്ടെന്നു ഇതു തെളിയിക്കുന്നു. മലയാളരാജ്യം വാരികയിൽ പ്രസിദ്ധീകരിച്ചിരുന്ന പ്രതിധ്വനിയെന്ന ഇതിലെ പ്രഥമകഥതന്നെ ഇതിനു പ്രസ്ഫുടോദാഹരണമാണ്. കലാരസികതയുടെ അവികലപ്രേരണകൊണ്ടുണ്ടാകുന്ന പ്രണയത്തിന്റെ ത്യാഗമോഹനതയും സുന്ദരമായ പ്രതിപാദനംകൊണ്ടു തന്മയീഭാവം സ്ഫുരണംചെയ്യുവാൻ ഗ്രന്ഥകാരനു നല്ലപോലെ കഴിഞ്ഞിട്ടുണ്ട്. ഒരു കലാകാരന്റെ മുട്ടലചികാരവൈലക്ഷണ്യത്തോടെ അനുഭവങ്ങളെ അയവിറക്കി ആശങ്കയിൽ അലഞ്ഞെത്തിച്ചേരുന്ന ലഘുവർണ്ണസംപ്രവസ്ഥിതിയിൽ കഥികൻ വിജയിയാകുന്നുണ്ട് ഗ്രന്ഥകർത്താവ്. ഭാരതസ്ത്രീകൾ തന്റെ ഭാഗ്യത്തിന്റെ നേരിയ രേഖകളിൽക്കൂടി ചാടിച്ചുകാണുന്ന തരംഗിണി, ഒന്നിച്ചു കടമിട്ടു ചുന്ന അവസാനത്തെ സ്വയം സ്വീകരിച്ചുകളഞ്ഞതു അലിഖിതസ്ത്രീയമാണെന്നു തോന്നുന്നില്ല. നിർദ്ദനനും രോഗാതുരനുമായ ഭർത്താവിനെ രക്ഷിക്കുന്ന കഥ കൃത്യതയുള്ള അവളെ നാടകക്കാരിയാക്കി മാറ്റി ശോകപര്യവസായിയായ ആ കഥയ്ക്കു ഈ വേഷം ഒഴിച്ചുകൂടാത്തതാണെന്നു സമ്മതിക്കാം. പക്ഷേ, അതിൽ ആദർശപ്രവണതയുണ്ടെന്നുകൂടി കരുതിപ്പോകാൻ ഇതിനൊന്നും അത്രെ പന്തിയാവില്ല. കഥയില്ലാത്തവൻ എന്നു നമ്മുടെ കണ്ണിൽ പറഞ്ഞുവരുന്നകൂട്ടത്തിൽപ്പെട്ട ഒരുത്തന്റെ അനുഭവങ്ങളുടെ പൊരുത്തപ്പെടുകയാണു കഥാകൃത്തിന്റെ ദ്വിതീയകഥാബന്ധം. ഒരു ആത്മകഥാകഥനരൂപത്തിൽ നിബന്ധിച്ചിരിക്കുന്ന ഈ കഥാപ്രബന്ധം കലാകൌശലത്തിന്റെ കണക്കുപേണിക്കില്ലാത്ത ഒരു ഒഴുക്കൻസൃഷ്ടിയാണ്. വീട്ടിലെ ദുർവൃത്തികൾ സഹിക്കാൻ വയ്യാതെ ഭോട്ടലിൽ പോയി കൂട്ടുകാരനെ ഏഴുതുന്ന എഴുത്തായിട്ടാണു അവസാനിക്കുന്നത് ആ കഥ. അയൽത്തിന്റെനേരെ ഒരു ചെറുവിരൽപോലും ഉയർത്തുന്നതിനു അസമർത്ഥനായ ആ ജീവിതം മരവിച്ചു കിടപ്പുതുപ്പുന്നതിൽ നമുക്കുയാതൊരു സഹതാപവും തോന്നേണ്ടതായിട്ടില്ല. സ്വന്തകാര്യത്തിൽ പിടിപ്പില്ലാത്ത ചെറുക്കന്നവരെ സംബന്ധിച്ച വൈരുദ്ധ്യത്തിൽ കൂട്ടത്തിലതിരുന്ന ആ കഥാപാത്രത്തെ കണ്ടപ്പോൾ നമുക്കു അനുകമ്പയുണ്ടാകുന്നില്ല. വീട്ടിൽ നില്ക്കുന്ന വേലക്കാരെപിള്ളരെ ചവിട്ടി കേറിവരുന്ന ഒരു മൂത്തമ്മാരുടെ തൽഭാവവും, അവരുടെ ചൊല്ലടിക്കു ഇളകുന്ന

# മേരേ ഗുരുജി

(വള്ളത്തോൾ എഴുതിയ 'എന്റെ ഗുരുനാഥൻ' എന്ന കൃതിയുടെ തർജ്ജിമ.)

അനുവാദകൻ—വി: കെ. മൂത്തത്ത്

യതിവര വസുധാ ഹീ ഘരജിനകാ
ത്രണകീഡേ ഭീ പരിജന നിജകാ
വിനതി ഉന്നതി ഉനകീ പൂം ജീ
ത്യാഗരൂപ ജയ മേരേ ഗുരുജീ
താരാമണിമയ ഹാര ചഢായേ
കാലമേഘ കാ പംക ലഗായേ
സംഗന ലേപന ഹോഗ, ഉനപര
സമനിർമ്മല ഹേ ജൈസേ അംബര,
ദുർല്ലഭതീർത്ഥ ജലാശയ ഹീ ഹേ
ജിസമേ ഹിംസക ജന്തു നഹീ ഹേ
മംഗല ദീയാ ധൂമ വിവർജ്ജിത
ചരു ചന്ദ്രികാ ഛായാ വിരഹിത
നവമാണിക്യ മഹാനിധി ജിസകേ
ഉരഗ കഭീ ജാ സമ്മുഖ നസകേ
ശസ്ത്രവിനാ ഹീ ധർമ്മായോധന
ഗ്രന്ഥ വിനാഹീ പുണ്യാധ്യാപന
വിനാ ദവാകേ രോഗ പ്രശമന
കരതേ ഹിംസാ വിധുതയാജന
സദാ അഹിംസാ ഉനകാ വ്രതഹേ
ഇഷ്ടദേവതാ ശാന്തിമയീ ഹേ
ഉനകാ യഹതോ കഹനാ പ്യാരാ
"ഐസീ കോന രഹേ അസിധ ര
ജിസേ അഹിംസാ കാ വഹമണിമയ
കവചബന്ധനാ നഹി സകതാ നിഷ്ക്രിയ"
ശാന്തി-ധർമ്മ കേ നർമ്മാലാപന
ആത്മസത്യ കേ സമാജ ഗായന
മുക്തിമാർഗ്ഗ കേ നൂപുര ഗുംജന
മേരേ ഗുരു കേ വാചിക ശോഭന
പ്രേമ ഭാവസേ വശവിജേതാ
പ്രണവ ശരാസന ഉനകാ ഹോതാ
അപനീ ആത്മാ തീര; പരാത്പര
പരമലക്ഷ്യ; ജയ മേരേ ഗുരുവര
പിഘലാ കരഭീ ഓംകാരാകൃതി
ശുദ്ധതതാ കീ കരതേ സ്വീകൃതി
ക്രിസ്തുദേവ കി ത്യാഗ സുദീക്ഷാ
കൃഷ്ണദേവ കീ ധർമ്മസുരക്ഷാ
ബുദ്ധദേവ കാ ഹിംസാ ഗർഹണ
ഗുരു ശങ്കര കാ ധിഷണാ ഗുണഗണ
ഭൂതദയാ ബഹു രന്തിദേവ കീ
സത്യസാധനാ ഹരിശ്ചന്ദ്ര കീ
ഗുരു നിബി കീ ഉസ സ്ഥിരതാ ഭീ കോ
സബ ഏക ത്രിത മില ജാനേ കോ
മത് ഗുരു സമ്മുഖ ചലേ ജായേ
യാ ഇതിഹാസ മഹാൻ കോ പഠിയേ
ഹാഹാ ഉനകേ ചരണസരോരുഹ
യദിദേഖേ തോ ഹോഗാ ക്ഷണഹീ
കായര ധീര നിതാന്ത; നരാധമ
കരുണാവശ; കംജൂസ സുരദ്രുമ
പത്തുനോ കാ അതിപേശല ഭാഷണ
ജോ അശ്രദ്ധ ഹോ ഹോഗാ പാവന
അലസവിലാസീ കർമ്മപരായണ
ആതത ശമ വേ ഭൂരിതപോധന.
ഉനകേ സമ്മുഖ ആതതായി കീ
നീലോല്പല മാലാസീ നലികാ
ഹരിണകിശോര ഹി മൃഗേന്ദ്രഭീ കര
ഗംഭീരാംബുധി കേളി സരോവര.
കാര്യാലോചന കരതേ ഉനകോ
കാനനഭൂമി കനകസഭാഹേ
ധ്യാനാവസ്ഥിത ഹോതേ ഉനകോ
നഗരാന്തസ്ഥല ശൈലഗുഹാ ഹേ
സൽക്കർമ്മോംസേ വേ ഖേതോംപര
പൈദാ കരതേ ഹേ ചാമീകര
ഉനകേ ലഗമേ കാഞ്ചന ഭൂതല
കിഹേ പീലീ മിട്ടി കേവല
ധായന ഹാ ഉന മഹാസന്തകോ
ദിഖാ രഹീ ഹേ രാജ്യ ശ്രീകോ
സ്വതന്ത്രതാ കേ ദുർഗമ രാസ്തേ
പരജോ മുദ്ഗല ദുക്കൂല ബിഛരാതേ
വൽകല ദുകഡാ പഹനേ രഹതേ
അർദ്ധനഗ്ന ഹീ ആതേ ജാതേ
ഗീതാജന്മ സ്ഥല ഹി ഐസേ
കർമ്മയോഗി കോ ദേഗാ ജനന
കേവല വിന്ധ്യവനാന്തര ഐസേ
ശാന്ത കേസരീ കാ വരദർശന
മംഗല ഗംഗാജല ഹീ ഐ സ
ഫലാഢ്യ കല്പദ്രുമ കാ രോഹണ
ജയ ജയ ഹോ ഗതതർഷനമസ്തേ
ദുർന്നയ ധർഷക കോടിനമസ്തേ
ജയ ജയ ഹോ സുമഹാത്മാ പ്യാരേ
പൂജ്യ ജഗത്ഗുരു ഹി രേ ഹമാരേ.

—

ഭാഗങ്ങന്മാരുടെ അന്തസ്സും വേലക്കാരൻ എന്ന കഥയിൽ മി. നാരായണൻനായർ തന്മയത്വമായി ചിത്രണം ചെയ്യുന്നു. എളിയവന്റെ സത്യസന്ധതയ്ക്കു വലിയവൻ എങ്ങനെ വക്രീകരിക്കപ്പെടുമെന്നു മി. നായർ വികാരോജ്ജ്വലമായി വെളിപ്പെടുത്തുകയാണതിൽ. ആത്മരോദനം എന്ന നാലാമത്തെ കഥയിൽ ഒരു ഛായാനിപാതം സംഭവിച്ചുപോയിട്ടുണ്ട്. മലയാളത്തിലെ ചെറുകഥകളിൽ ആ നിഴലാട്ടം ഒഴിഞ്ഞ ഏതെങ്കിലുമുണ്ടെന്നു നോക്കുമ്പോൾ ശ്രീ. നാരായണൻനായരെ ആ അപരാധത്തിനു ബദ്ധപ്പെടുത്തേണ്ടതായിവരികയില്ല. എന്നാൽ നമ്മുടെ ഇടയിൽത്തന്നെയില്ലാത്ത ഉണ്ടാകുന്ന ഒരുകുട്ടി, അവന്റെ യൌവ്വനാരംഭംവരെ അവന്റെ അച്ഛനാരെന്നറിയാതെ കഴിഞ്ഞു എന്നുപറഞ്ഞാൽ അതുപ്പടി അങ്ങു വിശ്വസിക്കാൻ സാധിക്കയില്ല. പോരെങ്കിൽ ആ കഥയിൽ അനന്തനാടകമാക്കി അഭിനയിപ്പിക്കുന്ന രംഗരംഗം ആ രഹസ്യത്തിന്റെ പശ്ചാത്തലം സൃഷ്ടിക്കുന്നു. അങ്ങനെ പരസ്യമായ ആ രഹസ്യം കഥാനായകന്റെ ചെവിയിൽ വീണിട്ടില്ലെന്നു നാമങ്ങു വിശ്വസിക്കണം. പക്ഷേ, അയാളുടെ അമ്മയെക്കൊണ്ടു ആ കഥ പറയിക്കണമെന്നാണ്. ഇത്തരം സ്വരഹസ്യങ്ങളുടെ അവതരണത്തിലുണ്ടാകുന്ന മനോനഷ്ടം പലരുടെയും ആത്മസുഖത്തെ ബാധിക്കാറുണ്ടെന്നുള്ള പരമാർത്ഥത്തോടു നമുക്കു യോജിക്കാതിരിക്കുവാൻ സാധിക്കുന്നതല്ല.

ദേശീയമായ ആദർശപ്രവണതയിൽനിന്നു പ്രകാശിക്കയാണു മി. നായരുടെ അശോകദീപം. അതിലെ കഥാനായികയായ ശ്യാമളവഹിക്കുന്ന ആശാദീപം ശോകസ്ഫുലിംഗങ്ങൾകരമെങ്കിലും സ്ഥേഹപ്രസ്ഫുരമായിത്തന്നെ പ്രത്യാശിക്കുന്നു. ഒരു ചെറുകഥാകൃത്തിനുവേണ്ട സരളവും പ്രസന്നവുമായ ഭാഷാരീതി ഈ ഗ്രന്ഥത്തിന്റെ ഒരു വിശേഷവിധിയാണ്. സഭ്യമായ സംഭാഷണശൈലിയില്‍ കഥാകൃത്ത് നല്ലപോലെ ശ്രദ്ധിച്ചിട്ടുണ്ട്. ഗ്രന്ഥകാരൻ ചെറുകഥാപ്രസ്ഥാനത്തിൽ തുടർന്ന് പരിശ്രമക്കുന്നതുമെന്നു ഉദ്ബോധിപ്പിക്കുന്നതിനു ഈ ഗ്രന്ഥ അനുവാചകരെ പ്രേരിപ്പിക്കാതിരിക്കയില്ല.

സി. എം. പി.

—o—

## കേരളീയ ജ്യോതിഷമാസിക

ജ്യോതിശ്ശാസ്ത്രം, ശില്പിശാസ്ത്രം, രേഖാശാസ്ത്രം മുതലായവയുടെ ഉന്നമനത്തിനായി പ്രൊഫസർ കെ. സി. കേശവൻ അവർകളുടെ ആധിപത്യത്തിൽ ആലപ്പുഴനിന്നും പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്ന കേരളീയജ്യോതിഷമാസികയുടെ ആദ്യലക്കം കേരളത്തിൽ അവതമസ്ഥിനമായിരുപ്പായിട്ടുള്ള ആവക ശാസ്ത്രതത്വങ്ങളുടെമേൽ ഒരു ജ്യോതിഃസ്ഫുരണം ചൊരിഞ്ഞുതുടങ്ങിയിരിക്കുന്നതു അത്യന്തം അഭിനന്ദനീയമായിട്ടുണ്ട്. ശാസ്ത്രതത്വങ്ങളുടെ വിശദീകരണത്തിനു ഇതരംഗവിധാനമായി പ്രയോജകീഭവിപ്പിക്കണമെന്നുള്ളതാണ് പ്രവർത്തകോദ്ദേശ്യം. ജ്യോതിശ്ശാസ്ത്രബോധത്തിനുതകുന്ന ഒരു പാഠപദ്ധതിയും ഇതിൽ സമാരംഭിച്ചുകാണുന്നു. ആകപ്പാടെ പ്രയോജനപ്രദമായ ഈ പ്രസിദ്ധീകരണത്തിനു സകല ഭാവുകങ്ങളും ആശംസിക്കുന്നു,

സി. എം. പി.

—o—

ടാക്കീസ്

ചവറ കെ. സി. ടാക്കീസിൽ
വാസുദേവക്കുറുപ്പ്, ജോസഫ് ചെറിയാൻ
മാത്തപ്പൻ, ബേബിജോസഫ്,
കുമാരിരാധ, കുട്ടിയമ്മ, കമലമ്മ
അഭിനയിച്ച
— നിർമ്മല —

ചവറ സുദർശനാടാക്കീസിൽ
തോന്നപ്പാ, ജീവരത്നം, മംഗളം,
മാധുരി, രാമചന്ദ്രൻ മുതലായവർ
അഭിനയിച്ച
ശ്രീമുരുകൻ
തമിഴ് ചിത്രം

ആലപ്പുഴ ശ്രീ കൃഷ്ണാടാക്കീസിൽ
എഡ്വേർഡ് കെന്നല്ലി,
റോബർട്ട് വിൽകോക്സ് അഭിനയിച്ച
"ഡാക്ടർ സാത്താൻ"
അത്ഭുത ഇംഗ്ലീഷ് ചിത്രം

ആലപ്പുഴ
ശീമാട്ടിടാക്കീസിൽ
സുപ്രസിദ്ധ ജെമിനിക്കാരുടെ
മിസ് മാലിനി
പുഷ്പവല്ലി, സുന്ദരീഭായി,
നാരായണറാവു, ചുപ്പു മുതലായവർ
അഭിനയിച്ച
നവീന തമിഴ് ചിത്രം.

# മന്ത്രിമാർ വകുപ്പുകൾ വിഭജിച്ചെടുത്തു

## വിഭജനവ്യവസ്ഥ ഉടൻതന്നെ നടപ്പിൽവരുന്നതാണ്

(സ്വന്തംലേഖകൻ)

തിരുവനന്തപുരം, മീനം ൧൫.

പ്രധാനമന്ത്രിക്കും മററു രണ്ടു മന്ത്രിമാർക്കുമായി താഴെ പറയപ്പെട്ടുംപോലെ വകുപ്പുവിഭജനം നിർവഹിക്കപ്പെട്ടിരിക്കുന്നു. ഈ വ്യവസ്ഥ ഉടൻതന്നെ നടപ്പിൽവരുന്നതാണ്.

### ബഹു: പ്രധാനമന്ത്രി ശ്രീ: പട്ടം താണുപിള്ള

സിവിലും ക്രിമിനലുമായ നീതിന്യായം പോലീസ്, ജയിൽ, നിയമവകുപ്പ്, അഡ്മിനിസ്ട്രേറ്റർജനറൽ, പൊളിററിക്കൽ ആൻഡ് ജനറൽ, ഇൻഫർമേഷനും ബ്രോഡ്കാസ്റ്റിംഗും, സംസ്ഥാനാതിർത്തി, ധനം, ഭൂമി, ആദായനികുതി, ഭക്ഷ്യം, കൃഷി, പൊതുമരാമത്ത്, ഇലക്ട്രിസിററി, സൈന്യം, നിയമനിർമ്മാണം, അക്കൗണ്ട്സ്, കാൺഫിഡൻഷ്യൽസെക്ഷൻ (ഗൃഹകാര്യവകുപ്പ്)

### ബഹു: മന്ത്രി ശ്രീ. ടി. എം. വർഗീസ്

വിദ്യാഭ്യാസം, വ്യവസായങ്ങൾ, ജിയോളജി (ഭൂഗർഭവിദ്യാവകുപ്പ്) ഖനനം മത്സ്യവ്യവസായം, സഹകരണം, തുറമുഖങ്ങൾ, രജിസ്ട്രേഷൻ, സാമ്പത്തികവികസനം, വാണിജ്യം, കയററുമതി, ഇറക്കുമതി, വ്യാപാരനിയന്ത്രണം നാളികേരം, റബ്ബർ, കാപ്പി മുതലായവയുടെ വിലനിയന്ത്രണം, മരൈൻഡിപ്പാർട്ടുമെൻറ്, യുദ്ധാനന്തര പുനഃസംവിധാനം, ട്രാൻസ്പോർട്ട്.

### ബഹു: മന്ത്രി ശ്രീ സി. കേശവൻ

പൊതുജനാരോഗ്യം, മെഡിക്കൽ, ആയുർവേദം, തദ്ദേശസ്വയംഭരണവും ഗ്രാമോദ്ധാരണവും, സ്റ്റേഷനറിയും മുദ്രണവും, വാടകനിയന്ത്രണം, എക്സൈസ്, വനം, അഞ്ചൽ, തൊഴിൽ (ലേബർ) വിമുക്തഭടന്മാരുടെപുനരധിവേശനം, പബ്ലിക്ക സർവീസ്, അവശസമുദായസംരക്ഷണം.

## ഗവമ്മെൻറിൻെറ നികുതിചുമത്തൽനയം

—o—

### വ്യവസായസമൃദ്ധമത്തിനു ഹാനികരമെന്ന്

ന്യൂഡൽഹി, മാർച്ച് ൨൮—ഇന്ത്യൻ വാണിജ്യവ്യവസായമണ്ഡല ഫെഡറേഷൻെറ വാർഷികസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ മി: എ. ഡി. മാസ്റ്റർ മൂലധനത്തെ പുതിയ സമൃദ്ധങ്ങളിലേക്ക നിർബാധം പ്രവഹിക്കുവാനും വേണ്ടത്ര റിസർവുകൾ കെട്ടിപ്പടുക്കുവാനും സഹായിക്കുവാൻ വ്യവസായത്തെ സംബന്ധിച്ചുള്ള നികുതിചുമത്തൽനയത്തെ അടിമുടി മാററേണ്ടതാണെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ വാർഷികസമ്മേളനം ഉൽഘാടനംചെയ്തുകൊണ്ടു പ്രധാനമന്ത്രി പണ്ഡിതനെഹ്റു ചെയ്ത പ്രസംഗത്തിൽ കുടിൽവ്യവസായത്തിനു പ്രോത്സാഹനം നല്കേണ്ടതാണെന്നും വലിയ വൻകിട യന്ത്രസാമഗ്രികൾ ഇറക്കുമതിചെയ്യുന്നതിൽ ഗവമ്മെൻറു കഴിയുന്നത്ര സഹായിക്കുന്നതാണെന്നും കുടിൽവ്യവസായം വൻതരം വ്യവസായത്തിനു വിപരീതമായിട്ടുള്ളതല്ലെന്നും പ്രസ്താവിച്ചു. ഗവമ്മെൻറിൻെറ നികുതിചുമത്തൽനയം വ്യവസായസമൃദ്ധമത്തിനു ഹാനികരമാണെന്നായിരുന്നു മി: മാസ്റ്റർ പ്രസ്താവിച്ചത്.

—o—

## കലാററ് ചെന്നു

കലാററ്, മാർച്ച് ൨൮—തൻെറ സ്റ്റേററ് പകിസ്താനിൽ ചേർന്നതായി കലാററ് ഭരണാധികാരി പ്രഖ്യാപിച്ചിരിക്കുന്നു. (ഏ-പി)

## ഇന്ത്യൻനയത്തെ എതിർക്കുന്ന പ്രമേയം

—o—

### അസംബ്ളിയിൽ ഖാൻസാഹിബ്ബിൻെറ പിൻതുണ

പെഷവർ, മാർച്ച് 27—പത്താന്മാരെ വിദേശികളായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഇന്ത്യാഗവമ്മെൻറിൻെറ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ട് അതിർത്തിദേശഅസംബ്ളിയിൽ മുസ്ലിംലീഗു മെമ്പറായ പീർഷാൻഷാ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തിനു പ്രതിപക്ഷനേതാവായ ഡാ: ഖാൻസാഹിബ്ബിൻെറ പിൻതുണ ലഭിച്ചിരിക്കുന്നു. ഈ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് ഡാക്ടർ ഖാൻസാഹിബ്, ഇതുസംബന്ധിച്ച് ഗവ: കൈക്കൊള്ളുന്ന ഏതുനടപടിക്കും തൻെറ കക്ഷിയുടെ പിന്തുണ പ്രതിജ്ഞചെയ്യുകയും പത്താന്മാരുടെ അഭിമാനത്തിനും അന്തസ്സിനുംവേണ്ടി ഏതുവൈഷമ്യങ്ങളും യോജിച്ചുനേരിടാൻ തയ്യാറാണെന്നുപ്രസ്താവിക്കയും ചെയ്തു. ഇന്ത്യാഗവമ്മെൻറിൻെറ തീരുമാനം തെററും ആക്ഷേപാർഹവുമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. തങ്ങളുടെ ദീർഘകാലഅടിമത്തിലുണ്ടായ ബ്രി: സാമ്രാജ്യപ്രഭുത്വത്തിൻെറ പഴയ മനോഭാവം സ്വാതന്ത്ര്യമെന്ന് അവകാശപ്പെടുന്ന ഇന്ത്യൻയൂണിയൻ കൈവെടിഞ്ഞിട്ടില്ലെന്നാണ് ഇതു കാണിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു. (ഏ-പി)

—o—

## ഇന്ത്യാക്കാരെ കാഷ്മീരിലേക്കു ക്ഷണിക്കുന്നു

—o—

### ഷേക്ക്അബ്ദുള്ള

ജമ്മു മാർച്ച് 27—അടുത്തുവരുന്ന വേനൽക്കാലത്തു കാഷ്മീർ സന്ദർശിക്കുവാൻ സ്വതന്ത്രകാഷ്മീർജനതയ്ക്കുവേണ്ടി പ്രധാനമന്ത്രി ഷേക്ക് അബ്ദുള്ള ഇന്ത്യാക്കാരെ ക്ഷണിച്ചിരിക്കുന്നു. (ഏ-പി)

—o—

## കമ്യൂണിസ്റ്റ്കക്ഷി നിരോധനം

—o—

### ബംഗാൾമന്ത്രിയുടെ വിശദീകരണം

കൽക്കട്ട, മാർച്ച് ൨൭—പടിഞ്ഞാറെ ബംഗാളിൽ കമ്യൂണിസ്റ്റ്കക്ഷിയെ നിരോധിക്കുവാനുള്ള പ്രവിശ്യാഗവമ്മെൻറിൻെറ തീരുമാനത്തെ വിശദീകരിച്ചുകൊണ്ടു ആഭ്യന്തരകാര്യമന്ത്രി മി: കിരൺശങ്കർറായി പറയുന്നതു കഴിഞ്ഞ ചില മാസങ്ങളായുള്ള അവരുടെ പ്രവർത്തനങ്ങൾ നിയമസമാധാനപാലനത്തിനു വലിയമായ ഒരു വിപത്തായിതീർന്നുവെന്നാണ്. കൽക്കട്ടയിൽവെച്ചു നടന്ന കമ്യൂണിസ്റ്റ് പാർട്ടികോൺഗ്രസ്സിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ ഒന്ന് ഒരു ജനകീയസേന തുടങ്ങുകയും ജനസാമാന്യത്തിനു ആയുധങ്ങൾ നൽകുകയുമാണ്. കമ്യൂണിസ്റ്റ്കക്ഷിയംഗങ്ങൾ ധനവും വ്യാജമായി ആയുധങ്ങളും ശേഖരിക്കുകയും ഭേദകങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിൽ പിന്നണിഘടകങ്ങളെ പരിശീലിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നുവെന്നു സംശയിക്കത്തക്ക കാരണങ്ങൾ ഗവമ്മെൻറിനുണ്ട്. അക്രമം പ്രയോഗിച്ചും അംഗീകൃതജനകീയതത്വങ്ങളെയും രീതികളെയും നിശ്ശേഷം അവഗണിച്ചുകൊണ്ടും ചെറിയ ആ ന്യൂനപക്ഷം അധികാരംകൈക്കലാക്കുവാൻ ഗവമ്മെൻറിനു അനുവദിക്കുവാൻ സാധിക്കുകയില്ല. അഭിപ്രായപ്രകടനസ്വാതന്ത്ര്യമുള്ള അവകാശത്തെ ഏതെങ്കിലുംതരത്തിൽ അമർത്തണമെന്ന ഗവമ്മെൻറിനു ആഗ്രഹമില്ലെന്നു മി: റായി ഉറപ്പിച്ചുപ്രസ്താവിച്ചു. സ്ഥിതിഗതികൾ ആവശ്യപ്പെടുന്നതിൽ കവിഞ്ഞ് ഒരുനിമിഷം പോലും ആരെയെങ്കിലും തടങ്കലിൽവയ്ക്കുവാൻ ഗവമ്മെൻറിനു ഉദ്ദേശവുമില്ല. (ഏ-പി)

—o—

## കൂട്ടത്തോടെയുള്ള നിരാഹാരവ്രതം

—o—

### ഗവമ്മെൻറുനയത്തിൽ പ്രതിഷേധിച്ചു അനുഷ്ഠിക്കും

കല്ക്കട്ടാ, മാർച്ച് ൨൭—കേന്ദ്രഗവമ്മെൻറുജീവനക്കാരെ കുറവുചെയ്യുകയും അവരുടെ അവകാശവാദങ്ങൾ നിറവേററാതിരിക്കയുംചെയ്യുന്നതിലുള്ള ഗവമ്മെൻറുനയത്തിൽപ്രതിഷേധിച്ചു കല്ക്കട്ടായിലെ കേന്ദ്രഗവമ്മെൻറാഫീസുജീവനക്കാർ ഏപ്രിൽ ൨-ാംനു-മുതൽ കൂട്ടത്തോടെയുള്ള നിരാഹാരവ്രതമനുഷ്ഠിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി കേന്ദ്രഗവ: എംപ്ലായിസ്യൂണിയൻ ഫെഡറേഷൻ പ്രസിഡൻറ് മി: മൃണാളകാന്തിബോസ് പ്രസ്താവിക്കുന്നു.

## ക്രമിൻറാങ്ങ്അംഗങ്ങൾ

—o—

### നിരഹാരവ്രതമനുഷ്ഠിച്ചു

ചൈന, മാർച്ച് ൨൮ ന്യൂനപക്ഷങ്ങളുടെയൊക്കെ സഹകരണവും സഹകരണങ്ങളും നേടുവാൻ ന്യൂനപക്ഷാംഗങ്ങളെക്കൂടി ചേർക്കുന്നതിനായി ക്രമിൻറാങ്ങ്കക്ഷിയിലെ ചില അംഗങ്ങൾ അസംബ്ളിയിലുള്ള തങ്ങളുടെ സ്ഥാനങ്ങൾ രാജിവയ്ക്കണമെന്നു പ്രസിഡൻറു ചിയാങ്ങ്കൈഷെക്ക് ആവശ്യപ്പെട്ടു. ഈ നയത്തിൽ പ്രതിഷേധിച്ചു പത്തു ക്രമിൻറാങ്ങ് അംഗങ്ങൾ നിരാഹാരവ്രതമാചരിച്ചു. ഈയിടെയുള്ള തിരഞ്ഞെടുപ്പിൽ ന്യൂനപക്ഷത്തിൽപെട്ടവരെ ക്രമിൻറാങ്ങ് അംഗങ്ങളധികവും തോല്പിച്ചിട്ടുള്ളതുകൊണ്ടും ഈ നയം അനീതിപരമാണെന്ന് ഒരു മെമ്പർ പ്രസ്താവിച്ചു.

—o—

## ബ്രി: രാജാവു ദുഃഖവ്യാഴാഴ്ച ആചരിച്ചു

ലണ്ടൻ, മാർച്ച് ൨൭ വെസ്റ്റ്മിനിസ്റ്റർ ദേവാലയത്തിൽ തലമുറകളായി നടക്കുന്ന മാണ്ടിത്തേഡേ എന്നറിയപ്പെടുന്ന ദുഃഖവ്യാഴാഴ്ച സംബന്ധിച്ചധർമ്മംകൊടുക്കൽചടങ്ങു ബ്രി:രാജാവുംരാജ്ഞിയും നിർവഹിച്ചു അവസരത്തിൽ ൫൦ വൃദ്ധന്മാർക്കും ൫൦ വൃദ്ധകൾക്കും ബ്രിട്ടീഷ് രാജാവിൻെറയും രാജ്ഞിയുടെയും തൃക്കൈകളിൽനിന്നു നേരിട്ട് ധർമ്മം ലഭിച്ചിരിക്കുന്നു ഒടുവിലത്തെ അത്താഴത്തിൽ ക്രിസ്തു ചെയ്ത ഉപദേശങ്ങളെ അനുസ്മരിച്ചു കൊണ്ടാടുന്ന ഒരു ചടങ്ങാണ് മാണ്ടിതേഴ്സറിമണി. ഈ ചടങ്ങിൽ പാവപ്പെട്ടവരുടെ പാദംകഴുകി ശുദ്ധിയാക്കുന്നതും ഉൾപ്പെടുന്നുണ്ട്. ജോർജ്ജ രാജാവിനു ൫൨ വയസ് ഉള്ളതുകൊണ്ട് ഇന്നു ദേവാലയത്തിൽ അത്രയും എണ്ണം വരുന്ന വൃദ്ധന്മാരും വൃദ്ധകളും വരേണ്ടതായിരുന്നു. എന്നാൽ ശേഷിച്ച ൨൫ വൃദ്ധന്മാർക്കും ൨൫ വൃദ്ധകൾക്കും പിന്നീടു ധർമ്മങ്ങൾ ലഭിച്ചു. (റായിട്ടർ)

—o—

## ഇന്ത്യൻവിമാനം തകർന്നു

—o—

ന്യൂഡെൽഹി മാർച്ച് ൨൮—സിവിൽ ഏവിയേഷൻഡയറക്ടർ പുറപ്പെടുവിച്ച ഒരു പ്രസ്നോട്ടിൽ ന്യൂഡെൽഹിയിൽനിന്നു പെഷവാറിലേക്കു പോയ ഒരു ഇന്ത്യൻനാഷനൽഎയർവേസ് വിമാനം തകർന്നതായി സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു. ഇതിലുണ്ടായിരുന്ന ൧൩ യാത്രക്കാരും മരിച്ചുവെന്നുള്ള വാർത്ത ഇപ്പോൾ സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു. (ഏ-പി)

—o—

## പ്രസിഡൻറു ബനസ്

—o—

ഫ്രാഗ് മാർച്ച് ൨൭—കഴിഞ്ഞമാസം കമ്മ്യൂണിസ്ററുകൾ അധികാരം കയ്യേററതിനുശേഷം ആദ്യമായി പൊതുജനസമക്ഷം ഏപ്രിൽ ൭-ാംനു- പ്രസിഡൻറു ബനസ് ഹാജരായി പ്രസംഗം നടത്തുന്നതാണെന്നു ചെക്കു പ്രസ്ഏജൻസി പറയുന്നു. (റായിട്ടർ)

—o—

## ഒടുവിൽ കിട്ടിയത്

—o—

ടെഹറാനിലെ യു. എസ്. സൈനികസംഘത്തിൻെറ പ്രവർത്തനങ്ങൾക്കെതിരായുള്ള സോവ്യററ്പ്രതിഷേധത്തിൽ പേർഷ്യ നൽകിയ മറുപടി നിരസിച്ചുകൊണ്ടു സോവിയററ് പ്രതിപുരുഷാലയം സുശക്തമായ കുറിപ്പ് പേർഷ്യൻഗവമ്മെൻറിനു നൽകിയിരിക്കുന്നു.

പത്തുവർഷക്കാലത്തിനകം രണ്ടുഡൊമിനിയനുകളും ഒന്നായി യോജിക്കുമെന്ന് ഗവർണർ ശ്രീ. രാജഗോപാലാചാരി പ്രസ്താവിച്ചിരിക്കുന്നു.

അഞ്ചു. പശ്ചിമകൊഴിഞ്ഞു സർ സി. പി. രാമസ്വാമിഅയ്യർ ഏപ്രിൽ ൨൫-നു ഇന്ത്യയിൽ തിരിച്ചെത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

ഹൈദ്രബാദ് ഇന്ത്യൻയൂണിയനിൽ ചേരണമെന്നാവശ്യപ്പെട്ടുകൊണ്ടു മോമിൻസമ്മേളനം പ്രമേയം പാസാക്കിയിരിക്കുന്നു.

—o—

# ഹൈദ്രബാദിൽ ആയിരത്തിൽപരം സ്ത്രീകൾ

## സ്റ്റേററിലെ ദുസ്സഹനിലയിൽ പ്രതിഷേധിച്ച് വർ മണിക്കൂർ നിരാഹാരവ്രതമാരംഭിച്ചു

ഹൈദ്രബാദ്, മാർച്ച് ൨൮—സംസ്ഥാനത്തു നിലവിലിരിക്കുന്ന ദുസ്സഹമായ നിലയ്ക്കെതിരായി സ്റ്റേററിനകത്തും പുറത്തും പൊതുജനാഭിപ്രായം ഉളവാക്കുന്നതിനായി ഹൈദ്രബാദിലെ ആയിരത്തിൽപരം സ്ത്രീകൾ ഇന്നു ഇരുപത്തിനാലുമണിക്കൂർ നേരത്തെ ഉപവാസമാരംഭിച്ചിരിക്കുന്നു. അവർ കൂടിയ ഒരു യോഗത്തിൽ സംസ്ഥാനത്തു ഉത്തരവാദഭരണമാവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു.

### റസാക്കാറുകളുടെ വിക്രിയകൾ തുടരുന്നു

സംസ്ഥാനത്തെ സകല ഡിസ്ട്രിക്ടുകളിലും റസാക്കാറുകളുടെ റാലികൾ ഒരു പതിവുപരിപാടിയായിരിക്കുന്നു. അവയ്ക്ക സംഖ്യാശേഖരിക്കൽ ഗവ: വിട്ടുകൊടുത്തിരിക്കയാണ്. കഴിഞ്ഞ വെള്ളിയാഴ്ച ൨൦൦൦൦-ൽപരം റസാക്കാറുകൾ സംബന്ധിച്ച ഒരു റാലിയിൽ ഇന്ത്യൻയൂണിയനോടു പൊരുതണമെന്നു റസാക്കാറുകളെ ഉൽബോധിപ്പിച്ചുകൊണ്ടുള്ള തീപ്പൊരിപ്രസംഗങ്ങൾ നടത്തപ്പെട്ട

### നൈസാമിനെ വധിക്കാൻ ശ്രമിച്ചകേസിലെ വിധി

കഴിഞ്ഞ ഡിസംബറിൽ നൈസാമിൻെറ നേർക്ക് ഒരു കൈബാംബ് എറിഞ്ഞ കുററത്തിന് കീഴ്ക്കോടതി നാരായണറാവുവിനു നൽകിയ മരണശിക്ഷ ഹൈദ്രബാദ് ഹൈക്കോടതി സ്ഥിരപ്പെടുത്തിയിരിക്കുന്നു. മററു പ്രതികളുടെ ജീവപര്യന്തമുള്ള തടവുശിക്ഷകളും ശരിവച്ചിരിക്കുന്നു.

### വാൾട്ടർമാങ്ക്ടൺ

നൈസാമിൻെറ ഭരണഘടനാഉപദേഷ്ടാവായ സർ വാൾട്ടർമാങ്ക്ടൺ ഇന്നലെ കറാച്ചിയിൽനിന്നു ഹൈദ്രബാദിൽ എത്തിയിരിക്കുന്നു. (ഏ. പി)

—o—

(എട്ടാംപേജിൽനിന്നു തുടർച്ച)

നാം കാണുന്ന അസത്യം പരാജയപ്പെടുകയും അതിന്റെ യഥാർത്ഥരൂപം വെളിപ്പെടുന്നതോടെ ജനങ്ങൾ നമ്മെ വെറുക്കുകയും നമുക്കു ലജ്ജിക്കേണ്ടിവരികയും ചെയ്യും. ആഡംബരപ്രിയരായ പലർക്കും ഈ അമളി പററിയിട്ടുള്ളതു നാം നമ്മുടെ കണ്ണുകൊണ്ടു കണ്ടിട്ടുണ്ട്— അസത്യത്തിന്റെ വേരറുക്കുന്നതോടൊപ്പം സത്യത്തെ പുലർത്തുവാൻ ശ്രമിക്കുമെന്നതാണു് മഹാത്മജിയുടെ മറെറാരു വിശേഷത. തന്നിമിത്തം അദ്ദേഹത്തിന്റെ ചെയ്തികളിൽ രിക്തസ്ഥാനം (Vacuum) ഒരിക്കലും ഉണ്ടായിട്ടില്ല. രിക്തസ്ഥാനം ഉണ്ടാകുന്നതോടുകൂടി പൂർവ്വാപരവൈരുദ്ധ്യം ഉണ്ടാകുന്നു. തന്നിമിത്തം സ്വരാജ്യപ്രാപ്തിക്കുവേണ്ടിയുള്ള വിപ്ലവങ്ങളിൽ ചേതനാത്മകപദ്ധതികൾക്ക് അദ്ദേഹം പ്രഥമസ്ഥാനം നൽകി. അദ്ദേഹം വെട്ടിത്തുറന്ന മാർഗ്ഗത്തിൽക്കൂടിത്തന്നെ ജനത മുന്നോട്ടു നീങ്ങുമെന്നു അദ്ദേഹത്തിനു മനസ്സിലായിത്തുടങ്ങി. എന്നാൽ ജനങ്ങൾ അപ്രകാരം ഭാവിച്ചുവെങ്കിലും അദ്ദേഹത്തിനോടു വേണ്ടവിധം സഹകരിച്ചില്ലെന്നതു പരമാർത്ഥം. ഏതെന്നും സംഭവങ്ങൾ വ്യക്തമാക്കി. ഭാരതത്തിൽ നിലവിലിരിക്കുന്ന ജാതിഭ്രാന്തു് അതിനു നല്ല തെളിവാകുന്നു. അതുകൊണ്ടു നമുക്കു ലഭിച്ച സ്വരാജ്യം ഗാന്ധിജി വിഭാവനചെയ്ത സ്വരാജ്യത്തിൽനിന്നു എത്രയോ വിഭിന്നമാണെന്നു അദ്ദേഹത്തിനു പറയേണ്ടിവന്നു. മനുഷ്യൻ ആത്മാവിന്റെ ഉന്നതിക്കായി ശ്രമിക്കയും, തന്നെ ഈശ്വരാർപ്പണമായി കരുതി തന്റെ സകലപ്രവൃത്തികളും ഈശ്വരനായി സമർപ്പിക്കുകയും ചെയ്യുന്നു. 'രാമരാജ്യം' ആയിരുന്നു അദ്ദേഹം മനസ്സിൽ ദർശിച്ച രാജ്യം. അവിടെ ബലാൽക്കാരമോ, കവർച്ചയോ, തീവെയ്പ്പോ, പട്ടിണിയോ, കൂട്ടക്കൊലയോ, പ്രജാപീഡനമോ ഇല്ലായിരുന്നു. നൂററിഇരുപത്തഞ്ചുവയസ്സുവരെ ജീവിച്ചിരുന്നു് സ്വയം വിഭാവനചെയ്ത സ്വരാജ്യം പ്രായോഗികമാക്കിക്കാണിച്ചശേഷം ഈശ്വരസന്നിധി പ്രാപിക്കുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു. എന്നാൽ നടമാടിയ അരാജകത്വവും കലാപങ്ങളും അദ്ദേഹത്തെ അത്യധികം വ്യാകുലപ്പെടുത്തി. ൧൨൫-വർഷം ജീവിച്ചിരിക്കുന്നതിനുള്ള തന്റെ ഇച്ഛ അദ്ദേഹം ഉപേക്ഷിക്കുകയാണു് ചെയ്തതു്. ജാതിവഴക്കുകളെ ശമിപ്പിക്കുവാൻ അഹിംസ പ്രയോജനപ്പെടുകയില്ലെന്നു ആളുകൾ പറഞ്ഞുതുടങ്ങി. എന്നാൽ ബലവാൻ 'അഹിംസാ'ശസ്ത്രം ഉപയോഗിച്ചാൽ എത്രമാത്രം ഫലപ്രദമായിത്തീരുമെന്നു് കൽക്കത്തയിലും ഡില്ലിയിലും നടന്ന ദുരന്തസംഭവങ്ങളിൽ അദ്ദേഹം പ്രത്യക്ഷമായി കാണിച്ചുകൊടുത്തു. അപ്രകാരമുള്ള വ്യക്തികളാണു് കർമ്മയോഗികൾ. 'ശരീരത്തിന്റെ വ്യാപാരങ്ങളിൽനിന്നു് ആത്മാവിനെ അകററിനിർത്തുവാൻ ഉപകരിക്കുന്ന യത്നമാണു് കർമ്മയോഗം.' എന്നു് ഗാന്ധിജി അഭിപ്രായപ്പെട്ടു. ഇതിനു വാളിന്റെയോ ആററംബോംബിന്റെയോ ആവശ്യമില്ല. അവ വിനാശവസ്തുക്കളാണു്. തന്നിമിത്തം അവയുടെ സഹായംകൊണ്ടു വിശ്വശാന്തി കൈവരുത്തുവാൻ സാദ്ധ്യമല്ല. എന്നിരുന്നാലും കർമ്മയോഗത്തെ തെററായ രൂപത്തിൽ മനസ്സിലാക്കി ചില ജനങ്ങൾക്കു് ഹിംസയിൽ പ്രചോദനം നൽകുന്നതായി കാണുന്നു. അവരുടെ ഏതദ്ദേശപ്രവൃത്തികൾ അശാന്തി വ്യാപരിപ്പിക്കുവാൻ മാത്രമേ പര്യാപ്തമാകയുള്ളു. കൂടാതെ ഈവിധയത്നങ്ങൾ അവരവരുടെ മതത്തെ ക്ഷതപ്പെടുത്തുകയാണു് ചെയ്യുന്നതു്. കർമ്മയോഗത്തിനു ആത്മാവിന്റെ ശക്തിയാണു് ആവശ്യം. ഒരുകാലത്തു ഭാരതത്തിൽ കർമ്മയോഗത്തിനു സർവ്വവ്യാപകമായ സ്ഥാനം ഉണ്ടായിരുന്നു. തദ്വാരാ "ഋഷികളുടേയും മഹാമുനിമാരുടേയും സന്യാസിമാരുടേയും തപസ്വികളുടേയും ഭാരതം" എന്ന ഖ്യാതി ആർജ്ജിക്കുവാൻ സാധിച്ചു. എന്നാൽ ഇന്നത്തെ ഭാരതം "ജഡവാദ"ത്തിൽപ്പെട്ടു നട്ടം തിരിയുകയാണു്. നാം നമ്മെത്തന്നെ കളങ്കപ്പെടുത്തുന്നു. ഇന്നുവരെ ദേശത്തേയും സമുദായത്തേയും സേവിച്ച വ്യക്തികളുടെ മനസ്സിലും ഇന്നു ഈ "ജഡവാദ"ത്തിന്റെ പ്രവർത്തനംകൊണ്ടു ഉലച്ചിൽതട്ടിയതിന്റെ ഫലമായി അവരും ചെയ്യരുതാത്ത പ്രവൃത്തികൾ ചെയ്യുവാൻ മുതിർന്നുതുടങ്ങിയിട്ടുണ്ട്. തൽഫലമായി നമുക്കുണ്ടായിരിക്കുന്ന മാന്യസ്ഥാനത്തിനു സാരമായ ഹാനിസംഭവിച്ചിട്ടുണ്ട്. നമ്മുടെ ദുഃഖങ്ങൾ വർദ്ധിച്ചുവരുന്നു. ഇന്നത്തെ കാൺഗ്രസ്സുകാർപോലും അധികാരപ്രവർത്തനത്തിൽ മദിച്ചുപോയിട്ടുണ്ട്. അവർ ഗാന്ധിയെ ഒരു പൂജ്യവസ്തുവായിമാത്രം കരുതുന്നു. തന്റെ ജീവിതകാലത്തും ഭാവിയിലും ഉള്ള സംഗതികളെ മുൻകൂട്ടി അറിയുന്നതിനും മനസ്സിലാക്കുന്നതിനും ശക്തിയുള്ള ഒരു യഥാർത്ഥനേതാവായിരുന്നു ഗാന്ധിജി. അതുകൊണ്ടു് നമ്മുടെ ചെയ്തികളിൽ അദ്ദേഹം മുന്നറിയിപ്പുതന്നുകൊണ്ടിരുന്നു. മഹാത്മാജിയുടെ വാക്കുകളിൽ പറയുകയാണെങ്കിൽ 'ഇപ്പോൾ നാം അദ്ദേഹത്തിന്റെ ഉപദേശങ്ങളെ ചെവിക്കൊള്ളുന്നില്ല. മഹാത്മാവിന്റെ ഉപദേശങ്ങൾ അനുസരിച്ചു ജീവിച്ചു വിശ്വശാന്തി കൈവരുത്തുന്നതിനു ശരിയായ പംക്തി വഹിക്കുവാൻ ജഗദീശ്വരൻ നമുക്കു സദ്ബുദ്ധിപ്രദാനംചെയ്യട്ടെ.

# യഹൂദവിമാനങ്ങൾ അറബികളെ ബാംബുചെയ്തു

## അറബികൾ യരുശലേം പിടിക്കുവാൻ വട്ടംകൂട്ടുന്നു

യരുശലേം, മാർച്ച് ൨൭—യരുശലേമിനു തെക്കു് ഒരു യഹൂദകാൺവായിയെ ആക്രമിച്ച അറബികളെ നാലു യഹൂദവിമാനങ്ങൾ ഇന്നു വൈകുന്നേരം ബാംബുചെയ്തിരിക്കുന്നതായി ഔദ്യോഗികമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

യരുശലേംനഗരം മുഴുവൻ കൈവശപ്പെടുത്തുവാനുള്ള ഉദ്ദേശത്തിൽ അറബികൾ നഗരത്തിനു ചുററുമുള്ള സ്ഥലങ്ങളുടെ നേർക്കുള്ള ആക്രമണങ്ങൾ ഊർജ്ജസ്വലമാക്കിയിരിക്കുന്നതായി ഒരു യഹൂദഏജൻസിവക്താവു് പറയുന്നു. അങ്ങിനെ സംഭവിക്കുന്നപക്ഷം പാലസ്റ്റൈനിലെ യഹൂദർ പ്രത്യാക്രമണം നടത്താൻ നിർബന്ധിതരാകുമെന്നു വക്താവു പറയുന്നു. ഇപ്പോൾ ജർമ്മനിയിലുള്ള പതിനായിരംവരുന്ന ഡേനിഷും നാർവീജിയനും ഭടന്മാരെ ബ്രിട്ടീഷ പിന്മാററത്തിനുശേഷം യരുശലേമിൽ നിയമസമാധാനങ്ങൾ പാലിക്കുവാൻ സാർവ്വരാഷ്ട്രീയസേനയായി നിയമിക്കണമെന്നു് ഈ വക്താവു് ഒരു പ്രസ്സ് കാൺഫറൻസിൽ നിർദ്ദേശിക്കുന്നു. ഏതു പട്ടാളത്തെയാണു് അയക്കേണ്ടതെന്നു തീരുമാനിക്കേണ്ടതു് ഐക്യരാഷ്ട്രങ്ങളാണു്. തക്ക ഏർപ്പാടുകൾ ചെയ്യുന്നില്ലാത്തപക്ഷം ഏഴുവാരങ്ങൾക്കകം യരുശലേം ഒരു യുദ്ധക്കളമായിത്തീരുമെന്നും ആ വക്താവു പ്രസ്താവിച്ചു.

## അന്ധകാരമയമായ ദിവസങ്ങൾക്കുശേഷം

### ദീപം പ്രകാശിച്ചുതുടങ്ങുന്നതായി രാധാകൃഷ്ണൻ

മദ്രാസ് മാർച്ച് ൨൭—ശ്രീമതി രുഗ്മിണിദേവി ഭരതീയകലയ്ക്കു നൽകിയ അന്തസ്സിനും മാന്യതയ്ക്കും ഡാക്ടർ രാധാകൃഷ്ണൻ രുഗ്മിണിദേവിയ്ക്കു വലിയ പ്രശംസ നൽകിയിരിക്കുന്നു. ബസൻറ് ശതാബ്ദസ്ക്കൂളിന്റെ സഹായാർത്ഥം മൈലാപ്പൂരിൽവച്ചു നടന്ന ഭരതനാട്യപ്രദർശനത്തിന്റെ ഒടുവിൽ ഡാക്ടർ രാധാകൃഷ്ണൻ ഈ പ്രദർശനത്തെപ്പററി വലിയമതിപ്പു പ്രകടിപ്പിച്ചു. നമ്മുടെ നാട്യകലയുടെ വിവിധഘട്ടങ്ങളിൽക്കൂടിയാണു് പുനരുത്ഥാനം ഉണ്ടാകുവാൻ പോകുന്നതെന്നുള്ളതിനു എനിക്കു സംശയമില്ല. ശ്രീമതി രുഗ്മിണി പ്രദാനം ചെയ്തിട്ടുള്ളതു് ഒരു വലിയ കാര്യമാണു്. അവർ കലയ്ക്കു അന്തസ്സും മാന്യതയും നൽകിയിരിക്കുന്നു. നാം അന്ധകാരമയമായ ദിനങ്ങൾ കടന്നുകഴിഞ്ഞു. എന്നാൽ ദീപം ഇപ്പോൾ പ്രകാശിപ്പിച്ചുതുടങ്ങിയിരിക്കുന്നു

(എ. പി.)

## ശ്രീ: സി. കേശവന്റെ സാന്നിദ്ധ്യം

### എസ്. എൻ. ഡി. പി. വാർഷികസമ്മേളനത്തിൽ

കൊല്ലം മീനം ൧൫—എസ്. എൻ. ഡി. പി. യോഗം വാർഷികസമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഇന്നു ഉച്ചയ്ക്കുശേഷം സമ്മേളനപടികൾ അവസാനിച്ചിരിക്കവേ ഏകദേശം നാലുമണിയോടുകൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രീ: സി. കേശവൻ അവിചാരിതമായി സമ്മേളനസ്ഥലത്തിൽ സമാഗതനാകുകയുണ്ടായി. സദസ്യർ അദ്ദേഹത്തെ ആഹ്ലാദപൂർവ്വം സ്വീകരിച്ചു. ബഹു: മന്ത്രി ശ്രീ സി. കേശവൻ സദസ്യരെ ഇപ്രകാരം അഭിസംബോധനം ചെയ്തു.—

ജയ് ഹിന്ദ്,

ഈ സമ്മേളനത്തിൽ വന്നുചേരാൻ ഭാഗ്യമുണ്ടായതിൽ സന്തോഷിക്കുന്നു. ഇതു സാധിക്കുമെന്നു് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഇന്നു് ൧൧ മണിമുതൽ ൨ മണിവരെ ഔദ്യോഗികകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്ന ഞാൻ ഭാഗ്യംകൊണ്ടുമാത്രമാണു് ഇവിടെ വന്നുചേർന്നതു്. നിങ്ങളെല്ലാം അറിയുന്നതുപോലെ ജനകീയമന്ത്രിസഭയിൽ എന്നെയും ഒരുമന്ത്രിയായി തെരഞ്ഞെടുത്തിരിക്കുന്നു. ചാർജ്ജെടുത്തുകഴിഞ്ഞുവെങ്കിലും ഔദ്യോഗികമായി യാതൊരു പ്രവൃത്തിയിലും ഇതുവരെ ഞാൻ ഏർപ്പെട്ടിട്ടില്ല. ഇന്നു രാത്രിയാണു് അതു നിർവ്വഹിക്കേണ്ടിയിരിക്കുന്നതു്. അതിനകം ഈ യോഗത്തിൽ സന്നിഹിതനാകാൻ ഭാഗ്യമുണ്ടായതു് ശ്രീനാരായണഗുരുദേവന്റെ കരുണാകടാക്ഷംകൊണ്ടാണെന്നു് ഞാൻ വിശ്വസിക്കുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം റേഡിയോ ഇന്നു അപ്രാപ്യമായ ഒന്നല്ല. അതുകൊണ്ടു നിങ്ങളോടു പറയാനുള്ളതെല്ലാം മേലാൽ റേഡിയോവഴി സാധിക്കാമെന്നു കരുതുന്നു. തുടക്കത്തിൽത്തന്നെ വലിയ ചുമതലയും വൈഷമ്യവും നിറഞ്ഞതാണു് മന്ത്രിപദം. ഹജൂർകച്ചേരി ഒരു രഹസ്യകേന്ദ്രമാണു്. മന്ത്രാണം അവിടെ മനുഷ്യരുടെ മര്യാദ മയക്കുന്നുണ്ടു്. അതിനെ ശർമ്മഗൃഹം എന്നു പറയുന്നതുകൊണ്ടും തെററില്ല. വലിയ ഗർഭവേദനകൾ അവിടെ നടക്കുന്നുണ്ടു്. എന്റെ കീഴിലുള്ള വകുപ്പുകൾ ഏതൊക്കെയെന്നു നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ടു്. അതു് ഇവിടെ പ്രസ്താവിക്കാവുന്നതല്ല. മഹാരാജാവുതിരുമനസ്സിലെ അനുമതിയോടുകൂടി അതു് ഉടനെ പത്രങ്ങളിൽ പ്രസിദ്ധീകൃതമാകും. ചുമതല ഏററവർക്കു ജനകീയപിന്തുണയാണു് ഏററവും ആവശ്യം. ഈനിലയിൽ ഇവ ഒടുവിൽ നിങ്ങളുടെ സാമീപ്യവും സഹകരണം നേടുന്നതു യുക്തമാണല്ലോ. എന്റെ സഹമന്ത്രിമാരും ആ അഭിപ്രായത്തോടു അനുകൂലിക്കുന്നവരാണു്. പല പദ്ധതികളും ആലോചനയിലുണ്ടു്. നിങ്ങളുടെയും സ്വാമി തൃപ്പാദങ്ങളുടെയും അനുഗ്രഹംകൊണ്ടു് അതു വിജയപ്രദമാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിശ്വാസത്തിൽ ഞാൻ നിങ്ങൾക്കു യാത്ര പറയുന്നു. ജയ് ഹിന്ദ്. അനന്തരം മി: ആർ. ശങ്കർ ഇങ്ങനെ പ്രസ്താവിച്ചു. തീരെ അപ്രതീക്ഷിതമായ നിലയിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ: സി. കേശവൻ അവർകൾ യോഗത്തിൽ സന്നിഹിതനായതിലുള്ള സന്തോഷത്തിനു അതിരില്ല. ഔപചാരികമായി അദ്ദേഹത്തെ ക്ഷണിക്കാൻപോലുമുണ്ടായില്ല. മന്ത്രിയായാൽ അകന്നുപോകുമെന്നുള്ള തെററിദ്ധാരണ എനിക്കുണ്ടായിരുന്നു. അങ്ങിനെ ക്ഷണിക്കാതിരുന്നതാണു്. ഈ വമ്പിച്ച സംഘടനയിൽ സകലരും ഹാജരുള്ളപ്പോൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യമില്ലാതിരുന്നതിൽ അതിയായ ഖേദമുണ്ട്. രാജ്യത്തിന്റെ നാനാഭാഗത്തുനിന്നുമുള്ളവർ ഇന്നിവിടെ ഹാജരുണ്ടു്. അവർ അദ്ദേഹത്തിന്റെ സന്ദേശം നാടെങ്ങും പ്രചരിപ്പിച്ചുകൊള്ളും. അദ്ദേഹം യോഗത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ട ജനൽസെക്രട്ടറി എന്ന നിലയിൽ യോഗത്തിന്റെ പരിപൂർണ്ണമായ സഹായം ഞാൻ അദ്ദേഹത്തിനു വാഗ്ദാനംചെയ്യുന്നു. നമുക്കൊരാളും വിശ്വസ്തനും, സ്വന്തമായ ഒരാളെ മന്ത്രിയായി തെരഞ്ഞെടുത്തതിൽ നാം സന്തോഷിക്കുന്നു. അദ്ദേഹം യോഗത്തിന്റെ തണലുമാണു്. അദ്ദേഹത്തിന്റെ വിജയത്തിൽ നമ്മെക്കാൾ ആഹ്ലാദിക്കുന്നവരായി ആരും ഉണ്ടായിരിക്കുകയില്ല. യോഗത്തിന്റെ സകലവിധമായ പിന്തുണയും അദ്ദേഹത്തിനു പ്രതീക്ഷിക്കാം. ഇടന്നു മി: ആർ. ശങ്കർ ബഹു: മന്ത്രിയെ കരഘോഷമദ്ധ്യേ ഹാരമണിയിക്കുകയും ജയ്‌വിളികൾക്കിടയിൽ ബഹു: മന്ത്രി ഹാളുംവിട്ടു പോവുകയും ചെയ്തു.

## പശ്ചിമ-പൂർവ്വപഞ്ചാബ് തർക്കങ്ങൾ

### മദ്ധ്യസ്ഥസമിതിയുടെ അവാർഡ്

ലാഹൂർ മാർച്ച് ൨൭—പശ്ചിമപഞ്ചാബ് ഗവൺമെന്റും പൂർവ്വപഞ്ചാബ് ഗവൺമെന്റും തമ്മിലുള്ള ധന തർക്കങ്ങൾ എല്ലാം സംബന്ധിച്ചു് മദ്ധ്യസ്ഥസമിതി അവാർഡ് പുറപ്പെടുവിച്ചിരിക്കുന്നു. വിഭജിക്കപ്പെടുന്നതിനുമുൻപുള്ള പഞ്ചാബിന്റെ ആസ്തികളും ബാദ്ധ്യതകളും സംബന്ധിച്ചുള്ള കിഴക്കേപഞ്ചാബിന്റെ ഓഹരി ൪൦ ശതമാനമായി ഈ അവാർഡിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ൧൯൪൮ മാർച്ച് അവസാനംവരെ കിഴക്കേപഞ്ചാബ് പടിഞ്ഞാറെപഞ്ചാബിനു എലക്ട്രിക്‌സപ്ലൈ തുടരേണ്ടതാണു്. ൪൦. ൬൦ ആനുപാതികമനുസരിച്ചു് കിഴക്കേപഞ്ചാബിനു കനാൽ ഒന്നിനു് ൧൩ കോടി രൂപയോളം ലഭിക്കുന്നതാണു്. ലാഹൂർ യൂണിവേഴ്സിറ്റിയും വിഭജിക്കണമെന്നുള്ള കിഴക്കേപഞ്ചാബിന്റെ വാദത്തെ മദ്ധ്യസ്ഥസമിതി പിന്താങ്ങുന്നു. ഇതുസംബന്ധിച്ചു് മി ഏ. എൻ. ഗുപ്തയെ സമിതി നിയമിക്കുകയും ചെയ്യുന്നു. അമൃതസരസ്സിലെ സെൻട്രൽ വർക്ക്ഷാപ്പ്, ലാഹൂറിലെ ഇറിഗേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഗവ. കാളേജ്, വെറററിനറി കാളേജ്, ഇൻജിനീയറിംഗ് ടെക്നാളജി സംബന്ധിച്ച പഞ്ചാബ് കാളേജ്, ലയൽപൂർ അഗ്രിക്കൾച്ചറൽ കാളേജ് എന്നിവ വിഭജിക്കപ്പെടുന്നതല്ലെന്നും അനുബന്ധിച്ചു മറെറല്ലാതീരുമാനങ്ങളും സർവ്വസമ്മതമായിട്ടുള്ളതാണെന്നറിയുന്നു.

(എ-പി)

## ട്രസ്റ്റീഷിപ്പ് നിർദ്ദേശം

### അറബികൾ എതിർക്കുമെന്നു് ഗ്രാൻറ് മുഫ്തി

കെയ്റോ, മാർച്ച് ൨൭—പാലസ്റ്റൈനിൽ ട്രസ്റ്റീഷിപ്പ് ഏർപ്പെടുത്തണമെന്ന യു. എസ്. നിർദ്ദേശത്തെ അറബികൾ നിരസിക്കുന്നതാണെന്നു് യരുശലേം മുഫ്തി പ്രസ്താവിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു നടപടി എടുക്കുന്നതിനുമുമ്പ് ഈ നിർദ്ദേശത്തെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ അറബികൾ കാത്തിരിക്കയാണു്. (റായിട്ടർ)

## അടുത്തവർഷത്തേക്കുള്ള തെരഞ്ഞെടുപ്പ്

കൊല്ലം, മീനം ൧൫—യോഗത്തിന്റെ ഇന്നരാവിലെകൂടിയ സമ്മേളനത്തിൽവച്ചു ശ്രീ: എൻ. ഗോവിന്ദനെ പ്രസിഡണ്ടായും ശ്രീ. ആർ. ശങ്കരെ ജനറൽസെക്രട്ടറിയായും അഡ്വക്കേററു ശ്രീ. തഴവാ കേശവനെ ദേവസ്വംസെക്രട്ടറിയായും യോഗം ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. കൂടാതെ ൭ ബോർഡ്‌ഡയറക്ടറന്മാരെയും, ആഡിററായി മി: മാധവനെയും തെരഞ്ഞെടുക്കുകയുമുണ്ടായി. (സ്വ-ലേ)

# ഗാന്ധിജിയുടെ കർമ്മയോഗം *

പിച്ചനാട്ടു് കൃഷ്ണൻനായർ മാന്നാർ

ലോകത്തിൽ ഇന്നുവരെ ജന്മമെടുത്തിട്ടുള്ള മഹത്തായ പ്രസ്ഥാനങ്ങളിൽ ഉൽഭവവും സൃഷ്ടിക്കുന്നതിനുള്ള ഭാഗധേയം ഏഷ്യാഖണ്ഡത്തിനാണ് ലഭ്യമായിട്ടുള്ളത്. ഏഷ്യയിൽ ഇതരരാജ്യങ്ങളെ അപേക്ഷിച്ച് ഈ സംഗതിയിൽ മുന്നണിയിൽ നിൽക്കുന്നതു ഭാരതഭൂമിയാണ്. ഈ പുണ്യഭൂമിയിൽ; ത്യാഗംകൊണ്ടും തപോനിഷ്ഠകൊണ്ടും ബുദ്ധികൊണ്ടും ശൂരതകൊണ്ടും ഖ്യാതി ആർജ്ജിച്ചിട്ടുള്ള അനേകം മഹാന്മാർ ജനിച്ചിട്ടുണ്ട്. അവരുടെ മാഹാത്മ്യം രണ്ടുവിധത്തിലാണ്. പൂർവ്വജന്മസിദ്ധമായ ബുദ്ധിയും സംസ്കാരവുംകൊണ്ടു മോക്ഷപ്രദമായ ജീവിതം കഴിക്കുന്നവരാണ് ഒരുകൂട്ടർ. അവരുടെ മുഖ്യഗുണങ്ങൾ ഭക്തിയും ത്യാഗവും തപോനിഷ്ഠയുമാകുന്നു. പ്രഹ്ലാദനും ധ്രുവനും ഈ മാതൃകയിൽപ്പെട്ട മഹാന്മാരാണ്. ഇവരുടെ നാമശ്രവണമാത്രയിൽതന്നെ ആദരപൂർവ്വം നാം ശിരസ്സ് നമിക്കുന്നു. എന്നിരുന്നാലും നാം അവരെ ആദർശപുരുഷന്മാരായി ഗണിക്കുന്നില്ല. അവരുടെ പ്രവൃത്തനങ്ങൾ ജനസാമാന്യത്തിനുവേണ്ടിയുള്ളതായിരുന്നില്ല.

ഒരു മനുഷ്യജന്മത്തിൽ; മോക്ഷപദം ലഭിക്കത്തക്കവണ്ണം ജീവിതം സാധകമാക്കിത്തീർക്കുന്നവരാണ് രണ്ടാമത്തെ വിധത്തിലുള്ള മഹാന്മാർ. നമ്മെപ്പോലെതന്നെ ജീവിതം കഴിച്ചുകൂട്ടുകയും അതേസമയം അതീതശക്തിയോടു കൂടുതൽ അടുക്കുവാനുള്ള ശ്രമത്തിൽ വിജയം ലഭിക്കുകയും ചെയ്തിട്ടുള്ള ഇക്കൂട്ടരായിരിക്കും നമ്മുടെ ആദർശപുരുഷന്മാർ. ശ്രീരാമചന്ദ്രൻ, ശ്രീകൃഷ്ണഭഗവാൻ, ശ്രീബുദ്ധദേവൻ, ശ്രീയേശുക്രിസ്തു, പൈഗംബർ മുഹമ്മദുസാഹിബ്ബ് തുടങ്ങിയ മഹാത്മാക്കൾ ഈ ശ്രേണിയിൽപ്പെടുന്നു. സകലവിധ പ്രാപഞ്ചികദുഃഖങ്ങളിലുംപെട്ടു ഉഴലുന്ന സമയം ആന്തരാത്മാവിന്റെ ശക്തി ഉത്തരോത്തരം പരിപുഷ്ടിപ്പെടുത്തിക്കൊണ്ടു പോകേണ്ട ധർമ്മോപദേശം നമ്മുടെ ഈ പൂർവ്വികന്മാർ നമ്മെ നല്ലവണ്ണം പഠിപ്പിച്ചിട്ടുണ്ട്. അവർ മാർഗ്ഗദർശനം ചെയ്യാത്ത ഘട്ടങ്ങൾ മനുഷ്യജീവിതത്തിൽ ഇല്ലതന്നെ. എന്നാൽ തക്കതായ കാരണംകൂടാതെ സ്വയം അപ്രാപ്യമെന്നും അയോഗ്യമെന്നും ഉള്ള ധാരണ ജനിക്കുന്നതു് മനുഷ്യസഹജമാണ്. എന്നാൽ ഈശ്വരൻ തന്റെ സൃഷ്ടികളെ കാത്തുരക്ഷിച്ചുകൊണ്ടുതന്നെയിരിക്കുന്നു. മനുഷ്യന്റെ അല്പപ്രാപ്തിയും ദൗർബ്ബല്യവും മനസ്സിലാക്കുന്ന ജഗന്നിയന്താവ്, മനുഷ്യന് തന്റെ ശക്തിപ്പറ്റി ബോധം ഉണ്ടാകുന്നതിനായി, മനുഷ്യരൂപങ്ങളിൽ തന്റെ ദൂതന്മാരെ ലോകങ്ങളിലേക്ക് അയയ്ക്കുന്നു.

ഈശ്വരനിൽ അടിയുറച്ച ഭക്തിയുള്ളവർക്കും ലോകത്തു് സത്യം ജയിക്കുമെന്നു ബലമായി വിശ്വസിക്കുന്നവർക്കും മഹാത്മജി അപ്രകാരമുള്ള ദൂതനാണ്. എല്ലാവർക്കും മഹാത്മാവാകാൻ സാധ്യമല്ലെന്നാണ് ആളുകളുടെ ധാരണ. എന്നാൽ സ്വഭാവിൽ അതിരറ്റ നിശ്ചയമുള്ള ഏതൊരാൾക്കും അനായാസേന മഹാത്മാവായിത്തീരാമെന്നും എന്നാൽ മഹാത്മാവാണെന്നുള്ള ബോധം ഉണ്ടാകയില്ലെന്നും മഹാത്മജിയുടെ ജീവിതം തെളിവാണ്. ഒരു മനുഷ്യന് ഉണ്ടാകാവുന്ന സകലവിധ ഗുണങ്ങളും ദൗർബ്ബല്യങ്ങളുംകൊണ്ടാണ് അദ്ദേഹം ഭൂജാതനായതു്. എന്നാൽ 'സത്യം' ദീക്ഷിക്കുന്നതിനു് മാതാവു ഉപദേശിച്ചു. അന്നുമുതൽ സത്യത്തെ ഈശ്വരനായി അദ്ദേഹം ആരാധിച്ചു. അദ്ദേഹത്തിന്റെ ലൗകികവ്യാപാരങ്ങൾ സത്യത്തിൽ അധിഷ്ഠിതമായിരുന്നു. സത്യമാർഗ്ഗം അവലംബിക്കുന്നതിനു് നേരിട്ട പ്രതിബന്ധങ്ങളെയെല്ലാം അദ്ദേഹം എതിരിടുകതന്നെ ചെയ്തു. ഇതു് അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യം വെളിപ്പെടുത്തുന്നു. എതിരാളികളെ ക്ഷമപ്പെടുത്തുകയും ആവശ്യത്തിലധികം കഷ്ടപ്പെടുത്തുകയും ചെയ്യുന്നതിലുള്ള മനോഭാവം എങ്ങിനെയോ അദ്ദേഹത്തിൽ കടന്നുകൂടി. എന്നാൽ നാം എതിരിടേണ്ടതു് അസത്യത്തെയാണെന്നും തത്സമയം ഉണ്ടാകുന്ന സകല ബുദ്ധിമുട്ടുകളും യാതനകളും നാം ശാന്തചിത്തരായി സഹിക്കണമെന്നും മനസ്സ് അല്പംപോലും ചഞ്ചലപ്പെടാതെ സൂക്ഷിക്കണമെന്നും ഗാന്ധിജി പ്രവൃത്തിപഥത്തിൽക്കൂടി നമുക്കു കാണിച്ചുതന്നു. ഇതിനെയാണു് അദ്ദേഹം അഹിംസയെന്നു് നിർവ്വചിച്ചിരിക്കുന്നതു്. സത്യമാകുന്ന പരാശക്തിയെ കണ്ടെത്തുവാൻ അഹിംസയാകുന്ന ഉപകരണം ഉപയോഗിച്ചു് തന്റെ ജീവിതവും അതിനായി ബലി അർപ്പിച്ചു.

രാഷ്ട്രീയലോകത്തിൽ നിരവധി 'ഇസങ്ങൾ' വന്നുനിറയുന്നതു് നാം കാണുന്നു. നാസിസം, ഫാസിസം, സോഷ്യലിസം, കമ്മ്യൂണിസം ആദിയായ ശബ്ദങ്ങൾ നമുക്കു സുപരിചിതങ്ങളാണ്. ഓരോ ഇസത്തിന്റെയും അനുയായികൾ, ലോകത്തിലുള്ള സകല വിഷമതകൾക്കും പരിഹാരം നൽകാൻ അവരുടെ 'ഇസ'ത്തിനുമാത്രമേ ശക്തിയുള്ളുവെന്നു് ശക്തിയായി വാദിക്കുന്നു. എന്നാൽ ആദ്യം പറഞ്ഞ രണ്ടിസങ്ങളുടേയും ബീഭത്സരൂപം നാം കണ്ടുകഴിഞ്ഞു. അവയുടെ വിനാശകരങ്ങളായ ഫലങ്ങൾ നാം ഇന്നും അനുഭവിക്കുന്നു. എന്നാൽ ഇനിയത്തെ രണ്ടു് 'ഇസ'ങ്ങളും എങ്ങുംതന്നെ വളരുന്നതായി അറിവില്ല. അധികാരപ്രേമികളായ നേതാക്കന്മാർ സുഖസ്വപ്നം കാണിച്ചു് അജ്ഞരായ ജനതതിയെ തങ്ങളുടെ വലയിൽപ്പെടുത്തി വഞ്ചിച്ചുകളഞ്ഞു. എന്നാൽ ശ്രീമത് ഭഗവത്ഗീതയിൽ പറയുന്നു.

നാസതോ വിദ്യതേഭാവോ; നാഭാവോ വിദ്യതേ സതഃ

അസത്യം നിലനില്ക്കുകയില്ല. സത്യത്തിനു് നാശവുമില്ല. എങ്കിൽ നാം ചരിതാർത്ഥരായി.

ഇസങ്ങളുടെ കോലാഹലത്തിനിടയിൽ ഗാന്ധിജി വിചിത്രമായ ഒരു സ്വരം ആലപിച്ചു. സാമാന്യജനങ്ങൾ അതിനെ ഗാന്ധിസം എന്നു വിളിക്കുന്നു. എന്നാൽ "എനിക്കു് യാതൊരുവിധമായ ഇസവും ഇല്ല" എന്നു് അദ്ദേഹം പറയാറുണ്ടായിരുന്നു. അതുകൊണ്ടു് ഗാന്ധിജിയുടെ പദ്ധതിയെ "സേവാമാർഗ്ഗമെന്നോ" "കർമ്മമാർഗ്ഗ"മെന്നോ വിളിക്കുന്നതു് ഉപയുക്തമായിരിക്കും. ബാക്കി എല്ലാ ഇസങ്ങളുടേയും പരമലക്ഷ്യം അധികാരപ്രാപ്തിയാണ്. എന്നാൽ അതിനു നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളുടെ ഗുണദോഷവിവേചനം ചെയ്തിട്ടുമില്ല. എന്നാൽ "സേവാമാർഗ്ഗ"ത്തിന്റെ ലക്ഷ്യമാകട്ടെ പൊതുജനക്ഷേമം ആകുന്നു. അതിനുള്ള മാർഗ്ഗം സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായിരിക്കണമെന്നു് നിർബ്ബന്ധവുമുണ്ടു്. ഈ രണ്ടു ദീപസ്തംഭങ്ങളുടേയും അഭാവത്തിൽ ലോകസേവനം ദുഷ്കരമായിത്തീരുമെന്നു് അദ്ദേഹം ബലമായി വിശ്വസിച്ചു. പ്രതിദിനം പ്രാർത്ഥനയ്ക്കുശേഷം ഗാന്ധിജി ഉച്ചരിക്കാറുണ്ടായിരുന്നു.

"നത്വഹം കാമയേ രാജ്യം
ന ച സ്വർഗ്ഗം ന പുനർഭവം
കാമയേ ദുഃഖതപ്താനാം
പ്രാണിനാമാർത്തിനാശനം"

"ഞാൻ രാജ്യം ആഗ്രഹിക്കുന്നില്ല. സ്വർഗ്ഗം ഇച്ഛിക്കുന്നില്ല. മോക്ഷം ലഭിക്കണമെന്നു് എനിക്കു് അഭിവാഞ്ഛയുമില്ല. ദുഃഖപീഡിതരായ പ്രാണികളുടെ ദുഃഖം ശമിക്കണമെന്നുള്ളതാണു് ഞാൻ ആഗ്രഹിക്കുന്നതു്." ഇപ്രകാരം ആഗ്രഹിക്കുന്ന ഒരു വ്യക്തിക്കു് ഉദ്ദേശസാഫല്യത്തിനായി ബാഹ്യശക്തികളെ ആശ്രയിക്കാതെതന്നെ ആന്തരികശക്തികളെ വികസിപ്പിക്കുവാൻ കഴിയുന്നു. ഇതുതന്നെ ഗാന്ധിജി ചെയ്തതും.

ദക്ഷിണാഫ്രിക്കയിൽവെച്ചു് ഗാന്ധിജിക്കു് ഇതിന്റെ പ്രാരംഭികപരിശീലനം ലഭിച്ചു. സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ നിഷ്ഠയുടെ പ്രായോഗികപരീക്ഷണം നടന്നതും അവിടെ ആയിരുന്നു. തന്റെ ഉദ്യമത്തിൽ പരിപൂർണ്ണ വിജയം നേടി അദ്ദേഹം സ്വദേശത്തു് എത്തി; അദ്ദേഹം തന്റെ പരിപാടികൾ ഇവിടെയും തുടർന്നു. അദ്ദേഹത്തിന്റെ ഉപദേശം ആളുകൾക്കു് വളരെ ഇഷ്ടപ്പെട്ടു. അനുയായികളുടെ സംഖ്യ ദിനംപ്രതി വർദ്ധിച്ചു. ഗാന്ധിജിയുടെ രചനാത്മകപദ്ധതികൾ വളരെയാളുകളെ അദ്ദേഹത്തിന്റെ പക്ഷത്തു ചേർക്കുന്നതിനു് ഇടയാക്കി. ചേതാത്മകപദ്ധതികൾ പരസ്പരസ്നേഹമില്ലാതെ സാദ്ധ്യവുമല്ല. തന്നിമിത്തം ദേശത്തിന്റെ കോണിലും മൂലയിലും അദ്ദേഹത്തിന്റെ സന്ദേശങ്ങൾ ശ്രവിച്ചവേളയിൽതന്നെ അവിടെ സ്നേഹപൂരിതമായിത്തീർന്ന ദേശസേവകന്മാർ സംഘടിതശക്തി ഉണ്ടായി. തൽഫലമായി അഹിംസയുടെ പ്രബലശക്തിയിൽ അമങ്ങിഞെരിഞ്ഞു ഇംഗ്ലീഷുകാർ ഇവിടംവിട്ടുപോകുവാൻ നിർബ്ബന്ധിതരായിത്തീർന്നു.

ഇത്ര വലിയ പരിവർത്തനം വരുത്തിക്കൂട്ടിയ മഹാനാണെന്നുവരികിലും ഗാന്ധിജി സ്വയം ഈ പുണ്യത്തിനു് അർഹനാണെന്നു വിചാരിച്ചില്ല. ശ്രീമദ്ഭഗവദ്ഗീതയുടെ ഉപാസകനെന്ന നിലയ്ക്കു കർത്തവ്യംചെയ്യുന്നതു തന്റെ കടമയായി അദ്ദേഹം കരുതി. സൽപ്രവൃത്തിക്കു സൽഫലം ലഭിക്കുമെന്നുതന്നെ വിശ്വസിച്ചു. എന്നാൽ ഈ സൽഫലത്തിന്റെ ഉപജ്ഞാതാവായ അദ്ദേഹം പറയുന്നതു് "ഈശ്വരൻ എന്നെക്കൊണ്ടു ചെയ്യിക്കുന്നു. ഞാൻ ചെയ്യുന്നു' എന്റെ ശരീരവും, ബുദ്ധിയും ഉപകരണങ്ങൾമാത്രമാണ്. ആത്മാവിൽ കുടികൊള്ളുന്ന ഈശ്വരചൈതന്യം അവയ്ക്കു പ്രേരണ നൽകുന്നു" എന്നാണ്.

മററു ഇസങ്ങളെപ്പററി കൂലങ്കഷമായ അദ്ധ്യയനം നടത്താതെ അവ നമുക്കു ശരിക്കു മനസ്സിലാകുന്നതല്ല. അതിനുശേഷംമാത്രമേ അവ സ്വീകാര്യമാണെന്നു വിചാരിക്കുവാൻ നിവൃത്തിയുമുള്ളൂ. എന്നാൽ ഗാന്ധിജിയുടെ സിദ്ധാന്തത്തിൽ പ്രഥമമായി അതിന്റെ പ്രായോഗികപരിശീലനം നടത്തുകയാണുവേണ്ടതു്. പിന്നീടു മാത്രമേ അതിന്റെ അദ്ധ്യയനം നടത്തുന്നതു സുകരമായി ഭവിക്കുകയുമുള്ളൂ. ആത്മാവും ശരീരവുംതമ്മിലുള്ള ബന്ധത്തെപ്പററിയുള്ള ജ്ഞാനമാണു ഏററവും വലിയ ജ്ഞാനം. ആത്മാവും ശരീരവും ഒന്നാണെന്നു വിശ്വസിക്കുന്നവർക്കു സേവനം അനുഷ്ഠിക്കുവാൻ സാദ്ധ്യമല്ല. മരണഭീതി അവരെ വിട്ടുമാറുന്നില്ലെന്നുള്ളതാണു് കാരണം. ഗീത ഉദ്ഘോഷിക്കുന്നവിധം അവർ ആത്മാവിന്റെ അനശ്വരതയെപ്പററി വിശ്വാസം ഉളവാക്കേണ്ടിയിരിക്കുന്നു. പ്രവൃത്തിപരിധി വികസിക്കുന്നതിനോടൊപ്പംതന്നെ ഈ വിശ്വാസവും വികസിക്കുന്നുവെന്നു ഗാന്ധിജിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ആന്തരികവും ബാഹ്യവുമായ നമ്മുടെ ഗതി ഒന്നുതന്നെയായിരിക്കണമെന്നുള്ള വ്യവസ്ഥ പാലിക്കണം. അപ്രകാരം വർത്തിക്കുന്നില്ലെങ്കിൽ ഏതെങ്കിലും അവസരത്തിൽ

(ശേഷം ഏഴാംപേജിൽ)

* ഹിന്ദിയിൽനിന്നു്

THE VAIKUNDAM (TRAVANCORE) RUBBER COMPANY LTD.

(Incorporated in Travancore)

In pursuance to Section 84 of the Travancore Companies Act IX of 1114 Notice is hereby given that the Second Ordinary General Meeting of Shareholders of The Vaikundam (Travancore) Rubber Company Limited will be held at the Registered Office of the Company at Quilon on Wednesday the 14th April 1948, at 3 P. M. for the following purposes viz:—

1. To receive and consider the Statement of Accounts and the Report of the Directors for the year ended 31st December 1947.
2. To declare a Dividend.
3. To elect a Director in place of the one retiring.
4. To appoint Auditors for 1948 and fix their remuneration.
5. To transact any other ordinary business that may arise.

In accordance with the Company's Articles of Association, the Transfer Books will be closed from the 9th to 16th April 1948, both days inclusive.

*By order of the Directors,*

Quilon, 29th March 1948.

Harrisons & Crosfield Ltd.
Agents & Secretaries.

Also showing father of the nation Mhatma Gandhis last Journey.

Only 3 Days
From 29th March 1948

**At Lakshmi Talkies, Quilon.**

RKO Radio Pictures Presents-

**THE PRINCESS AND THE PIRATE.**

In Glorious Technicolor.

കൊല്ലം ലക്ഷ്മിടാക്കീസിൽ

16—8—123 (29—3—'48) മുതൽ മൂന്നുദിവസംമാത്രം.

**കുമാരിയും കടൽക്കള്ളനും**

എന്ന ഇംഗ്ലീഷ് പടവും രാഷ്ട്രപിതാവു് മഹാത്മാഗാന്ധിയുടെ 'അന്ത്യയാത്ര' എന്ന ന്യൂസ്റീലും കാണിക്കുന്നതാണു്

# സഹകരണം— സാമാന്യതത്വങ്ങൾ*

ശ്രീ. ജി. ആർ. പിള്ള

പൊതുവായ ഉദ്ദേശത്തെ ലാക്കാക്കി ഒത്തൊരുമിച്ച് പ്രവർത്തിക്കുക എന്നുള്ളതു് മാത്രമെ സാമാന്യമായി സഹകരണം എന്ന വാക്കുകൊണ്ടു വിവക്ഷിക്കപ്പെടുന്നുള്ളു. ഈ അർത്ഥത്തിൽ മനുഷ്യന്റെ പുരോഗതിയ്ക്കു് ലോകത്തിൽ ആദ്യകാലം മുതൽതന്നെ സഹകരണം അത്യന്താപേക്ഷിതമായിരുന്നു. ഏക്കാലം മുതൽക്കേ, ഐകമത്യത്തിലാണ് മഹാബലമെന്നും സഹകരണത്തിലാണ് വിജയമെന്നും ലോകം ധരിച്ചിട്ടുണ്ട്.

വ്യക്തിത്വത്തിന്റെ മുന്നോട്ടുള്ള പോക്കിൽ, അതു് ദുർബലനെ ചവിട്ടിത്താഴ്ത്തുകയും മാത്സര്യത്തെയും ക്രൂരതയേയും സമുദായത്തിൽ അഴിച്ചുവിടുകയുംചെയ്യും. സ്വന്തം താല്പര്യങ്ങളുടെ പരിരക്ഷണത്തിനുവേണ്ടി എന്തും ചെയ്യുവാൻ സന്നദ്ധനായ വ്യക്തി, സമുദായത്തിന്റെ പുരോഗതിയെ തടസ്ഥപ്പെടുത്തുകയാണ് ചെയ്യുന്നതു്. കാലാകാലങ്ങളിൽ സ്ഥിതിസമത്വം പരിരക്ഷിച്ചുവരുന്ന ലോകനീതി വിപ്ലവങ്ങളെ ഉണ്ടാക്കി സമുദായാന്തരീക്ഷം കലുഷമാക്കി. വലിയ ഇളക്കങ്ങൾ ഉണ്ടാക്കാതെ കഴിക്കണമെങ്കിൽ, സാധുക്കളുടെ സംരക്ഷണാർത്ഥം സ്ഥായിയായ പരിശ്രമങ്ങൾ ചെയ്യേണ്ടതാണെന്നുള്ള പരമാർത്ഥം അതു വെളിപ്പെടുത്തി. സഹകരണപ്രസ്ഥാനത്തിന്റെ ലക്ഷ്യം അതാണ്,—സാധുസംരക്ഷണം. അവർക്ക് വേണ്ടത്ര ശക്തിയുണ്ടാക്കിക്കൊടുത്ത് അവരെ രക്ഷിക്കുകയെന്നുള്ളതാണ് അതിന്റെ ഉദ്ദേശം. ബലവാന്മാരുടെ മുന്നോട്ടുള്ള യാത്രയെ അതു പ്രതിരോധിക്കുന്നില്ല. അതു ദുർബ്ബലന്മാരുടെ പ്രസ്ഥാനമാണ്. പരസ്പരസഹായമാണ് അതിന്റെ ആണിക്കല്ല്. പരോപകാരമാണ് അതിന്റെ ഉത്തേജകശക്തി.

പ്രവർത്തകന്മാർക്കെല്ലാം ഒരേതരത്തിൽ പ്രതിഫലം കിട്ടണമെന്നാണ് സഹകരണപ്രസ്ഥാനം ഉദ്ബോധിപ്പിക്കുന്നതു്. നീതിവിതരണമാണ് അതിന്റെ ആദർശം. ചെയ്യുന്ന ജോലിയുടെ തോതനുസരിച്ചുള്ള പ്രതിഫലത്തിനു എല്ലാപേർക്കും അവകാശമുണ്ടെന്നാണ് സഹകരണപ്രസ്ഥാനത്തിന്റെ നിബന്ധന.

സഹകരണപ്രസ്ഥാനം ഒരു സാമ്പത്തികപ്രസ്ഥാനമാണ്: സാധാരണയായി മുതലും വേലയും തമ്മിലുള്ള സംയോജനത്തിൽനിന്നാണ് സാമ്പത്തികഫലങ്ങൾ ഉണ്ടാകുന്നതു്. എന്നാൽ മുതലാളിയുടെയും തൊഴിലാളിയുടെയും താല്പര്യങ്ങൾ എത്രയോ അകന്നതാണ്. അവ പരസ്പരം മത്സരിക്കുകയും ഒന്നിനെമറ്റൊന്നു കടന്നുപോകുവാൻ ശ്രമിക്കുകയുംചെയ്യുന്നു. സഹകരണപ്രസ്ഥാനത്തിൽ ഈ മത്സരം ഇല്ല. ധനസംബന്ധമായ അവശതകളനുഭവിക്കുന്ന ഒരുകൂട്ടം ആളുകൾ അവരുടെ സാമ്പത്തികശക്തി വർദ്ധിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഒരുമിച്ചുചേരുകയും ആ സങ്കല്പസംഘത്തിനായി ധനാഗമമാർഗ്ഗങ്ങളിലെല്ലാം ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും അതിൽനിന്നുണ്ടാകുന്ന ലാഭത്തെ ന്യായമായ രീതിയിൽ ഭാഗിച്ചെടുക്കുകയുംചെയ്യുക എന്നുള്ളതാണ് സഹകരണത്തിന്റെ മൂലതത്വം. സഹകരണപ്രസ്ഥാനത്തിന്റെ പിമ്പിൽകിടക്കുന്ന മനോഭാവം ശാന്തവും പ്രവൃത്തിപരവുമാണ്.

ഒരു സാമ്പത്തികപദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന സകലരുടേയും ക്ഷേമത്തേയും അഭ്യുദയത്തേയും മുൻനിർത്തിയാണ് പരസ്പരസഹായതത്വം രൂപീകരിച്ചിരിക്കുന്നതു്. സാധനങ്ങൾ ഉണ്ടാക്കുന്ന ഉല്പാദകന്മാത്രമെ അതിൽനിന്നുകിട്ടുന്ന ലാഭത്തിനു് അവകാശമുള്ളു എന്നുള്ളതാണ് സാധാരണ കച്ചവടനിയമം. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി ലാഭത്തിന്റെ മൂലസ്ഥാനം സാധനങ്ങൾ ഉപയോഗിക്കുന്നവനാണെന്നും അതുകൊണ്ടു അവനു് കഴിയുന്നത്ര ലാഭത്തിൽ നല്ല സാധനങ്ങൾ കൊടുക്കുന്നതിനു വേണ്ട പരിശ്രമം ചെയ്യേണ്ടതാണെന്നും ഉള്ളതാണ് സഹകരണതത്വവീക്ഷ. സഹകരണപ്രസ്ഥാനത്തിൽ ഉല്പാദകന്റേയും ഉപഭോക്താവിന്റേയും താല്പര്യങ്ങൾ യോജിപ്പിക്കപ്പെടുന്നു. ഉണ്ടാക്കുന്ന സാധനത്തിനു ശരിയായ വില ഉല്പാദകനു കിട്ടുന്ന അവസരത്തിൽത്തന്നെ വാങ്ങുന്ന സാധനത്തിനു ശരിയായ വില മാത്രം കൊടുക്കേണ്ട ആവശ്യമേ ഉപഭോക്താവിനുണ്ടാകുന്നുള്ളു. സാധാരണ കച്ചവടങ്ങളിൽ സാമാനങ്ങൾ ഉണ്ടാക്കുന്നവന്റേയും വാങ്ങുന്നവന്റേയും ഇടയ്ക്കായി ഒരു ഇടനിലക്കാരനുണ്ടാകും. ലാഭത്തിന്റെ സിംഹഭാഗം ഈ ഇടനിലക്കാരൻ തട്ടിയെടുക്കുന്നു. ഈ ഇടനിലക്കാരനെ ഇല്ലാതാക്കുന്നതിനും അവനുണ്ടാകുന്ന ലാഭം സാധനങ്ങൾ ഉണ്ടാക്കുന്നവനും വാങ്ങുന്നവനും തമ്മിൽ വീതിച്ചെടുക്കുന്നതിനും സഹകരണപ്രസ്ഥാനം സാധ്യമാക്കുന്നു.

ഇതിൽനിന്നും സഹകരണപ്രസ്ഥാനത്തിന് നമ്മുടെ സാമ്പത്തികജീവിതവുമായുള്ള അഭേദ്യബന്ധം പ്രസ്പഷ്ടമാകുന്നുണ്ടല്ലോ. എന്നാൽ, ഈ പ്രസ്ഥാനം കേവലം സാമ്പത്തികം മാത്രമല്ല; അതിന് ആത്മീയമായ ഒരു വശംകൂടിയുണ്ട്. സഹകരണപ്രസ്ഥാനം സാമൂഹ്യചിന്തയേയും സാമൂഹ്യപ്രവർത്തനത്തേയും സ്വാശ്രയശക്തിയേയും ഐകമത്യത്തേയും ഉത്തേജിപ്പിക്കുന്നു. ഉന്നതിക്കായുള്ള പരിശ്രമത്തേയും അഭ്യുദയത്തോടുകൂടിയ ജീവിതത്തേയും അതു് ലക്ഷ്യമായി സ്വീകരിക്കുന്നു. അതിൽനിന്നും ഉത്തമന്മാരായ പൗരന്മാരും ഉത്തമമായ സമുദായവും ഉണ്ടാകുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു.

വ്യക്തിത്വം, മത്സരം, മുതലാളിത്വം ഇവയായിരുന്നു പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലെ സമുദായജീവിതത്തിന്റെ പ്രധാനഘടകങ്ങൾ. ധനികന്മാരുടെ ശക്തിയിലാണ് രാജ്യങ്ങളും രാജ്യഭരണങ്ങളും സ്ഥാപിക്കപ്പെട്ടിരുന്നതു്. പ്രാതിനിധ്യസ്ഥാപനങ്ങൾ വളരെ സങ്കുചിതമായ പ്രവർത്തനം മാത്രമേ അക്കാലത്തുണ്ടായിരുന്നുള്ളു. ശക്തന്മാരുടെ ആജ്ഞയ്ക്കു് തലകുനിക്കുക എന്നുള്ളതുമാത്രമായിരുന്നു അവരുടെ ചുമതല എന്നാണ് പ്രതിനിധിസംഘങ്ങളും ജനസാമാന്യവും വിചാരിക്കുന്നതു്. ആ വിധേയത്വത്തിൽനിന്നു ശരിയായ ജനകീയപ്രസ്ഥാനം വളർന്നുവന്നതിനിടയിലുള്ള ഒരു സുപ്രധാനഘട്ടത്തെയാണ് സഹകരണപ്രസ്ഥാനത്തിന്റെ ജനനം കാണിക്കുന്നതു്.

സംഘടിതമായി പ്രവർത്തിക്കുകഎന്നുള്ള വിഭാവന ആദ്യമായി പ്രസ്പഷ്ടമായതു് ഇംഗ്ലണ്ടിലെ 'സേവിംഗ്സ് ആൻഡ് ബിൽഡിംഗ്സ് ലോൺ അസോസിയേഷൻസ്' എന്നുള്ള സംഘങ്ങളിലാണ്. നവീനമായ ഈ ആശയത്തിനു വളരെ ദ്രുതമായ പ്രചാരം കിട്ടിയതിന്റെ ഫലമായി, ഒരു അൻപതു വർഷങ്ങൾകൊണ്ടു ഇമ്മാതിരി സംഘങ്ങൾ യൂറോപ്പിലും അമേരിക്കയിലും എവിടെയും കാണാമാറായി. എന്നാൽ അസംഖ്യാതത്വം അതിനു രൂപഭേദങ്ങൾ നൽകിയില്ല. ഈ സംഘടനയിൽ ആവിർഭവിച്ച സഹകരണാശയത്തിന്റെ പ്രാരംഭങ്ങളും വളർച്ചയും [illegible] അന്വേഷിക്കേണ്ടതായിരുന്നു.

സഹകരണത്തിന്റെ വളർച്ചയുടെ പിൻപിലുള്ള ശക്തി വ്യവസായികവിപ്ലവംതന്നെയായിരുന്നു. യന്ത്രയുഗത്തിന്റെ അവതരണത്തിന്റെ ഝടിതി തന്നെ അനേകായിരം ആളുകളുടെ വീടും കുടിയും ഇല്ലാതാക്കി. പണക്കാരൻ കൂടുതൽ ധനികനാകുകയും പാവപ്പെട്ടവൻ കൂടുതൽ ദരിദ്രനാകുകയും ചെയ്തു. പുതിയ ആശയങ്ങളിൽ അധിഷ്ഠിതമായ ഒരു സാമുദായിക രൂപീകരണത്തിന്റെ ആവശ്യകത എല്ലാപേരും അംഗീകരിക്കുകതന്നെ ചെയ്തു. "ഇൻഡിവിഡ്വലിസം"ആണ് നല്ലതെന്നു ചിലരും "കമ്മ്യൂണിസം"ആണ് നല്ലതെന്നു മറ്റുചിലരും ഇവ രണ്ടുമല്ല സംഘടിതപ്രയത്നത്തിനുള്ള വേലക്കാരുടെ സമൂഹങ്ങളാണ് നല്ലതെന്നു മൂന്നാമതൊരു കൂട്ടരും വാദിച്ചു. എന്നാൽ ഈ അഭിപ്രായങ്ങളും അവയെ ആധാരമാക്കിയുള്ള തർക്കങ്ങളും അമിതലാഭസക്തന്മാരുടെ വലിയ വിലകളിൽനിന്നും വലിയ പലിശകളിൽ നിന്നും സാധുക്കളെ രക്ഷിക്കുവാൻ പര്യാപ്തമായില്ല. ഈ യാതനകളിൽനിന്നും ലോകത്തെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള തീവ്രപ്രയത്നങ്ങളുടെ ഇടയിൽനിന്നുമാണ് ആദ്യത്തെ സോഷ്യലിസ്റ്റും, സഹകരണ സംഘടനാതത്വത്തിനു ആദ്യമായി പ്രായോഗികത്വം നൽകിയ മഹാനുമായ "റോബർട്ട് ഓവൻ" പ്രമുഖനായി പ്രത്യക്ഷപ്പെട്ടതു്.

"സോഷ്യലിസം" "സഹകരണപ്രസ്ഥാനം" എന്നീ വാക്കുകളുടെ ജനയിതാവു് റോബർട്ടുഓവനാണ്. ആദ്യകാലങ്ങളിൽ ഈ രണ്ടു പദങ്ങളും ഒരേ ഒരു ആശയത്തിന്റെ പര്യായശബ്ദങ്ങളായിട്ടാണ് ഗണിക്കപ്പെട്ടിരുന്നതു്. ഓവന്റെ ആശയങ്ങൾ, ജനനസമയത്തെ പരിമിതികളെ അതിലംഘിച്ചു, തത്വങ്ങളിൽതന്നെ വലിയ അന്തരങ്ങളുടെ രണ്ടു ശാഖകളോടുകൂടിയ ഒരു വലിയ വൃക്ഷമായി വളർന്നുവന്നു. സാധനങ്ങളുടെ ഉല്പാദനത്തിനും അവയുടെ ക്രയവിക്രയങ്ങൾക്കുമായി വ്യക്തികൾതന്നെ സ്വമനസ്സാലെ പരസ്പരസഹായതത്വത്തിന്മേൽ പ്രവർത്തിക്കുന്ന ഒരു സംഘടനയെ ആധാരമാക്കി അദ്ദേഹം സഹകരണപ്രസ്ഥാനാശയം രൂപീകരിക്കുകയും അതിനു പ്രാധാന്യം നൽകുകയും ചെയ്തു. സമുദായത്തിൽ ദൂരീകരണം ആവശ്യമുള്ള പല വൈഷമ്യങ്ങളും ഇല്ലാതാക്കുവാൻ ഈ സംഘടനയ്ക്കു സാധിക്കുമെന്നു് അദ്ദേഹം ആശിച്ചു. എന്നാൽ സോഷ്യലിസ്റ്റ് ആശയം ഇതോടുകൂടി യോജിച്ചില്ല. ആദ്യം മുതൽ തത്വത്തിൽതന്നെ വിഭിന്നമായി പ്രവർത്തിച്ച അവർ കമ്മ്യൂണിസം, ഫേബിയനിസം എന്നീ വഴികളിൽകൂടി പിരിഞ്ഞുപോയി. ബാഹ്യപ്രേരണയൊന്നുമില്ലാതെ, പ്രത്യേക പ്രവർത്തനങ്ങൾക്കായി ഒരുമിച്ചുകൂടുന്ന ചില വ്യക്തികളുടെ ചെറിയചെറിയ സംഘങ്ങളുമായി സഹകരണപ്രസ്ഥാനം രൂപഭേദം പ്രാപിക്കയുംചെയ്തു.

അടുത്ത കുറേക്കാലത്തേക്കു, സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രം, വെറും പരീക്ഷണങ്ങളുടെയും പരാജയങ്ങളുടെയും കഥകൾ മാത്രമായിരുന്നു. എങ്കിലും ആ ആശയം ശേഷിക്കുകയും സജീവമായിത്തന്നെ അതു പരിരക്ഷിക്കപ്പെടുകയുംചെയ്തു. പുതിയ പരിശ്രമങ്ങൾ പലതിൽനിന്നും [illegible] പ്രസ്താവയോഗ്യമായ വിജയം സിദ്ധിച്ചതു്, 'റാഷ്ഡെയിൻപ്രഥമന്മാർ' എന്നു പിൽക്കാലങ്ങളിൽ പ്രസിദ്ധന്മാരായിത്തീർന്ന ഒരു ഫ്ളാനൽ നെയിത്തുകാരുടേതായിരുന്നു. ദരിദ്രരും എന്നാൽ ഉത്സാഹശീലരുമായിരുന്ന ഇവർ സ്ഥാപിച്ച സ്റ്റോർ, അനന്തരകാലങ്ങളിൽ അഭൂതപൂർവമായ വിജയംസമ്പാദിച്ചു, അനേകലക്ഷം ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്ന വിതരണ സഹകരണത്തിന്റെ ആദ്യസ്ഥാപനമായിരുന്നു. ഇന്നു്, വൻതരം വ്യവസായശാലകളുടേയും കാർഷികവ്യവസായത്തിന്റേയും ഗതാഗതസൗകര്യങ്ങളുടെയും നിയന്ത്രണം വഹിക്കുന്ന വൻപിച്ച ഉപഭോക്തൃ സഹകരണമായി അതു വളർന്നുവന്നിരിക്കുന്നു.

വിതരണസംഘത്തിന്റെ ആവിർഭാവത്തിനുശേഷം സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയുടെ രംഗം ഇംഗ്ലണ്ടിൽനിന്നും ഫ്രാൻസിലേക്കു മാറി. സഹകരണധനശാസ്ത്രത്തിന്റെ ആദ്യപാഠങ്ങൾ

(ശേഷം പത്താംപേജിൽ)

* വൃ. ൧. ഫ്രവരി-ൽ തിരുവനന്തപുരം റേഡിയോനിലയത്തിൽനിന്നു പ്രക്ഷേപണംചെയ്തതു്.

## യു. എസ്. എ. യിലെ പുതിയ ബ്രിട്ടീഷ് അംബാസഡർ



അംബാസഡർ ഇൻവർചാപ്പൽപ്രഭുവിനു പകരം നിയമിതനായിരിക്കുന്ന സർ ഒളിവർ ഫ്രാങ്ക്സ്. കഴിഞ്ഞവർഷം പാരീസിൽവച്ചു നടത്തപ്പെട്ട "യൂറോപ്പിനെ രക്ഷിക്കുന്ന"തിനുള്ള സമ്മേളനത്തിലെ ബ്രിട്ടീഷ് സാമ്പത്തികവിദഗ്ദ്ധസംഘത്തിന്റെ നേതാവായിരുന്നു സർ ഒളിവർ.

(ഒൻപതാംപേജിൽനിന്നും തുടർച്ച)

ഉതവിട്ട 'ഫ്രെഞ്ച് ലിബറേറ്ററി' എന്ന സ്ഥാപനത്തിന്റെ ജനനസ്ഥലം എന്ന നിലയ്ക്കു ഫ്രാൻസ് സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ പ്രധാനമായ ഭാഗം കരസ്ഥമാക്കിക്കഴിഞ്ഞു. ഫൂറിയർ, ബ്യുഷേ, പെറിജോസഫ്, പ്രൂധോൻ എന്നീ വ്യവസായശില്പികന്മാർ സഹകരണോല്പാദനത്തെ ഫ്രാൻസിൽ പ്രചരിപ്പിക്കുന്നതിനു വളരെ പ്രയത്നിച്ചു. അവർ സ്വയംപര്യാപ്തങ്ങളായ കോളനികളും സ്വയം ഭരണസ്ഥാപനങ്ങളായ കരകൗശലശാലകളും സ്ഥാപിക്കുന്നതിനാണു ശ്രമിച്ചതു്. അവരുടെ പക്കൽനിന്നും ധാരാളമായി സാധനങ്ങൾ വാങ്ങിയും അവർക്കു വായ്പയും സംഭാവനകളും കൊടുത്തും ഫ്രഞ്ചു ഗവർമ്മെന്റു അവരെ ധാരാളമായി സഹായിച്ചെങ്കിലും അവരുടെ വിജയം ഹ്രസ്വകാലത്തേക്കുമാത്രമെ നിലനിന്നുള്ളു.

കഴിഞ്ഞ നൂറ്റാണ്ടിൽ എവിടെയും എങ്ങും പൊതുവായ അസമാധാനം പൊന്തിച്ചുകൊണ്ടുവന്ന ആ ചരിത്രപ്രധാനമായ വർഷം ൧൮൪൮ ആണു. ആദ്യത്തെ യഥാർത്ഥ ക്രെഡിറ്റ് യൂണിയൻ ആ വർഷത്തിലാണു് സ്ഥാപിച്ചതു്. ഫ്രാൻകോയിസ് ഹെയ്ക്ക് എന്നയാൾ ബെൽജിയത്തിൽ ആദ്യത്തെ ധനസഹായ സഹകരണസംഘം സ്ഥാപിച്ചു. എന്നാൽ വിവേചനംകൂടാതെ അംഗങ്ങളെ ചേർത്തുകൊണ്ടും ഭരണം കാലാന്തരത്തിൽ ധനികന്മാരുടെ കുത്തകയായി തീർന്നതുകൊണ്ടും അതു പരാജയപ്പെട്ടു. അതുകൊണ്ടു സഹകരണ പ്രസ്ഥാനത്തിന്റെ ധനസഹായ ശാഖ പ്രായോഗികമായ വിജയത്തിൽ വരുത്തിയതിനുള്ള പ്രശസ്തി ബെൽജിയംകാർ ജർമ്മനിക്കു വിട്ടുകൊടുക്കേണ്ടതായിവന്നു. ജർമ്മനിയിൽ ഷൂൾസ എന്നും റായിഫീസൻ എന്നും പേരായ രണ്ടുപേർ നാഗരികസംഘങ്ങളുടെയും ഗ്രാമസംഘങ്ങളുടെയും പ്രവർത്തനരീതികൾ ക്രമീകരിച്ചു പ്രചാരപ്പെടുത്തി.

അതിൽപിന്നീടുള്ള സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രം ഒരു ചങ്ങല വിജയങ്ങളുടെ മാത്രമാണു്. ഗോരസവ്യവസായങ്ങൾ സഹകരണരീതിയിൽ സംഘടിപ്പിച്ചാൽ അതിൽ എത്രമാത്രം വിജയം സിദ്ധിക്കുമെന്നുള്ളതു് ഡെന്മാർക്ക് പ്രത്യക്ഷപ്പെടുത്തി. ഒരു പാവപ്പെട്ട രാജ്യത്തിലെ പാവപ്പെട്ട ആളുകൾക്കു് സഹകരണപരമായ പ്രയത്നങ്ങൾകൊണ്ടു് എത്ര വലിയ ഐശ്വര്യം സ്വായത്തമാക്കുവാൻ സാധിക്കുമെന്നുള്ളതു ഡെന്മാർക്കിൽനിന്നും പഠിക്കുവാൻ കഴിയും. കൂലിവേലക്കാരെ സഹകരണപ്രസ്ഥാനംവഴി സംഘടിപ്പിച്ചതു ഇറ്റലിയിലാണു്. ഭവനനിർമ്മാണത്തിലും റോഡുണ്ടാക്കുന്നതിലും മറ്റു ജോലികൾ ചെയ്യുന്നതിലും ഇറ്റലിയിലെ കൂലിവേലക്കാരുടെ സഹകരണസംഘങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടു്. അമേരിക്കയിലെ വിക്രയസംഘങ്ങളാണു് പ്രസ്ഥാനത്തിന്റെ വിപണനശാഖയിലെ വിജയം കൈവരിച്ചിരിക്കുന്നതു്. ഇങ്ങനെ ലോകത്തിന്റെ നാനാഭാഗങ്ങളിലും ജീവിതത്തിന്റെ നാനാഭാവങ്ങളിലും സഹകരണം വിജയകരമായി ഇന്നു പ്രവർത്തിക്കുന്നു.

ഇത്രവളരെ കഷ്ടതകളുടെയും ക്ലിഷ്ടതകളുടെയും യാതനകളുടെയും ഫലമായി ലോകം സമ്പാദിച്ച ഈ മഹത്തായ പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണു? പ്രസ്ഥാനത്തിന്റെ സിദ്ധാന്തങ്ങൾ വിശകലനം ചെയ്തുനോക്കിയാൽ പ്രധാനമായി മൂന്നു തത്വങ്ങൾ എല്ലാത്തരം സംഘടനകളേയും നിയന്ത്രിക്കുന്നതുകാണാം. പാഴ്ചെലവുകൾ ഫലപ്രദമായി ഇല്ലാതാക്കുകയും മിതവ്യയശീലം വളർത്തുകയും ചെയ്യുക, സഹകരണതത്വത്തെ സംബന്ധിച്ചു അഭ്യസനം നല്കുക, സഹകാരികളുടെ പൊതുസംസ്കാരത്തെ ഉയർത്തുക എന്നിവയാണു അവ. ഒരു സഹകരണസംഘത്തിലെ എല്ലാ അംഗങ്ങളും മറ്റെല്ലാ അംഗങ്ങളുടെയും ക്ഷേമൈശ്വര്യങ്ങളിൽ ബദ്ധശ്രദ്ധരായിരിക്കണം. ഇതിനെയാണു് വ്യക്തി സമുദായത്തിനും സമുദായം വ്യക്തിക്കും വേണ്ടി ജീവിക്കുമെന്നുള്ള തത്വംകൊണ്ടു നിർബ്ബന്ധിക്കുന്നതു്. ഒരു സഹകരണസംഘം ഏതെങ്കിലും വ്യാപാരം നടത്തുന്നതിനുവേണ്ടി, അംഗീകരിക്കപ്പെട്ട വ്യാപാരനിയമങ്ങൾക്കു വിധേയമായി സംഘടിതമായി പ്രവർത്തിക്കുകയാണു് ചെയ്യുന്നതു്. ഒരു കൂട്ടുമുതൽസ്ഥാപനവും പ്രായേണ ഇതുതന്നെയാണു ചെയ്യുന്നതെങ്കിലും ഈ രണ്ടുസ്ഥാപനങ്ങളും തമ്മിൽ പ്രവർത്തനരീതിയിൽ സാരമായ ചില വ്യത്യാസങ്ങൾ ഉണ്ടു്. കൂട്ടുമുതൽസ്ഥാപനത്തിന്റെ ലാഭം അതിലെ ഓഹരിയുടമസ്ഥതയെ ആശ്രയിച്ചിരിക്കെ, സഹകരണസംഘങ്ങൾ ലാഭം നല്കുന്നതു് ഓരോ ഓഹരിക്കാരനും സംഘപ്രവർത്തനത്തിനു ചെയ്തിട്ടുള്ള സംഭാവനയുടെ മാനദണ്ഡം വച്ചാണു്. ലാഭമല്ല സേവനമാണു് സഹകരണപ്രവർത്തനത്തിന്റെ അടിസ്ഥാനാശയം. കൂട്ടുമുതൽ സ്ഥാപനങ്ങൾ മൂലധനത്തിന്റെ ഐക്യഭാവത്തെ കാണിക്കുമ്പോൾ സഹകരണസംഘങ്ങൾ വ്യക്തികളുടെ ഐകമത്യത്തിന്റെ പ്രഭാവം പ്രദർശിപ്പിക്കുന്നു. കൂട്ടുമുതൽസ്ഥാപനത്തിന്റെ ഭരണം മൂലധനത്തിന്റെ ഉടമസ്ഥന്മാരുടെ കയ്യിലാണു്. എന്നാൽ സഹകരണത്തിന്റെ ഭരണത്തിൽ ഓരോ അംഗത്തിനും കയ്യുമുണ്ടു്. 'ഒരാൾക്കു് ഒരു വോട്ടു്' എന്നാണു് അതിന്റെ പ്രമാണം. ഒരു കൂട്ടുമുതൽസ്ഥാപനത്തിന്റെ വിജയം അതേരീതിയിൽ പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങളുമായി എത്രമാത്രം വിജയകരമായി മത്സരിക്കുവാൻ സാധിച്ചിട്ടുണ്ടെന്നുള്ളതിലാണു്, സ്ഥിതിചെയ്യുന്നതു്. എന്നാൽ, നേരെമറിച്ചു, ഒരു സഹകരണ സംഘം അതേർപ്പെട്ടിരിക്കുന്ന വ്യവസായത്തിൽനിന്നും മത്സരത്തെ എത്രമാത്രം നിവാരണംചെയ്യുവാൻ സഹായിച്ചിട്ടുണ്ടെന്നുള്ളതാണു് അതിന്റെ വിജയത്തെ നിർണ്ണയിക്കുമ്പോഴുള്ള പ്രഥമപരിഗണനം.

സഹകരണസംഘം ഒരു കൂട്ടുപങ്കാളിത്തമല്ല. കേവലം സമുദായക്ഷേമത്തെ മാത്രം ഉദ്ദേശിച്ചിട്ടുള്ള ഒരു പ്രവർത്തനവുമല്ല. അതു് ഒരു ധർമ്മസ്ഥാപനവുമല്ലാ. അതു് വ്യാപാരംനടത്തുന്നതിനുള്ള ഒരു സംഘടനയാണു്. അതിന്റെ പ്രവർത്തനത്തിൽ വ്യാപാരസ്വഭാവം അത്യന്താപേക്ഷിതമാണു്. ഉടമസ്ഥനും ശമ്പളക്കാരും രണ്ടാദർശത്തിന്മേൽ പ്രവർത്തിക്കുന്ന ട്രേഡ്യൂണിയനുമല്ല. അതു് സോഷ്യലിസവുമല്ലാ; കമ്മ്യൂണിസവുമല്ല; പിന്നെയോ, അതിന്റെ പ്രവർത്തനപരിധിയിൽപ്പെടുന്ന സകല വ്യക്തികളുടെയും പരമമായ ക്ഷേമത്തെ കാംക്ഷിച്ചു, സകലവിധത്തിലുള്ള പ്രവർത്തനസാദ്ധ്യതകളേയും സമാഹരിച്ചു ഏറ്റവും കൂടുതൽ ഫലം ഉണ്ടാകത്തക്കവിധത്തിൽ പ്രവർത്തിപ്പിച്ചു, എല്ലാപേരുടെയും സുഖത്തെ സംരക്ഷിച്ചു, എല്ലാപേരുടേയും സുഖത്തിനുവേണ്ടി, എല്ലാപേരുംകൂടി പരിശ്രമിക്കുന്ന ഒരു സംഘടനയാണു് അതു്.

ഈ സഹകരണമാണു് ലോകം ഗ്രഹിക്കുന്ന ആദർശം. ഈ സഹകരണമാണു് ഭാവിയിലെ സമുദായത്തിന്റെ അടിസ്ഥാനം. ഈ സഹകരണമാണു് ഭാവിയിലെ മതം.

—o—

## സൈനികവേഷംസംബന്ധിച്ച കുഴപ്പം



ബ്രിട്ടനിലെ 'ചീഫ് ഓഫ് ഇംപീരിയൽ ജനറൽസ്റ്റാഫ്' ഫീൽഡ് മാർഷൽ മാണ്ട് ഗോമറി സാധാരണ ഈ വേഷത്തിലാണു കാണപ്പെടാറുള്ളതു്. ഔപചാരിക സന്ദർഭങ്ങളിൽ അദ്ദേഹം ഫീൽഡ് മാർഷലിന്റെ ഔദ്യോഗിക വസ്ത്രങ്ങൾ ധരിക്കാത്തതിനെപ്പറ്റി ഈയിടെ കാമൺസ് സഭയിൽ ചില മെമ്പർമാർ പ്രതിഷേധിക്കയുണ്ടായി. യുദ്ധകാര്യമന്ത്രി അതിനെപ്പറ്റി അന്വേഷിക്കാമെന്നു ഉറപ്പുനൽകി സാമാജികന്മാരെ സമാശ്വസിപ്പിച്ചു.

# *ചിതാഭസ്മം

—o—

### പാലാ നാരായണൻനായർ

വെറുമൊരിച്ചാമ്പലേ, നിന്നെനോക്കി
വിറകൊൾവൂ, വിശ്വത്തിൻലോചനങ്ങൾ!
ഒരു ചിതയിങ്കൽനിന്നിത്തൂ-
മൊഴുകിയീ വന്നതിനെന്തുബന്ധം?...
ക്ഷിതിയിലെവിടെയും ദൃശ്യമാകും
ചിതകളിലില്ലേയെൻചാമ്പലേവം?
ഉയിരിയലാത്തോരവസ്തുപാരി-
ലുണരുവാനില്ലല്ലോ യോഗ്യതകൾ
ഒരുപിടിച്ചാമ്പലേ, നിന്നെനോക്കി
വിറകൊൾവൂ, വിശ്വത്തിൻലോചനങ്ങൾ
ചെറുകലശത്തിനകത്തുനിന്റെ
നിറകിരണങ്ങളൊതുങ്ങിടുമോ?
പൊരുതികൾ പൊയ്പോയ പാരിനുള്ള
നവനിധിയാണല്ലോ നിന്നൊളികൾ!
നിരുപിക്കുവയ്യേ, നീയേതുടലിൻ
തരികളായ് ജന്മമെടുത്തുവന്നു!
കരയുവാനേന്തോന്നു; നിന്നടക്കൽ
കരകവിഞ്ഞീടുന്നിതശ്രുപൂരം
ചിലനാൾമുമ്പു നീ ഗാന്ധിജിയാം
കലപിതാവായിട്ടു നിന്നിരുന്നു!
മനുജനു ധർമ്മോപദേശമേകും
മണിമയരൂപമായ് നിന്നിരുന്നു!
വിമലമാംസ്നേഹത്തിൻ വിത്തുപാകും
വിരിമലർത്തോപ്പായിനിന്നിരുന്നു!
കലഹവും കോപവും നീക്കുവാൻപൊൻ-
കതിരുകളായിച്ചുരിച്ചിരുന്നു!
മധുരമാം സുസ്മിതം തൂകിടുന്ന
മതികലയായിട്ടുയർന്നിരുന്നു!
പരിശുഭ്രഖാദിയാലാവൃതനാ-
മൊരുപരിവ്രാജകനായിരുന്നു!
നിരുപിക്കുവയ്യേ, നീയേതുടലിൻ
തരികളായ് ജന്മമെടുത്തുവന്നു!



ഇറ്റലിയിലെ വിദേശകാര്യമന്ത്രി കൗണ്ട് സ്ഫോർസാ. ഇറ്റലിയിലെ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചിരിക്കും അടുത്ത ലോകമഹായുദ്ധത്തിന്റെ സാദ്ധ്യത. കമ്മ്യൂണിസ്റ്റുകൾക്കു ഭൂരിപക്ഷം ലഭിക്കുന്നതായാൽ യുദ്ധം വിദൂരമല്ലെന്നാണു അമേരിക്കൻ അഭിപ്രായഗതി.

ഒരുപിടിച്ചാമ്പലേ, നിന്നെനോക്കി
വിറകൊൾവൂ, വിശ്വത്തിൻലോചനങ്ങൾ
അടിമത്തധൂളിയാലാത്മവീര്യ-
ക്കൊടുമുടിനിർമ്മിച്ച ഗാന്ധിദേവൻ
അടിമുടി വെന്തുപോയ്; നിങ്ങളാകും
പൊടികളിലൂടിങ്ങൊട്ടെത്തിയെന്നോ?...
ചുടുനെടുവീർപ്പുകളൊന്നൊതുക്കി-
യുടലൊരുദീർഘദണ്ഡമാക്കി വേഗം
പ്രണമിക്കൂ, ലോകമേ, നിന്റെപാപ-
പ്രതിവിധിയാളുടെയീവിധത്തിൽ
അവികലസുന്ദരദേഹപുഷ്പ-
മവിടെല്ലാമർച്ചിച്ച ശാന്തിനേടൂ!
ഒരുതൊഴുകൈപോലമിത്രപുണ്യ-
പ്പൊൻതളിരെള്ളുപ്പിതിട്ടില്ല പണ്ടും!
ഒരുനെടുവീർപ്പിനുമിത്രദിവ്യ-
പരിസരമെത്തുവാനൊത്തതില്ല.
വെറുമൊരുചാമ്പലല്ലെൺപതാണ്ടിൻ-
പിറവികളേകമായ് വന്നിരിപ്പൂ!
നിരുപമത്യാഗമാമമ്പലത്തിൻ
നിറപറക്കൂട്ടുകൾ ചേർന്നിരിപ്പൂ!
പരനുടെ നേർച്ചയായ് വെച്ചൊഴിഞ്ഞ
പരിമളകർപ്പൂരം പുഞ്ചിരിപ്പൂ!
കരുതിയോ, ഘാതകാ! നീനടത്തും
കുരുതിയിക്കൂട്ടിലായ്ത്തീരുമെന്നായ്
ഊർത്തമേനീയൂരിച്ചാമ്പലാകും-
നൊരുദിനമാഗതമായിടുന്നു
ഒരുവനുമോർക്കില്ലായതേതോ
ചെറുമണൽക്കാട്ടിനു കൂട്ടുചേരും
പുതിയൊരു പുൽക്കൊടിയായിപ്പോലും
മുതിരുകില്ലായതിൽ നാമൊടുക്കാൻ
മതി, മതവൈരമേ! നീ തൊടുന്ന
മനുജനും പേപ്പിശാചാകുമെന്നോ?......

* * *

ഒരുപിടിച്ചാമ്പലേ, നിന്നെനോക്കി
വിറകൊൾവൂ വിശ്വത്തിൻലോചനങ്ങൾ
ചിറകിളക്കീടുകയാണെന്നിൽ
ചിരതരസ്നേഹവും സേവനവും
ഉറവെടുത്തീടുന്നുണ്ടിന്നു നിന്നി-
ലുലകണിഞ്ഞീടേണ്ട ഭാവിഭാഗ്യം
വിപുലമാം വിണ്ണിലും മണ്ണിലുംമേൽ
വിടരുമാറാക, നിന്നാശയങ്ങൾ
തിരയിലും താരിലും താരകത്തിൻ-
നിരയിലും നിന്നൊളിനീണ്ടിടട്ടെ!
അനുപമതീർത്ഥമാമീവിഭൂതി-
യണിയുവാൻ നീരധി കാത്തുനില്പൂ!
തടയുവിൻ കണ്ണുനീർ; നോക്കിനോക്കി
വിടവഴങ്ങീടേണ്ട നേരമായി.
വെറുമൊരിച്ചാമ്പലേ, നിന്നെ നോക്കി
വിറകൊൾവൂ, വിശ്വത്തിൻലോചനങ്ങൾ!

* With the kind permission of the Travancors Radio.

—o—

സ്തോത്രരത്നാകരം
സവ്യാഖ്യാനം.
വില രൂപം ൧ ണ്ണ വ്വ.
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം

# ചെക്കോസ്ലവാക്കിയാ

മദ്ധ്യയൂറോപ്പിലെ ഒരു പ്രജായത്ത സംസ്ഥാനമായിരുന്ന ചെക്കോസ്ലവാകിയായിൽ കമ്മ്യൂണിസ്റ്റ്പക്ഷം അധികാരം കരസ്ഥമാക്കിയതോടുകൂടി പാശ്ചാത്യരാഷ്ട്രീയാന്തരീക്ഷം പൂർവ്വാധികം പ്രക്ഷുബ്ധമായിത്തീർന്നിരിക്കുന്നു. ട്രീയസ്റ്റി ഇറ്റലിക്കു വിട്ടുകൊടുക്കുന്നതിനും, പശ്ചിമയൂറോപ്യൻരാജ്യങ്ങൾ നിർല്ലോഭം പണം കടംകൊടുത്തു അവയെ സ്വാധീനപ്പെടുത്തി ഒരു ഐക്യനിര സൃഷ്ടിക്കുന്നതിനും, പാലിസ്റ്റൈൻവിഭജനം തൽക്കാലത്തേക്കു നിർത്തിവയ്ക്കുന്നതിനും അമേരിക്കയിൽ നിർബ്ബന്ധിത സൈന്യസേവനമേർപ്പെടുത്തുന്നതിനും ഐക്യനാടുകളെ പ്രേരിപ്പിച്ചതു ചെക്സംഭവങ്ങളുടെഗതിയാണെന്നുള്ളതു നിർവിവാദമാണ്.

൧൯൧൮-വരെ ആസ്ത്രീയാ ഹംഗറിയൻസാമ്രാജ്യത്തിൻെറ അംശമായിതന്ന ബൊഹീമിയാ, മൊറേവിയാ, സ്ലോവാകിയാ, സൈലീഷ്യയുടെ ചിലഭാഗങ്ങൾ, റുഥേനിയാ എന്നീ ഡിസ്ട്രിക്റ്റുകൾ അടങ്ങിയതും ൫൪൦൦൦-ച: മൈൽ വിസ്തീർണ്ണമുള്ളതുമായ ഒരു രാജ്യമാണ് ചെക്കോസ്ലവാകിയാ—ചെക്ക്, സ്ലവാക്ക് എന്നീ രണ്ടുവംശങ്ങളിലുംപെട്ട (൧൯൩൦-ലെ സെൻസസ്സിൻപ്രകാരം ൧൪൭൨൯൭൨൩) ജനതയാണ് അവിടെ അധിവസിക്കുന്നതു്. കൽക്കരിയും, ഇരിമ്പും ധാരാളമായി ഖനനം ചെയ്യപ്പെടുന്ന പ്രസ്തുത രാജ്യത്തിൽനിന്നും വിദേശങ്ങളിലേക്കു കയറ്റുമതിചെയ്യപ്പെടുന്ന പ്രധാന സാധനങ്ങൾ ബീയർ, സ്ഫടികസാധനങ്ങൾ, കമ്പിളി, പരുത്തിതുണികൊണ്ടുള്ള വസ്ത്രങ്ങൾ എന്നിവയാണ്.

൧൯൧൮ അക്ടോബർമാസത്തിൽ ചെക്കോസ്ലവാകിയാ ഒരു സ്വതന്ത്രരാഷ്ട്രമായി പ്രഖ്യാപനം ചെയ്യപ്പെടുകയും ൧൯൧൯-സെപ്റ്റമ്പറിൽ പ്രസ്തുതരാഷ്ട്രം അംഗീകരിക്കപ്പെടുകയുമുണ്ടായി. ൧൯൧൮-ൽ സമ്മേളിച്ച നാഷണൽ അസംബ്ലി ൧൯൨൦-ആണ്ടോടുകൂടി ഒരു ഭരണഘടന നിർമ്മിക്കുന്ന ജോലി പൂർത്തിയാക്കി. ചെക്കോസ്ലവാകിയായുടെ ആദ്യപ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട പ്രൊഫസർ ടി. ജി. മസാറിക്ക് ൧൯൩൫-ൽ തൻെറ ൮൫-ാമത്തെ വയസ്സിൽ രാജിവയ്ക്കുകയും ഡാ. ബെനെഷ് അദ്ദേഹത്തിൻെറ അനന്തരഗാമിയായി തിരഞ്ഞെടുക്കപ്പെടുകയുമുണ്ടായി.

രണ്ടാംലോകമഹായുദ്ധകാലത്തു് ഡാ. ബെനെഷ് സഖ്യരാജ്യങ്ങളിൽ സഞ്ചരിച്ച് സ്വാതന്ത്ര്യത്തിനുവേണ്ടി ശക്തിയായി പ്രചരണംനടത്തുകയുണ്ടായി. ഈയിടെ ആത്മഹത്യചെയ്ത യാൻമസാരിക്ക പ്രസിഡൻറ മസാരിക്കിൻെറ പുത്രനും ചെക്ക വിദേശമന്ത്രിയുമായിരുന്നു.

ചെക്കോസ്ലവാകിയായ്ക്കു ഒരു ദ്വിമണ്ഡലനിയമസഭയും അതിനോടുത്തരവാദിത്വമുള്ള മന്ത്രിസഭയുമാണുള്ളതു്.

രണ്ടാംമഹായുദ്ധാനന്തരം നടത്തപ്പെട്ട തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകക്ഷി പ്രാബല്യത്തിൽ വരികയും ഫെബ്രുവരി മദ്ധ്യത്തോടുകൂടി പോലീസിനെ സ്വാധീനപ്പെടുത്തി അധികാരം കരസ്ഥമാക്കുന്നതിന്നുദ്യമിക്കുകയുംചെയ്തു. കമ്മ്യൂണിസ്റ്റ് നേതാവായ ഗോട്ട്‌വാൾഡ് 'ന്യൂ പീപ്പിൾസ് ഡെമോക്രാറ്റിക്ക് നാഷണൽഫ്രണ്ട്' എന്ന പ്രസ്ഥാനത്തിൻെറപേരിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കമ്മ്യൂണിസ്റ്റ് ആധിപത്യത്തിനെതിരായിരുന്ന മൂന്നു കക്ഷികളിൽ ഉൾപ്പെട്ട ൧൨ മന്ത്രിസഭാംഗങ്ങൾ രാജിവയ്ക്കുന്നതിനു നിർബ്ബന്ധിതരായിത്തീർന്നു. കമ്മ്യൂണിസ്റ്റുകളും അവരുടെ അനുകൂലികളുമുൾപ്പെട്ട ഒരു മന്ത്രിസഭ രൂപീകൃതമാകുകയും പ്രസിഡൻറ അതു് അംഗീകരിക്കുകയുമുണ്ടായി.

സോവ്യററ് അനുകൂലരാജ്യങ്ങളുടെ നയപരിപാടി ചെക്കോസ്ലവാകിയായിലെ കമ്മ്യൂണിസ്റ്റ്ഗവൺമെൻറ അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. ൧൨൫ ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്വകാര്യഭൂസ്വത്തുക്കൾ അനുവദിക്കപ്പെടുന്നതല്ലെന്നും, രാഷ്ട്രീയജീവിതത്തിൽനിന്നു 'നിഷ്കാസനം' നടത്തിക്കൊള്ളുന്നതിനു 'നാഷണൽ ഫ്രണ്ട് ആക്ഷൻകമ്മററി'യ്ക്കു അനുമതി നൽകിക്കഴിഞ്ഞെന്നും, കമ്മ്യൂണിസ്റ്റ് വിരുദ്ധസംഘടനകളിലുൾപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് പ്രസ്തുത കമ്മററി, പുനഃപ്രതിഷ്ഠ നൽകുന്ന ഇവരെ പൊതുക്കാര്യങ്ങ



ചെക്കോസ്ലവാകിയായിലെ കമ്മ്യൂണിസ്റ്റുപ്രധാനമന്ത്രി ക്ലെമൻറ് ഗോട്ട്‌വാൾഡ്.

ളിൽ പ്രവേശനം നിരോധിച്ചിരിക്കുന്നെന്നുമുള്ള വസ്തുതകൾ ചെക്കഗവൺമെൻറ് പരിപൂർണ്ണ കമ്മ്യൂണിസ്റ്റുനയമാണ് അവലംബിച്ചിരിക്കുന്നതെന്നതിനു ദൃഷ്ടാന്തങ്ങളാണ്.

പുതിയ ഗവൺമെൻറിനോടു ഭക്തിപ്രതിജ്ഞചെയ്യുന്ന സാമാജികന്മാർക്കുമാത്രമേ നിയമസഭയിൽ സ്ഥാനം നൽകുകയുള്ളു എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ചെക്കോസ്ലവാകിയായിൽ റഷ്യൻ ഇടപെടലുണ്ടെന്നും അതു ലോകസമാധാനത്തിനു ബാധകമാകയാൽ രക്ഷാസമിതി അതിനെപ്പററി പര്യാലോചിക്കണമെന്നുമുള്ള ഒരു പ്രമേയം ഇപ്പോൾ രക്ഷാസമിതിയുടെ പര്യാലോചനയിലിരിക്കുകയാണ്.

—ം—



ഗവർണ്ണർജനറാലും പത്നിയും തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയപ്പോൾ വിമാനത്തിൽനിന്നു് വെളിയിലേക്കു് ഇറങ്ങുന്നതു്.

# ജയഭേരി

## എം. പി. അപ്പൻ

### (Marching Song)

ദുന്ദുഭീരവത്തിനാൽ ദിഗന്തരം തകർക്കുവിൻ
സിന്ധുവീചിയെന്നപോൽ ജയാരവം മുഴക്കുവിൻ
ഇന്നു നാം സ്വതന്ത്രരായ്, മനുഷ്യരായ്സഖാക്കളേ!
ഇന്നു നാം ശ്വസിച്ചിടുന്നു ശുദ്ധവായുധൈര്യമായ്
ചങ്കുറപ്പിനാൽതികഞ്ഞ യൗവനത്തിളപ്പിനാൽ
ശങ്കയെന്നിയേ ജ്വലിച്ച രാഷ്ട്രബോധഭാസ്സിനാൽ
ധർമ്മധീരരായിനാമെതിർത്തുനീചനീതിയെ-
ക്കർമ്മവീരരായരിഞ്ഞരിഞ്ഞു തള്ളി ദുർന്നയം
ഈവിധം ജയംവരാൻ സ്വമാതൃഭൂവിനന്നഹോ!
ജീവരക്തധാരയന്ത്യബിന്ദുവോളമേകിയോർ
എത്രയെത്രലക്ഷമാണു മൺമറഞ്ഞതോർക്കുവിൻ
ക്ഷത്രകാന്തി ചിന്തിനിന്നചന്തമാർന്നപൂവുകൾ!
ആവിശിഷ്ടയോധർതൻ വിശുദ്ധകർമ്മവേദിമേൽ
ആത്മസൂനമാലചാർത്തിയർച്ചനംനടത്തുവിൻ
ക്രൂരിരുട്ടുപെററിടും പിശാചുതൻെറ കൈകളിൽ
പാരിടംഭരിക്കുവാൻ കൊടുത്തനാളിലൊക്കെയും
ചോരയാറൊലിച്ചൊലിച്ച സർവ്വവും തുലച്ചഹോ!
നാരകീയമാം തമസ്സിലാണ്ടുപോയി ഭൂമുഖം
സത്യതൽപരതമാർന്നു നാം ഭരിക്കുമെങ്കിലോ
നിത്യസൗഹൃദാമൃതം പരന്നുപൊങ്ങുമെങ്ങുമേ
ജാതിഭേദമലിഞ്ഞുപോം മതം മറഞ്ഞുമാഞ്ഞുപോം
ശ്രീതുളുമ്പി സർവ്വമേകയോഗശോഭ വീശിടും
നേററിവെപ്പുനിർപൊരിഞ്ഞു സർവ്വരുംസമാനമായ്
കൊററിനുള്ളതൊക്കെയും ശരിക്കുകൊയ്തെടുക്കുവിൻ
പൊൻപുലർച്ചയിൽ തിളങ്ങിടുന്ന രശ്മിമാലപോ-
ലൻപു പൂണ്ടൊരൊററ ധർമ്മമാർന്നുലാലസിക്കുവിൻ
ത്യാഗമാമടിത്തറയ്ക്കുമീതെ നാം വളർത്തുമീ
ലോകശാന്തിയായിടുന്ന പാരിജാതപാദപം
മേൽക്കുമേൽ പടർന്നുപൂത്തുപൂണ്ടു സൽഫലാഢ്യമായ്
മേളമോത്സവം ജഗത്തിനേകുവാൻ ശ്രമിക്കുവിൻ

———

# ചന്ദ്രന് ഒരു കത്ത്

## കെ. ആർ. ശങ്കുവൈദ്യൻ

സ്സുമതേ! തൊഴുന്നു സുഖമോ ഭവാനുതൽ
കമനീയലോകഭരണം ജയപ്രദമോ
ഹിമധാമ! താവക മനോജ്ഞ തനുവിനെന്നും-
സുമചന്ദ്രികയ്ക്കുമതുപോലെശർമ്മമോ? ൧
കരതാരിനാലമൃതവും കൊടുത്തു മുൻ-
പൊരു കൊച്ചുമാനിനെ വളർത്തിയില്ലയോ
പരമിന്നുമായതു ഭവാൻെറയങ്കമാ-
ന്നുമേൽമേൽ തലചായ്ച്ചുറങ്ങുമോ. ൨
പലമംതിരക്കിയിവിടത്തിൽവാണിടു-
ന്നലിവാൽ തപോഗമനവാസരം ശുഭം
ചിലർകുന്നിൽനിന്നു ചിലർപാദമാർന്നമാ-
ത്തുലകൂടിടുംവഴിയിൽനോക്കുമങ്ങയെ. ൩
ഇനിയെങ്കിലുംദ്വിജ! വരേണ്ടതങ്ങുവൻ-
ഘനപാളിനീങ്ങിവെളിവായിതംബരം
ദിനനീണ്ടുമാറ ധരണിക്കുനേരിലായ്
ഘനമാർന്നപോലെപലരൂപഭംഗിയിൽ ൪
മറവിട്ടുപൊരുക, ഭവാൻ കറുത്തവാ-
വതിപ്പെട്ടുതന്നു,മ ഒട്ടുനീക്കിയും
സ്ഥിരയാക്കുകിലാരയ വെണ്ണിലാവിൽനിൻ-
പരിവേഷമാം കടയണിഞ്ഞുനൃത്യവും. ൫
ഒരുകാര്യമുണ്ടിവനരയ്ക്കുവാനത-
ങ്ങറിയാത്തതല്ല, ശിവമൗലിരത്നമേ!
പറയാമതെങ്കിലിയല്പംഭവന്നയം
ചെറുതല്ലമററുകവിയുന്നതെന്നിനാൽ ൬
വിധുവാംഭവാൻ വിയതിസഞ്ചരിക്കമ-
ല്ലതിധിക്കുമേലിനിയുയർന്നുപോവുകിൽ
ദ്രുതമാകുമസ്ഥിതി, പുകഴ്ത്തുമിന്നവർ-
ക്കതുലീനമായിച്ചങ്ങതാരമാം ൭
അതുപോരാട്ട, മോക്കമധുരാകൃതേ ഭവാ-
നതിഭംഗി നാക നിധിയായ്‌വസിച്ചിടും
സ്ഥിരസുന്ദരംപരിധി വിട്ടുതാഴെയി-
ലാഴയാടുക്ക് ലതിലും കുറച്ചിൽതാൻ ൮
ഇന്നിവർക്ക് പറയും കലേശന-
ല്ലുഡുനാഥനല്ല, മതിയല്ല, പിന്നെയോ
വടിവുംഗുണങ്ങളുമഴിഞ്ഞുമാഞ്ഞിടും
കൊടുതായ പാറ മനൽ, കല്ലു,മെന്നയേ ൯
അതുകൊണ്ടുവിണ്ണിലുയരാതെയും ശശിൻ!
ക്ഷിതിഗോളമോടിനിയടുത്തിടാതെയും
മതിമാൻവസിക്ക, യദാനന്ദമാരണ്ടും
ഗതിഭേദമുണ്ടതിൽവരും സ്വതന്ത്ര്യം.

## മഹാത്മജിയും അനന്തരാവകാശിയും



ജീവചരിത്രസംക്ഷിപ്തി

# ഭഗവത്ദയാൽ

## സയാമിലെ ഇൻഡ്യൻ പ്രതിപുരുഷൻ

ആർ. സി. പിള്ള കുന്നമ്പള്ളിൽ

ഭഗവത്ദയാൽ ൧൯൦൦-ാമാണ്ടു് മാർച്ചുമാസത്തിൽ നൈനിറ്റാൾനഗരത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവു് സുപ്രസിദ്ധനായ ദീനദയാൽ ആയിരുന്നു. ഇന്ത്യാഗവണ്മെന്റിന്റെ വിദേശവകുപ്പിൽ ഒട്ടും അപ്രധാനമല്ലാത്ത ഡെപ്യൂട്ടി സെക്രട്ടറിസ്ഥാനം വഹിക്കുന്ന മി: എച്ച്. ദയാൽ ഇദ്ദേഹത്തിന്റെ സഹോദരനാണ്. ദയാലിന്റെ കുടുംബപാരമ്പര്യം ഇന്ത്യൻ രാഷ്ട്രീയനഭോമണ്ഡലത്തിൽ ആശംസ്യവും പ്രശംസാർഹവുമായ വ്യക്തിവൈശിഷ്ട്യം വളരെക്കാലംകൊണ്ടേ പുലർത്തിപ്പോരുന്ന ഒന്നായിരുന്നു.

നൈനിറ്റാളിലെ ഫിലാണ്ടർ സ്മിത്ത് കാളേജിൽനിന്നും ദയാൽ തന്റെ പ്രഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. അനന്തരം അലഹബാദിലെ മ്യൂർ (Muir Centrl College) കാളേജിൽനിന്നും ഡിഗ്രിസമ്പാദിച്ചു. പിന്നീട് അദ്ദേഹം ലണ്ടൻ യൂണിവേഴ്സിറ്റി കാളേജിൽ ചേരുകയും മിഡിൽ ടെമ്പിളി (Middle Temple)ലെ ബാറിലേയ്ക്കു് ആഹ്വാനംചെയ്യപ്പെടുകയുംചെയ്തു. തന്റെ വിദ്യാഭ്യാസകാലത്തിൽ ദയാൽ ഏറ്റവും ഉജ്ജ്വലനും കൃത്യനിഷ്ഠാനിരതനുമായ ഒരു ഉത്തമവിദ്യാർത്ഥിയായിട്ടത്രേ ഗുരുജനങ്ങൾക്കു് അനുഭവപ്പെട്ടതു്. അലഹബാദ് യൂണിവേഴ്സിറ്റിയിൽ ഒരു പ്രഫസറായി ദയാൽ തന്റെ ജീവിതസമരം ആരംഭിച്ചു. ഇരുപതുവർഷക്കാലത്തോളം അദ്ദേഹത്തിന്റെ നിസ്തുല്യവും നിസ്വാർത്ഥവുമായ സേവനം അലഹബാദ് സർവ്വകലാശാലയ്ക്കു് ലഭിച്ചു. ൧൯൪൨—ഏപ്രിലിൽ കേന്ദ്രഗവണ്മെന്റ് അദ്ദേഹത്തെ ഭക്ഷ്യവകുപ്പിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിക്കുവാൻ അദ്ദേഹത്തിന്റെ ദീർഘമായ കലാലയസേവനത്തിൽനിന്നും വിരമിച്ചു. ദക്ഷിണപൂർവേഷ്യൻ പ്രദേശങ്ങളിൽനിന്നും ഭക്ഷ്യസാധനങ്ങൾ സംഭരിക്കുന്ന ജോലിയിൽ വ്യാപൃതനായി ഒരു വർഷത്തോളം അദ്ദേഹം മലയാദ്വീപിൽ ജോലിചെയ്തിരുന്നു. അപ്പോഴാണു് അദ്ദേഹത്തിനു് ബാങ്കോക്കിലെ ഇന്ത്യൻകൺസലേറ്റായി നിയമനംലഭിച്ചതു്. ഇന്ത്യയുടെ പ്രതിപുരുഷൻ എന്ന നിലയിലുള്ള ജോലിക്കും ഒരു സയാമിലെ ധാന്യശേഖരണ വിനിമയക്രമങ്ങളുമായി പ്രവർത്തിച്ചിരുന്ന ജോയിന്റ് കൊറസ് കമ്മീഷനിലും അവിടെ ഡ് ക്ലെയിംസ് കമ്മിറ്റിയിലും അദ്ദേഹം മാതൃകാപരവും സ്തുത്യർഹവുമായ പ്രവർത്തനം നടത്തിയിട്ടുണ്ട്.

ഭക്ഷ്യസാധനങ്ങളുടെ ലോപംനിമിത്തം അധികം പ്രകമ്പിതമായിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇന്ത്യാക്കാരുടെ നയനങ്ങൾ ആർത്തിയോടെ സയാമിന്റെയും മറ്റുപൂർവേഷ്യൻരാജ്യങ്ങളുടെയും അനുഭാവത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണല്ലോ. ഈ വിഷമഘട്ടത്തിൽ, ഭക്ഷ്യവകുപ്പിന്റെ പ്രവർത്തനത്തിനു തനിക്കു മുമ്പേ ലഭിച്ചിരുന്ന അനുഭവവും വിജ്ഞാനവും പ്രയോജനപ്പെടുത്തി ബാങ്കോക്കിൽനിന്നും കാര്യക്ഷമമായനേതൃത്വത്തിൽ നമ്മുടെ ഭക്ഷണക്ഷാമത്തെ പരിഹരിക്കുന്നകാര്യത്തിൽ കുറെയേറെ ചെയ്യാൻ അദ്ദേഹത്തിനു് സാധിച്ചു. ഒരു വലിയതോതിൽ ഇന്ത്യാക്കാർ വിശേഷിച്ചു് യു. പി-യിലെ ജനങ്ങൾ അധിനിവേശനം ചെയ്തിരിക്കുന്ന സയാമിൽ അവരുടെ സംസ്കാരവുമായി പൊരുത്തപ്പെട്ടു ജീവിക്കുവാനും അവരുടെ അഭിരുചികളെ സൂക്ഷ്മമായി മനസ്സിലാക്കുവാനും പഠിക്കുവാനും ദയാൽ തന്നെയാണു് ഏറ്റവും ഉചിതജ്ഞനും അനുരൂപനുമായ വ്യക്തിയെന്നു അനുഭവജ്ഞന്മാരാണല്ലോ. ഏതു സമുദായത്തിൽപെട്ടവരോടാണെങ്കിലും തുറന്നമനസ്സോടെ സഹൃദയമായി സഹകരിക്കുന്നതിനും അഭികാമ്യമായ രഞ്ജകഭാവം പുലർത്തിപ്പോരുന്നതിനും സാധാരണക്കാരിൽ കണ്ടുവരാത്തവിധം ഒരു പ്രത്യേകഹൃദയഗുണങ്ങളാൽ പ്രതിഭാശാലിയായ ദയാൽ അനുഗൃഹീതനായിരുന്നു. സയാമിലെ ഇൻഡ്യക്കാരുടെ വാസ്തവികപ്രശ്നങ്ങളും പരാമർശിക്കുന്ന വിഷയങ്ങളിൽ കൈകാര്യംചെയ്യുന്നതിനു അദ്ദേഹത്തെപ്പോലെ ഒരു മാതൃക ഇൻഡ്യയിൽ വേറെ കണ്ടെല്ലെന്നും വന്നേക്കാം.

മി: ദയാൽ ഒരു പ്രഭാഷണവിദഗ്ദ്ധൻ കൂടിയാണു്. ബാങ്കോക്കിലെ പ്രസിദ്ധ വാഗ്മികളുടെയെല്ലാം വിശ്വാസ്യതയ്ക്കും മുക്തകണ്ഠമായ പ്രശംസയ്ക്കും അദ്ദേഹം പാത്രീഭവിച്ചിട്ടുണ്ട്. ലണ്ടനിലും മറ്റും വിദ്യാഭ്യാസകാലത്തു അദ്ദേഹം ഒരു നല്ല പ്രാസംഗികനായി പേരെടുത്തു കഴിഞ്ഞിരുന്നു. ഒരു വിദ്യാർത്ഥിയായി കഴിഞ്ഞ ചെറുപ്പകാലത്തിൽഅദ്ദേഹംതന്നിൽ ലയിച്ചിരുന്ന പ്രസംഗപാടവത്തെ യഥായോഗ്യം പോഷിപ്പിക്കുന്നതിൽ സർവ്വഥാ ഉൽസുകനായിരുന്നു. അദ്ദേഹം ലണ്ടനിലെ ഇൻഡ്യൻവിദ്യാർത്ഥിയൂണിയന്റെ പ്രസിഡന്റായി അക്കാലങ്ങളിൽ ഇരുന്നിട്ടുണ്ട്. പ്രഭാഷണമണ്ഡലത്തിൽകൂടെ ഇൻഡ്യയ്ക്കു് അകത്തും പുറത്തും ഉള്ള അനവധി മഹാന്മാരുടേയും മഹതികളുടേയും സാമീപ്യവും സഹകരണവും ലഭിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ അദ്ദേഹത്തിനു അക്കാലത്തു സിദ്ധിച്ചു. ദയാൽ ആംഗലേയഭാഷാ സാമാജ്ഞനത്തിലും ഒട്ടും അപ്രാമാണ്യമുള്ളവനായിരുന്നില്ല. ഫ്രഞ്ച്, സ്പാനിഷ്, ജർമ്മൻ, റഷ്യൻ ആദിയായ വിദേശഭാഷകളിൽ അദ്ദേഹം പ്രശസ്തപരിചയം നേരത്തെ കരസ്ഥമാക്കിയിരുന്നു.

അദ്ദേഹം പ്രഗത്ഭമതിയായ ഒരു തൂലികാകാരൻകൂടിയാണെന്നുള്ളതും സ്മർത്തവ്യമത്രേ. അദ്ദേഹത്തിന്റെ വിഹാരമണ്ഡലം മിക്കവാറും ചരിത്രപഠനമായിരുന്നു. അദ്ദേഹം [illegible] യൂണിവേഴ്സിറ്റിയിലായിരുന്നപ്പോൾ അവിടെ [illegible] ബന്ധിച്ചും മറ്റും പ്രകാശിതമായ അനവധി പുസ്തകങ്ങളുടേയും ലേഖനങ്ങളുടേയും പ്രണേതാവു് [illegible] ദയാൽ അന്നറിയപ്പെട്ടിരുന്നു. ആ കാലത്തിലെ ആവശ്യകതയായിരുന്ന [illegible] പരിഷ്കരിച്ചു് പരിപോഷിപ്പിച്ചു മറ്റു വകുപ്പുകളോടൊപ്പംതന്നെ [illegible] യ നിലയിൽ കൈകാര്യംചെയ്ത ദയാൽ വഹിച്ച പങ്കു് [illegible] അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരായ ഉദ്യോഗസ്ഥന്മാർ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നുണ്ട്.

അക്കാലത്തു അദ്ദേഹം ഒരുപ്രശസ്തനടനുംകൂടെയായിരുന്നു. ഇംഗ്ലീഷുസാഹിത്യത്തേയും പാശ്ചാത്യശാസ്ത്രത്തേയും ആംഗ്ലേയമാക്കി അദ്ദേഹം അവിടെ നടത്തിയിട്ടുള്ള പ്രഭാഷണങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തിന്റെ വിജയസ്തൂപികകളായി ഇന്നും അവിടെ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അന്നത്തെ യൂണിവേഴ്സിറ്റി ട്രെയിനിംഗ് കോർസിന്റെ ഉന്നമനാസംവിധാനത്തിലും അദ്ദേഹം ഉത്സുകനായിരുന്നു. അതിൽ അദ്ദേഹം ഒരു മേജർറാങ്കു വഹിച്ചിട്ടുണ്ട്. ഭിന്നകക്ഷികളുടേയും പ്രവണതകളുടേയും അസൂയാർഹമായവിധത്തിൽ ഒരു കേന്ദ്രമായിരുന്ന ദയാലിനു് ഒരു പടയാളിയുടെ സാമർത്ഥ്യത്തേയും അതിലംഘിക്കുമാറു് കുതിരയേ ഓടിക്കുന്നതിനും ഏതുവലിയ വിദഗ്ദ്ധനേയും അതിശയിക്കുമാറു് ടെന്നീസ്കളത്തിൽ ചുവടുവയ്ക്കുന്നതിനും കഴിയുമായിരുന്നു. കായികവും മാനസികവുമായ മണ്ഡലങ്ങളിൽ ഒരുപോലെ പ്രവീണരായ ചുരുക്കം ചില അനുഗൃഹീതവ്യക്തികളിൽ ഒരുവനത്രേ ഭഗവത് ദയാൽ.

ദയാൽ ഇപ്പോൾ സയാമിൽ സുശക്തനും പ്രാപ്തനുമായ ഒരു നയതന്ത്രവിദഗ്ദ്ധൻ ആയി പ്രവർത്തിക്കുന്നു (Diplomat). ആ രാഷ്ട്രത്തെ വ്യാവസായികമായും സാംസ്കാരികമായും നമ്മുടെ ദേശത്തോടു് സംഘടിപ്പിച്ചു് സമീകരിക്കുന്നതിൽ അദ്ദേഹത്തോടു് ഇനിയും ഒരു വലിയ പങ്കു് പ്രവർത്തിക്കാൻ കിടപ്പുണ്ട്. അന്തർരാഷ്ട്രീയ അന്തർസാമുദായികരംഗങ്ങളിൽ അവരുടെ ഉററ അയല്ക്കാരായ ഇൻഡ്യയുടെ സഹകരണം സയാം അനപേക്ഷണീയമാംവിധം അർഹിക്കുന്നുണ്ട്. പുരാതനവും വിഭവസമൃദ്ധവും സ്വതന്ത്രവുമായ, ആ ബുദ്ധമതാനുവർത്തിയായ രാഷ്ട്രത്തിനു് നമ്മുടെ സാമീപ്യബന്ധം പൂർവ്വോത്തരം അഭിവൃദ്ധിയ്ക്കും സംസ്കാരത്തനിമ വഴിതെളിയ്ക്കുമെന്നുള്ളതിനു് സംശയലേശമില്ല. നമ്മുടെ പരസ്പരസൌഹാർദ്ദബന്ധവും മൈത്രിയും പൂർവ്വാധികം മനോഹരവും അഭിലഷണീയവുമായ ഒരു ഉന്നതതലത്തിലേയ്ക്കു് സ്നേഹപൂർവ്വം ഉയർത്തിക്കാണുന്നതിനു് ദയാലിന്റെ വ്യക്തിത്വവും ഹൃദ്യമേറിയതുമായ പരിശ്രമങ്ങളെ ഇൻഡോ സയാം മൈത്രിയുടെ അർത്ഥം എന്താണെന്നു് വിശദമായി മനസ്സിലാക്കിയിട്ടുള്ളവർ ജിജ്ഞാസയോടെ ഉററുനോക്കിക്കൊണ്ടിരിക്കയാണ്.

—:—

(രണ്ടാംപേജിൽനിന്നും തുടർച്ച)

ജിക്കുന്നതു കൂടുതൽ ശ്രേയസ്കരമാണ്. ഈ ഉപദേശത്തെ കേട്ട അർജ്ജുനൻ പാപം ചെയ്യുവാൻ മനുഷ്യനു ഇച്ഛയില്ലെങ്കിലും അതു ചെയ്യുന്നതെന്തുകൊണ്ടെന്നു ചോദിക്കുന്നു. ഇതിനുത്തരമായി ജ്ഞാനവിജ്ഞാനനാശകമായ കാമക്രോധാദിവികാരങ്ങളാണു് മനുഷ്യരുടെ മനസ്സിനെ ക്ഷോഭിപ്പിച്ചു വ്യാമോഹിപ്പിക്കുന്നതെന്നും, അതിനാൽ ആ കാമക്രോധാദികളുടെ അധിഷ്ഠാനമായ ഇന്ദ്രിയമനോബുദ്ധികളെ സംയമനംചെയ്തു സ്വാധീനത്തിൽ വച്ചുകൊള്ളണമെന്നും ശ്രീ ഭഗവാൻ പറയുന്നു. സാരമെന്തെന്നാൽ (൧) സ്ഥിതപ്രജ്ഞനെപ്പോലെ ബുദ്ധി സമത്വത്തിലിരുന്നാലും കർമ്മം ഒഴിക്കുവാൻ കഴിയുന്നതല്ലെന്നും, (൨) സ്വാർത്ഥത്തിനല്ലെങ്കിലും ലോകസംഗ്രഹാർത്ഥം നിഷ്കാമമായി കർമ്മം ചെയ്യണമെന്നുമുള്ള കർമ്മയോഗത്തിന്റെ ആവശ്യകതയെ സമർത്ഥിച്ചതിന്റെശേഷം, സർവ്വകർമ്മങ്ങളേയും തന്നിൽ സമർപ്പിച്ചുചെയ്യുക, (൩൦, ൩൧)എന്ന വചനത്താൽ പരമേശ്വരാർപ്പണബുദ്ധിയോടുകൂടി കർമ്മംചെയ്യുക എന്ന ഭക്തിമാർഗ്ഗത്തിലെ മൂലതത്വത്തിന്റെ സൂചനയുംകൂടി ശ്രീഭഗവാൻ ഈ അദ്ധ്യായത്തിൽ നൽകിയിട്ടുണ്ട്. (തുടരും)

—:—

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.